മഹാകവി

# പള്ളത്തിന്റെ കൃതികൾ



## 2–ാം വാല്യം

V. V. PRESS,
QUILON

Rs. 3

## ശ്രീദേവീഭാഗവതം.

പരാശക്തിയുടെ ദിവ്യലീലകളെ ഗദ്യപദ്യസമ്മിശ്രമായി രചിച്ചിട്ടുള്ള ഒരു പുരാണ ഗ്രന്ഥം.

വേദാന്തികൾക്കു് ഉപനിഷത്സാരങ്ങൾ ഗ്രഹിക്കുന്നതിനും, ഭക്തന്മാർക്കു് ശിവ വിഷ്ണു ദേവീ ഗണേശാദി ദേവതകളുടെ സ്തോത്രങ്ങൾ പഠിക്കുന്നതിനും കഥാരസികന്മാർക്കു് ആനന്ദമന്ത്രങ്ങൾ ഉച്ചരിച്ചു അഭീഷ്ടസിദ്ധി വരുത്തണമെന്നുണ്ടെങ്കിൽ അതിനും അത്യുത്തമമായ ഏകായതനമാണു് ഈ ഭാഗവതം. ഇതിനും പുറമേ, ഭൂതഗ്രഹാദിപീഡ, വിദ്യുത് പാതം മുതലായ അത്യാഹിതങ്ങളെ പരിഹരിക്കുന്നതിനുള്ള മന്ത്രതന്ത്രാദി വിധികൾ, ദീക്ഷാവിധികൾ എന്നുവേണ്ട പലേ കർമ്മരഹസ്യങ്ങളും ധർമ്മരഹസ്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

ഒന്നാം ഭാഗം വില രൂ. 4 ണ. 4
രണ്ടാം ഭാഗം വില രൂ. 4 ണ. 4
രണ്ടുപുസ്തകവും ഒന്നായി വാങ്ങുന്നവർക്കു് 8 രൂപാ.

## ബൃഹൽസ്തോത്രരത്നാകരം.

സാരാർത്ഥദർപ്പണവ്യാഖ്യാനസഹിതം.

സംസ്കൃതഭാഷയിലുള്ള സകല നല്ല സ്തോത്രങ്ങളും തിരഞ്ഞെടുത്തു് മലയാളവ്യാഖ്യാനസഹിതം അച്ചടിച്ചിട്ടുള്ളതു്. വില രൂ. 2 ണ. 4

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

ഭാഷാപ്രേമികളുടെ എല്ലാവിധ സംശയ
ങ്ങൾക്കും ഉത്തരം നൽകുന്ന

V. V. ഇംഗ്ലീഷ്—മലയാളം
ഡിക്ഷ്ണറി.

അദ്ധ്യാപകന്മാൎക്കും വിദ്യാൎത്ഥികൾക്കും മററു സാഹിത്തീ ഭക്തൎക്കും സ്ഥാപനങ്ങൾക്കും മററും പററിയ ഒരുത്തമഗ്രന്ഥം. വില രൂപാ 7 അണ 8.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

വിദ്യാഭിവൎദ്ധിനി മാസിക.

(S. T. റെഡ്യാർ ആൻഡ് സൺസ് വക)

എല്ലാ ഇംഗ്ലീഷുമാസവും 10-ാംനു- പുറപ്പെടുന്നു.

എല്ലാ ലക്കത്തിലും വിജ്ഞാനപ്രദങ്ങളായ ഗദ്യപദ്യലേഖനങ്ങൾക്കു പുറമേ ശാസ്ത്രപംക്തി, വിനോദഭാവന, ഹാസ്യഭാവന, ജോതിഷപംക്തി, ബാലപംക്തി, വിജ്ഞാനക്കുറിപ്പുകൾ, ഗാന്ധിസൂക്തങ്ങൾ മുതലായവ ഉൾക്കൊള്ളുന്നുണ്ടു്. ഒററപ്രതി 8 ണ.

വാൎഷികവരിസംഖ്യ 5 രൂ: മാനേജർ.

ജീവരക്ഷാമണി വൈദ്യശാല.

ഞങ്ങളുടെ മേൽനോട്ടത്തിലും ഉത്തരവാദത്തിലും നടത്തിവരുന്ന "ജീവരക്ഷാമണി വൈദ്യശാല"യിൽ ഫലപ്രദങ്ങളായ അനവധി ദിവ്യൌഷധങ്ങൾ എപ്പോഴും തയാറുണ്ടു്. വിശദവിവരം അടങ്ങിയ ക്യാററ്ലാഗിനെഴുതുക:—

മാനേജർ, ജീവരക്ഷാമണി വൈദ്യശാല,
മെയിൻറോഡ്, കൊല്ലം.

## ജ്യോതിഷപുസ്തകങ്ങൾ.

| | രു. | ണ. |
|---|---|---|
| പ്രശ്നമാർഗ്ഗം ൧-ം ൨-ം ഭാഗം | 4 | 12 |
| ഫലദീപിക | 2 | 4 |
| ഭാവകുതൂഹലം | 1 | 8 |
| ദൈവജ്ഞവല്ലഭ | 0 | 12 |
| സ്ത്രീജാതകം | 0 | 9 |
| പഞ്ചപക്ഷിശാസ്ത്രം | 1 | 2 |
| സീതാജ്യോതിഷം | 0 | 6 |
| ബൃഹജ്ജാതകപദ്ധതി | 2 | 4 |
| പ്രശ്നഭൂഷണം | 0 | 6 |
| ജാതകാലങ്കാരം | 0 | 12 |
| സാരാവലി | 4 | 0 |
| ദശാഫലമുക്താവലി | 2 | 4 |
| ജാതകചന്ദ്രിക | 0 | 9 |
| ജ്യോതിഷസാരസംഗ്രഹം | 0 | 9 |
| ടി രണ്ടാംഭാഗം | 0 | 9 |
| ജാതകപാരിജാതകം | 2 | 4 |
| മാധവീയം | 1 | 8 |
| നക്ഷത്രപ്രകാശിക | 0 | 9 |

## തച്ചുശാസ്ത്രപുസ്തകങ്ങൾ.

| | | |
|---|---|---|
| ശില്പകൌമുദി | 0 | 12 |
| വാസ്തുവിദ്യ | 0 | 12 |
| തന്ത്രസമുച്ചയം | 0 | 12 |
| ശില്പിരത്നം | 1 | 2 |
| മനുഷ്യാലയമഹാചന്ദ്രിക | 2 | 4 |
| ശില്പവിജ്ഞാനസംഗ്രഹം | 0 | 12 |

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

മഹാകവി

# പള്ളത്തിൻെറ കൃതികൾ

## 2–ാം വാല്യം

T61
P18
P23
DHARMARAM COLLEGE LIBRARY, BANGALORE.
3940

പ്രകാശകന്മാർ,

എസ്. ററി. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

ഒന്നാംപതിപ്പു കാപ്പി—500.

1124.

NATIONAL BOOK STALL ... KALATHIKAL BAZAAR
CANCELLED

## ഇതിൽ അടങ്ങിയിട്ടുള്ള വിഷയങ്ങൾ.


രക്തവേദി

തൊഴിൽശാലയിലേക്ക്

കാലകല്ലോലം

ഇരുട്ടിലെ വെളിച്ചം

ഭാരതബന്ധു

പള്ളിവാൾ



## "ത്യാഗത്തിന്റെ രക്തവേദിയിൽ" *

ഭാരതം പീതാംബരകാന്തിയാൽ പരീതമായ്
ഭാസിച്ചകാലം—ഭിക്ഷാപാത്രമാർന്നൊരു ഭിക്ഷു!
മഞ്ഞച്ചീവരധാരി നിൽക്കുന്നു ഗൃഹാന്തികേ
മഞ്ജുളമലർ വിരിഞ്ഞുല്ലാര ശിരീഷമോ?
സ്വർണ്ണക്കാരന്റെ വീടാണായതു്; തന്നൊടതൻ-
വർണ്ണത്താൽ സ്വർണ്ണഭ്രാന്തി ഭിക്ഷു വന്നുളവാക്കി.

തങ്കരം കുപ്പിത്തട്ടാനർത്ഥിക്കെ, യകം പൂകി
പൊങ്കട്ടി മണ്ണിൻ കട്ട മാത്രമായ് കണ്ടോൻ ഭിക്ഷു.
അറുത്തുമുറിക്കയാം വളർത്തും പൂങ്കോഴിയെ-
ക്കറിക്കായ് ഗൃഹനാഥൻ അഹിംസാമൂർത്തി മുന്നിൽ!
അന്നേരമൊരു രാജകിങ്കരൻ തട്ടാൻകൈയിൽ
വന്നേൽപിച്ചിതു പട്ടം ചെത്തുവാനൊരു രത്നം
തീപ്പൊരി ചിതറുന്ന ചെഞ്ചോരത്തുള്ളിപോലെ
ദീപ്രമാം രത്നമൊരു പാത്രത്തിൽ വച്ചു തട്ടാൻ
പാകശാലയിലേയ്ക്കു പോകവേ, യന്നൊരു കോഴി-
യാകവേ ചിതറിയ ചെഞ്ചോര കൊത്തിക്കൊത്തി

---

*ബുദ്ധന്റെ ജീവിതകാലത്തു നടന്ന ഒരു കഥ. 'അഹിംസാതത്വം ജനതാമദ്ധ്യത്തിൽ മന്ദമന്ദം പ്രചരിച്ചുവരുന്നതേയുള്ളു. 'ഭിക്ഷു' ശബ്ദം പാലിഭാഷ.

ന്മൃമാം താരത്തെയും വിഴുങ്ങീ; കുറച്ചൊരു
രക്തനീർപുരണ്ടിട്ടു കാൺകവേ, സംഭ്രാന്തിയാൽ.

സുഖത്തിൻ പുരളുവാൽ വൻദുഃഖം വിഴുങ്ങീടും;
അഖണ്ഡാനന്ദമാശയറ്റുത്തേ തേട്ടു ജന്തു.

പൊൻപണിക്കാരൻ രത്നം പാൎക്കവേ കാണുന്നീല;
സംഭ്രാന്തനായി—സത്യം മറഞ്ഞേ സ്ഥിതിചെയ്യും.

സത്യത്തിൻ സ്രവന്തിപ്പൂന്തെളിനീരൊഴുകവേ
നിത്യം തന്നികടത്തിൽ—എങ്കിലും വ്യാമൂഢന്മാർ

തേടുന്നു കാട്ടുംമേട്ടും കയറിപ്പൊയ്യിൻപൊത്തിൽ
ച്ചാടുന്നു—കാണ്മതോൎത്താൻ കാമ്യമത്തിരുവുടൽ!

വീട്ടുകാരാരുംതന്നെശാലായിൽ വന്നില്ലെന്നു
കേട്ടു ഭിക്ഷുവിൻനേരേ വിട്ടുതന്നാഗ്ന്യസ്ത്രങ്ങൾ;

“കാപട്യക്കാറ മഞ്ഞക്കാവിയാലുടിവരെ-
ഗ്ഗോപനംചെയ്തു പട്ടാപ്പകലും കക്കും കള്ള!”

ശാന്തിയാം ചട്ടയിട്ട സമന്തഭദ്രശിഷ്യ-
നേന്തിയ കോപക്കോളിൽ ‘ശാന്തം’മാത്രംചൊല്ലി.

ധൎമ്മമാം തങ്കത്തിന്മേലടിക്കും തോറുമേറും.
നിൎമ്മലകാന്തിയെന്നതറിഞ്ഞോനല്ല തട്ടാൻ!

മാരന്റെ ക്രൂരമ്പിനെ—ക്കാരിരുമ്പിനെ—ശ്ശത്രു-
മാരകശസ്ത്രങ്ങളെ-പ്പൂക്കളായ്മാത്രം കാണ്മോൻ!

സ്വൎണ്ണകാരന്റെ കരച്ചുററിക പ്രഹാരത്താൽ
കണ്ണീരിൻകണം പൊടിഞ്ഞീലതിലെന്താശ്ചര്യം?

ത്തുളച്ചീടട്ടെ മർമ്മസന്ധികൾ, സദ്ധർമ്മത്തെ-
ത്തളർത്താനാകാ കണ്ണീർമറയെത്തുറപ്പിക്കാ.

അഹോ! മെയ്മുറിപ്പെട്ട ചെന്നിണമിററിററുപോ-
യഹിംസാ വിജയത്തിൻ രക്തമുദ്രകൾപോലെ.

ഭൂതകാരുണ്യ ദിവ്യയജ്ഞ ഭൂമിയിലവ
നൂതനമല്ലിച്ചെപ്പാരു തെച്ചിപ്പൂനിരയായി!

അന്നേരംവന്ന രത്നംവിഴുങ്ങിക്കോഴി ചോരും
ചെന്നിണം കൊത്തിക്കൊത്തിക്കുടിച്ചു കൊതിയോടെ

രത്നക്കല്ലൊന്നല്ലിപ്പോൾ വിഴുങ്ങീ കോഴി—ധർമ്മ-
രത്നാങ്കിതാൻ ത്യാഗപൂതമിബ്ഭിക്ഷുരക്തം

അരിശക്കലിപൂണ്ട തട്ടാന്റെ ചവിട്ടേററു
ചരിഞ്ഞുവീണൂ കോഴി! വിഗതപ്രാണനായോ?

മാനുഷ! ചാൺവയററിന്നഗ്നിയിലിടാൻ ശിലാ-
മാനസ! ജീവക്കൊതിന്നിന്നെപ്പോൽ നിറഞ്ഞതാരോ?

കാമത്തിൻ വളർവായിൽ കോപത്തിന്നെരിതീയിൽ
ഭീമമേ! പരജീവനത്രകൊണ്ടെറിയുന്നു?

ശാന്തിമുദ്രിതം ഭിക്ഷുതന്നോഷ്ഠപുടമപ്പോ-
ഴേന്തിയിമ്മൊഴിയമൃതാ "പ്പക്ഷിപാവം ചത്തോ?"

"ഉവ്വെ"ന്നു ജല്പിച്ചുകോടടിക്കാനൊരുങ്ങവേ,
ദ്വാരപാലകരെത്തടക്കിച്ചൊല്ലീ ഭിക്ഷു.

"കോഴിതൻവയറൊന്നു മുറിച്ചുനോക്കീടുക!"
കോപിഷ്ഠൻ മുറിച്ചപ്പോളുൾവീണിതു രത്നം.

ഒരുനാൾ വെളിപ്പെട്ടുമൊളിച്ചുവെച്ചാലു-
മിരുളിൽ; സത്യമെന്നാമത്തച്ചെങ്കതിർ ചൊല്ലീ.

രത്നത്തിൽചെന്താരൊളി മഞ്ഞച്ചീവരത്തിന്മേൽ
രഞ്ജിച്ചു, ത്രിശരണരത്നത്തിൽ നിഴൽപോലെ
അത്ഭുതചരിത്രൻ ചോദിച്ചാൻ "എന്തേ ഭിക്ഷോ."
സംഭവമതുമുമ്പേ പറയാഞ്ഞതു ഭിക്ഷോ?"

വിശന്നു വിവശനാം പക്ഷിക്കു പൂമെയ്പോലു-
മശിക്കാനർപ്പിച്ചോരു ലോകൈകത്യാഗീന്ദ്രന്റെ,
ബിംബിസാരന്റെ, യജ്ഞപശുവിൻ പകരം തൻ-
കംബുകണ്ഠവും നീട്ടിക്കാണിച്ച ഭഗവാന്റെ,
വിശ്വമാദ്യമായ്ക്കണ്ടോരഹിംസാമൂർത്തിതന്റെ
വിശ്രുതദയാസിന്ധുതന്നുടെ—ശിഷ്യനല്ലീ?

"കണ്ടേൻ ഞാൻ കോഴി രത്നംവിഴുങ്ങിപ്പോയ കാഴ്ച
മിണ്ടിയാലതിൻകഥ കഴിക്കും; സാധുജീവി!
കൊടുക്കാനരുതാത്തൊന്നെങ്ങനെ ജന്തുപ്രാണ-
നെടുക്കാനധികാരിയാകു"മെന്നോതീ ഭിക്ഷു.

തട്ടാന്റെ ചിത്തം നെരിപ്പോട്ടിലെപ്പൊങ്കാരത്തിൻ-
മട്ടായി, യഷ്ടിക്കൊപ്പം സാഷ്ടാംഗം പ്രണമിച്ചു-
ചിന്നിനീർപൊരിത്തുള്ളിപോലവേ, ചുടുകണ്ണീ-
രന്നിലും കഴുകവേ, കുടുംബം മാപ്പിരന്നു.

അഹിംസാങ്കുരത്തിനു ചെഞ്ചോരശിഷ്യൻ; പാപി
മഹിതം പശ്ചാത്താപക്കണ്ണീരും നനനൽകി!

തട്ടാന്റെ കുടുംബത്തിലന്നുതൊട്ടുള്ള തഴ-
ച്ചോരേറെവളരുമേ—ധർമ്മമേ ശരണമേ!

---

# എവറസ്റ്റ് കൊടുമുടിമേൽ

(കേക)

൧

'ഗദ്ഘര-ഘര-ഘരം'—മാറ്റൊലിയലയ്ക്കുന്നു!
നിർഘോഷമെന്തോ?—പൊങ്ങിത്താണെന്തോ-
പറക്കുന്നു?

മുത്തച്ഛനാം വെള്ളക്കൂറ്റൻ മുക്കറയിടും നാദം;
മത്തരാം ഭൂതങ്ങളാർത്തലറും കോലാഹലം,
രണ്ടു ഭീഷണഘോഷം കൈലാസശൈലത്തിനു
പണ്ടുതാൻ പരിചിതം; വീണ്ടും ഗദ്ഘര രവം—
വാസുകിക്കയർ ചുറ്റും മന്ദരക്കടകോലാൽ
വാരിധിമഥനത്തിൻ മട്ടവരോർത്തിരിക്കാം.
പണ്ടൊരു പിറാവ, ന്നീയാഗ്നേയൻ പിറന്നിട്ടി-
ല്ലണ്ടർകോനയച്ചെത്തി; യദ്രീശൻ കലികൊണ്ടു

---

൧. ഇംഗ്ലണ്ടിലുള്ള വൈമാനികസംഘം ഈയിടെ എവറസ്റ്റ് കൊടുമുടിമേൽ പറന്നതിനെപ്പറ്റി എഴുതിയതാണു ഈ കവിത. വിമാനത്തിന്റെ ഘര ഘര ശബ്ദം ഹിമാലയത്തിനു പരിചിതമായിരിക്കയില്ലെന്നു സാരം. പക്ഷപാതഹതി=ചിറകടി. ആനകധ്വാനം=പെരുമ്പറയുടെ ശബ്ദം. പണ്ടൊരു പിറാവന്നീ...സുബ്രഹ്മണ്യന്റെ പിറവിക്കുമുമ്പ്, അഗ്നി പിറാവിന്റെ രൂപത്തിൽ ഇന്ദ്രാജ്ഞയനുസരിച്ച് ശി-

യാനിനെപ്പക്ഷദ്വയാഹതിയാൽ പിളൎന്നുകൊ-
ണ്ടാനകലധ്വാനം വെല്ലുമാറൊരു വിഹംഗമമോ?

*  *  *  *

൨

ഭാരത കവീശ്വര ഭാവനാവിലാസത്തിൻ-
പാരമ്യമോൎത്തിരിക്കാം തെല്ലിട, വൈമാനികൻ.
ചെഞ്ചിടക്കെട്ടും, ചന്ദ്രക്കലയും, ഗംഗയാളും,
വെഞ്ചാമ്പൽ വിലേപവു, മരവാഭരണവും,
ഹിമവൽക്കുമാരിയു, മീശനും, വെൺകൂററനും
സുമനോധൎമ്മത്തിന്റെ സുന്ദര സന്താനങ്ങൾ!

ശാന്തിയു, മൗന്നത്യവും, സ്ഥൈൎയ്യവും, സൗന്ദൎയ്യവു-
മേന്തി, നീ സനാതനശക്തിയായ് നിലകൊൾവൂ!

൩

ഭാരത തപോധനൎക്കായുള്ള പകൎന്നേകി
സ്ഫാരഗൌരവം കാത്തുനില്ക്കുന്ന മഹീഭൃത്തേ,

---

വസന്നിധിയിലെത്തുകയും ശിവൻ കോപാവിഷ്ടനാകയും ചെയ്ത കഥ.

൨. ഇന്ത്യക്കാർ കൈലാസത്തിന്റെ സ്വരൂപത്തെ ശിവനായി കല്പിച്ചു വൎണ്ണിച്ചതാണെന്നു വിമാനത്തിലുള്ളവൎക്കു ബോദ്ധ്യപ്പെട്ടിരിക്കും. കററിക്കാടുകളെ ജടയായും, അതകെ കാണുന്ന വെളുപ്പിനെ ഭസ്മലേപനമായും, അടുത്തുകാണുന്ന ധവളരശ്മിയെ പാൎവ്വതിയായും വൎണ്ണിച്ചിരിക്കാം.

൩. മഹീഭൃത്തു=പൎവ്വതം. (രാജാവു്) ജീവ...... ......ന്യം=പ്രാണവായു (Oxygen) വില്ലാത്തതു്. ജീമൂത

"വരിക! വൈമാനിക! വരികെൻ തലയ്ക്കുമേൽ
ചരിച്ചോരില്ലിന്നോളമിച്ചരാചരങ്ങളിൽ!

ജീവവാതകശൂന്യം ജീമൂതപഥോപരി-
യേവമാരഹോ! വീഴ്ച്ചമുട്ടാതെ വിഹരിപ്പോർ?

അക്ഷതതേജസ്സിൻ മുമ്പിൽ മാത്രമേ വിനമ്രത
ശീർഷമാചരിച്ചുള്ളൂ; സ്വാഗതം കാമചാരിൻ!

പ്രകൃതിശ്രീ വാരിപ്പൊഴിച്ച മത്സൗന്ദര്യം
സുകൃതിഭവാനാദ്യം സ്വാദിച്ചു; കൃതാർത്ഥൻ ഞാൻ.

൮

ഭാവനാ ചക്ഷുസ്സൊന്നാൽ കാണേണ്ടൊരെൻ ദിവ്യാകൃതി
കേവലം കണ്ണാൽക്കണ്ട ഭവാനോ ദേവനാകി!

---

...............പരി=മേഘമാർഗ്ഗത്തിന്റെ മീതെ. വിനമ്രത=താഴ്ച. ഹിമാലയത്തിന്റെ ശാന്തി, ഔന്നത്യം മുതലായ ഗുണങ്ങൾ മഹർഷിമാരിലും കാണാം. പ്രാണവാതകമില്ലാത്ത എവറസ്റ്റ് കൊടുമുടിക്കു മീതെ ഇതിനുമുമ്പാരും പോയിട്ടില്ല. അണിമാദി സിദ്ധികളുള്ള മഹർഷിമാർ ഇതിനുമുമ്പു ഈ കൊടുമുടി കയറിട്ടുണ്ടോ എന്നു പറയുവാൻ പ്രയാസം. അവിടെയുള്ള പ്രകൃതി സൗന്ദര്യം ഒന്നാമതായിട്ടാസ്വദിച്ചവരൊന്നു ഈ വിമാനത്തിൽ പോയവർക്ക് തീർച്ചയായും അഭിമാനിക്കാം.

൮. ഇതേവരെ ഈ കൊടുമുടിയുടെ ആകൃതി ജനങ്ങളുടെ സങ്കല്പത്തിനു മാത്രമേ വിഷയമായിട്ടുള്ളൂ. അതു സാക്ഷാൽ മാംസചക്ഷുസ്സുകൊണ്ടു കണ്ട വൈമാനികൻ ദേവനായിത്തീർന്നിരിക്കുന്നുവെന്നു താല്പര്യം. പാദമാൽകഷ്ടപ്പ പ്പി തന്നെ ദേവത്വം. അനേകയുഗങ്ങൾ കഴിഞ്ഞിട്ടും ഈ

നരത്വം സുരത്വമായ് മാറുന്നൊരിടമിതാം;
പരമോൽകൃഷ്ട പ്രാപ്തിക്കിട്ട പേരതുതന്നെ."
തൂമഞ്ഞാം സ്മിതം തൂകി സ്വാഗതമരുളീടാ-
മീമട്ടു കുലശൈല, മുന്നത ശിരസ്സാലേ.
യുഗത്തിൻ ചിരകാലം പറന്നെത്താത്ത ശൃംഗം,
സുഗമം മൂന്നേ മൂന്നു മണിക്കൂറുല്ലംഘിച്ചു;
ഹാ ! മുപ്പത്തയ്യായിരമടി, വൻ ദൂരാരോഹ-
മീ മൂർദ്ധ്വമുടി, യേറി * "സയൻസ്സി"ൻ ചെറുപൈതൽ

---

* ശാസ്ത്രത്തിൻ (പാഠഭേദം.) *

---

സ്ഥലത്തു പോകാൻ ആർക്കും സാധിച്ചിട്ടില്ല. മൂന്നു മണിക്കൂറുകൊണ്ടു് ഇപ്പോൾ അതു സാധിച്ചുകഴിഞ്ഞു. വിമാനത്തിലുള്ളവർ എവറസ്റ്റ് കൊടുമുടിയുടെ മീതെ (൩൫൦൦൦ അടി) പറന്നു.

# ഒരു പ്രശാന്തരാത്രി.

താരാകലാപത്തിന്റെ കാന്തിപ്രവാഹത്തിൽ
നീരാടിനില്ക്കുന്ന നീരദപാളികൾ
നീരന്ധ്രമായിത്തിങ്ങിശ്ശീലപോലവേ
പാരം വിയത്തിൽപ്പരന്നു ചമഞ്ഞുതേ. 1

തിങ്ങിനില്ക്കും മുകിൽമാലാന്തരാളത്തിൽ
മങ്ങിമങ്ങിത്തിളങ്ങീടുന്ന തിങ്കളും,
പൊങ്ങും പുരങ്ങൾ മരങ്ങളിവയിൽനി-
ന്നൊങ്ങും നിലത്തു നിഴൽപ്പാടുകാണ്മീല. 2

ഏകാകിയായി നിലത്തുനോക്കി ശ്രദ്ധ-
യേകാതെപോകുന്ന പാന്ഥവരൻതന്നെ
ലോകാഭിരാമമാം കാഴ്ചയാൽക്കണ്മിഴി-
ച്ചാകാശദേശത്തു നോക്കും ദശാന്തരേ; 3

വാരിവാഹങ്ങൾ പിളർന്നുനീങ്ങി; പ്രഭാ-
പൂരിതനായിപ്പുറമെ പ്രകാശിച്ചു,
ഭൂലോകാനന്ദമാറായി, മനോഹര-
താരഹാരാളീ പരീതനാം ചന്ദ്രനോ. 4

ഐശ്വര്യവിദ്യാദിയെല്ലാമിരിക്കിലും,
ശശ്വൽപ്രസന്നതാഹീനരാം ലോകരേ!
വിശ്വവിമോഹനൻ ചന്ദ്രങ്കൽനിന്നൊരു
ശാശ്വതമായുള്ള പാഠം പഠിയ്ക്കുവിൻ! 5

(i)

# ശിശു.

പിണക്കമിബ്ബാലകശീലമെങ്കിലും,
ക്ഷണം നമുക്കിഷ്ടമറിഞ്ഞിണക്കിടാം;
ഉണർച്ച നൈർമ്മല്യവിലാസമീവിധം
ഗുണങ്ങൾതിങ്ങുന്നൊരു രംഗമാണിവൻ. 1

ഇളങ്കുരുന്നോടിടയുന്നമേനി, നി-
ഷ്കളങ്കമന്ദസ്മിതമഞ്ജുളാധരം,
വിളങ്ങുമാക്കണ്മുന കൌശലാകുല-
ന്നിളക്കലും കൌതുകമേകുകില്ലയോ? 2

അടുപ്പിൽനിന്നും ചെറുകൊള്ളിപോലവേ
പടുത്വമാളുന്നൊരു ചൈതന്യമാമിവൻ
അടുത്തുകൂടുന്ന ജനത്തിനൊക്കെയും
കൊടുത്തിടുന്നൂ മിഴികൾക്കൊരുത്സവം. 3

അനന്തസൌഭാഗ്യമെഴും കുമാരക-
ന്നനർഗ്ഗളോല്ലാസമിദം സ്വയംകൃതം;
നിനയ്ക്കിലേകാന്തത പോലുമീയിവ-
ന്നനല്പസന്തോഷകരം സഭാതലം! 4

ശ്രുതിദ്വയത്തിന്നു സദാ സുധാരസ-
സ്രുതിയ്ക്കു തുല്യം ചില പാട്ടുപാടിയും,
ഗതിയ്ക്കു നാനാവിധമാടി ക്കൂട്ടിയും,
മതിയ്ക്കു നൽകുന്നു മഹാസുഖം ശിശു. 5

(ii) വേഴ്സ്വത്ത്.

# സമുദായകേസരി. *

(കേക)

മാമൂലിൻ മയസ്സുഖാൽ മാർഗ്ഗവും തിരിയാതെ-
യാമൂലം ഞെരുങ്ങുവോർ ഞങ്ങളിലേറെക്കൂട്ടർ;

മറുകൈ പ്രയോഗിച്ചു മൂന്നുപേർ—നാണുസ്വാമി
മുറുകെ, സ്സത്യവ്രതൻ, മാധവൻ-മന്മാഹതം.

ഈയുള്ളോർ പുലരിയിൽപ്പൂങ്കോഴികൂകുംനാദ-
മായിട്ടു കേട്ടു ഭവദുജ്ജ്വലകണ്ഠസ്വനം.

ശ്രീയുത! സൃഗാലന്മാരോരിയിട്ടെങ്ങും പായു-
മാനന്തത്രിയാമയിൽ ഞങ്ങളെ വിട്ടോടിപ്പോയി?

ഈററുനോവേറെത്താങ്ങി യിസ്സമുദായാംബയാ-
ളാററുനോററൊന്നു പെററ പൈതലേ പ്പോററീടവേ,

വിധിതൻ കോട്ടംകൈകൾ-കാരിരുമ്പുകൾ-കാലാ-
വധിതന്നുരമ്പേകടന്നുതന്നു തൻപ്രാണനെ!

ഉയരാനരുത്ത്ര പാവടപോട്ടയിർ പോലും
നിയതിക്കിങ്ങുട്ടകം മക്കളെ പ്പോററാവൂ നീ!

ഏറെപ്പേറിനിയില്ല, യില്ല, യേഴകളെല്ലാം
കീറപ്പായിട്ടു ചേററക്കുടിലിൽ കിടക്കുവോർ!

തട്ടുംതാഴ്വരയുമായ് സ്വച്ഛന്ദം സുഖിക്കയാം
പട്ടമെത്തയിലേറിസ്സവർണ്ണസമുദായം.

ഉറച്ചുതറപ്പുള്ളോരന്നതിൽ നേരേപ്പായ്യാ-
ക്കാക്കില്ലൂണില്ലുടൽ ചെയ്യണം പണി പോലും!

---

* (ശ്രീമാൻ, ടി. കെ. മാധവൻ അവർകളെ, കവി സാധാരണമായി "സമുദായകേസരി" എന്നാണു് വിളിക്കുന്നതു്.

മാനുഷൻ മഹാദർശപ്പാച്ചിലിലൂൻവീഴും
മ്ലാനമൈഹികധർമ്മം വിലവെച്ചീലയല്ലോ.

നീളമല്ലളക്കേണ്ടതാഴം താൻ പ്രളയാന്ത-
നാളോളം നിലനിൽപ്പൂ താവകയശഃകായം.

ജീവിതം മൃതിയിലേയ്ക്കിട്ടോരു പടവത്രേ;
ഭാവിപ്പതെന്തിന്നു നാം ഭയമീബ്ഭവിഷ്യത്തിൽ?

ചെഞ്ചോരത്തുള്ളും ചെറുപ്രായക്കാർ; തന്ദ്രിക്കെഴും
കൊഞ്ചലിൽ മയങ്ങി സ്വകർത്തവ്യം മറക്കവേ,

സഹസ്രാധിക യുവബാഹുക്കൾ സാധിക്കാത്ത
മഹത്താം കൃത്യം കാസരോഗി തൻ കരം ചെയ്തു.

ശ്രീനാരായണദേവച്ചുവടികളിങ്കൽ നിന്നു
ദീനാനുകമ്പാകുലമൊഴുകും ശാന്തശക്തി

നിർജ്ജീവ, മധോഗതിയാണ്ട തത്സമുദായ-
മുജ്ജീവിപ്പിപ്പാനൊരു പുഴപോലൊഴുകിയോ?

അവ്വിധം ഭാഗീരഥപ്രയത്നം ചെയ്താബ്ഭവ്യൻ
നവ്യമാം പ്രബോധത്തെ നമ്മളിൽ നട്ടുപോയി!

ദേവൻെറ മുമ്പിൽ കാണും കരിമ്പാറയെ, നെററി-
ത്തുവെപ്പാൽ- കാഴ്ചവെച്ചു കനകക്കട്ടിയാക്കി.

പകർന്നുകെടാറായ വിളക്കിൽ സ്നേഹം; മങ്ങി-
പ്പുകയും സ്വാഭിമാനമിളക്കിജ്ജ്വലിപ്പിച്ചു.

ശാന്തഗംഭീരം, കാര്യക്ഷമതാശംസി ഭാവം
കാന്തവീചികൾ തള്ളിയലയ്ക്കും ശബ്ദം ഹാ! ഹാ!

കനലിന്നുണ്ടോവീണ്ടും തേജസ്സ് വളത്തലും;
പുനലിന്നുണ്ടോ പുനരാർദ്രതവരുത്തലും?
നിസർഗ്ഗാനുഗ്രഹംതാൻ താങ്കളിൽപ്രതാപവും;
സ്വസംഘം തപിക്കവേ കാരുണ്യം തളിക്കലും.

താഴിട്ടുപൂട്ടീടിന ഭാഗ്യക്ഷേത്രത്തിന്റെ
താഴികക്കുടത്തോളമുയരാൻ തരംനോക്കി
കവാടം കുത്തിത്തുറന്നുൾപ്പൂകാൻ പുറപ്പെട്ട
ഭവാനെ ധർമ്മയുദ്ധഭടനായ് കാൺമൂ ഞങ്ങൾ!
ചെറുകത്തിയാൽ ചെത്തിച്ചെത്തിത്തന്നഭിമാനം
വാററിവിൽക്കയാം മുററുമീഴവസമുദായം.
ഉഴറിസ്വാഭിമാനമുന്നത്താനതിൻനേരെ-
ച്ചുഴററിയെറിഞ്ഞു സച്ചരിതൻ ചക്രം പാടേ-

സഹ്യാദ്രിസാനുക്കളിൽ മാത്രമല്ലയേ! വീര-
സിംഹ, ദുഷ്പ്രഭുത്വത്തിൻ ദുരഹങ്കാരം പാടേ
മസ്തകം താഴ്ത്തുമാറു, നീട്ടുറെറാരുഗ്ഗർജ്ജിതം
നിസ്തുലം ഹിമവാനിൽ മാറെറാലിക്കൊള്ളേണ്ടതാം
നിങ്ങളിൽ നിലീനമായുദയാചലത്തോളം
പൊങ്ങുമാച്ചൈതന്യത്തെ ഞങ്ങളിൽപകന്നാലും?
മണ്ണിലോ ശബ്ദിക്കേണ്ടു മാധവ! പാഴൂഴിയിൽ
വിണ്ണിനെച്ചുമക്കേണ്ട കരുത്തേറിയ ശക്തി
എണ്ണിയാൽ കാലോഹരി കഴിഞ്ഞീലതിൻ വ്യാപ്തി-
യുണ്ണിയായ്പിറന്നാവൂ; സംഘത്തെപ്പുണന്നാവൂ.

—:*:—

# സുകുമാരസൃഷ്ടി.

---

പാശ്ചാത്യദേശാംബരമാർന്നു മന്ദം
പൌരസ്ത്യനാദിത്യനധഃപതിപ്പൂ;
പാടത്തുടൻ പഞ്ജരമുക്തർപോലെ
മാടപ്പിറാവിന്നിണ വന്നണഞ്ഞു. 1

തത്തിക്കളിച്ചും വരിനെല്ലു മെല്ലെ-
ക്കൊത്തിക്കൊറിച്ചും ചിറകിട്ടടിച്ചും,
രസിച്ചു രമ്യാകൃതിപൂണ്ട രണ്ടും
ദാമ്പത്യസമ്പത്തു വെളിപ്പെടുത്തി. 2

മന്ദം മരുല്ലോളിതമായി നാലു-
പാടും ക്രമം മർമ്മരമാർന്നിടുന്നു;
തങ്കക്കതിർപ്പൂങ്കുലചാർത്തിയെങ്ങും
താരാപഥം—നിൽപ്പു തനിച്ചു ഞാനും. 3

സ്വതഃ ശുനാസീരധനുസ്സമച്ചു
പുട്ടിയിട്ടുള്ളൊരു പൂവൽ മെയ്യിൽ
ആരക്തനായസ്തമരീചിമാലി
ചെഞ്ചായമിട്ടേറെ മിനുക്കിടുന്നു. 4

ഇവൻ, ദരാശീതളഗന്ധവഹത്താൽ
സംഭാവനം ചെയ്വതു കണ്ടിരിക്കാം:
വിശുദ്ധചൈതന്യമെഴുന്നിവയ്ക്കു
വിപത്ഭയം തീണ്ടിയതില്ല തെല്ലും. 5

പാരാവതം വാരൊളി മെയ്യിളക്കി-
ക്കൊഞ്ചിപ്പുറം പൂഞ്ചിറകിട്ടടിക്കെ,
മനുഷ്യവാക്കിൻെറ പതിന്മടങ്ങു
ശക്ത്യാ മിഥോഭാവമറിഞ്ഞുകൊൾവൂ! 6

മനുഷ്യസാധാരണമായിട്ടും വാക്-
സല്ലാപമില്ലായ്ക നിനക്കു ഭാഗ്യം:
പരാപവാദങ്ങൾ പരത്തൽ മാത്രം
സമസ്തജാതിക്കും തൊഴിലാക്കി മർത്ത്യൻ! 7

കപോതമേ, നീയൊരു കാമചാരി,
വിഹാരി വൈഹായസവീഥിയിങ്കൽ;
വിമാനവും വേണ്ട— നിനക്കു നീ താൻ
വിശിഷ്ടമാലംബ, മിതെത്ര ധന്യം! 8

കാന്താന്തികം വിട്ടു കപോതി മുന്നിൽ
ചരിപ്പു നാലഞ്ചടി ചാരുചേഷ്ടം:
രക്ഷാബലത്താലബലാനിരയ്ക്കു
നാഥാന്തികേ ധീരത കണ്ടു ഞാനും. 9

ഒരാമിഷാത്മംഭരി നിന്നടുത്തു
ലാക്കോടു ലാത്തുന്നളവും വിശങ്കം
ചിന്തിപ്പതുണ്ടാം ശിബിയെന്നയാളെ-
ശ്ശിശുക്കൾ തൻ ചേതന ചെന്നെഴും നീ. 10

മനോജ്ഞ വസ്തുക്കളിൽ മർത്ത്യദൃഷ്ടി
വിനോദനാർത്ഥം വിഹരിപ്പു: പക്ഷേ,

കണ്ടോ കുമാരാപ്പുണ്ണചിന്തകൂടി-
ക്കണ്ടോത്തരം ചെയ്‌വു കരാളലീലം! 11

ഏള്ളും നിനപ്പീല പരന്നു ദോഷ-
മേകുന്നതായൊന്നുമകല്മഷൻ നീ!
സമാനമോ ഭാവന? കാരിരുമ്പു
കടഞ്ഞെടുത്തുള്ള കണ്ഠത്തടത്തിൽ? 12

അഹോ, മഹാസ്നേഹകടാഹമൊന്നിൻ
ദുർഗ്രഹമാകും പരിണാഹശക്തി
ധരിച്ചൊരാളാം കവിയെങ്കി,ലെങ്കൽ
സ്ഫുരിച്ചിതപ്പോളുള്ളു—ഞാൻ കൃതാർത്ഥൻ! 13

വലത്തുകൈയിൽ സുധയും കരാള-
കാകോളമന്യത്തിലുമൊന്നുപോലെ
വഹിച്ചുകാട്ടുന്ന വസുന്ധരേ, നിൻ
വൈചിത്ര്യവൈജ്ഞാനികരോ കവീന്ദ്രർ? 14

പരൻ പുമാൻ പണ്ടു പതത്ര, ദത്താ-
ത്രേയന്നു വിജ്ഞാനധനം വളർത്തി
നിർമ്മംഗളാകാരമെടുത്തു; പാരാ-
വതാഭിധാനത്തിനു പാത്രമായ് നീ. 15

മാൺപാർന്ന പൈമ്പീലിയെയും മയക്കാൻ
പോരുന്ന നിൻ പൂഞ്ചിറകിൻ പുടം മേ
ഉണ്ടെങ്കിൽ ഞാൻ സ്വൈരവിഹാരലോലം
പറന്നിടും നിൻ പിറകെപ്പിറാവേ! 16

ഗൃഹസ്ഥവൃത്തിയ്ക്കു വിഘാതമേതും
വിഹംഗ, ബാധിക്കുവതില്ലയല്ലീ?
ചിത്തേ വിപച്ഛങ്കകൾ സൌഖ്യമാർന്ന-
സത്തേ, നിനക്കില്ലതുതന്നെ ഭാഗ്യം. 17

പ്രാപഞ്ചികൈകശാസ്ത്രപരായണത്വം
മാത്രം മനുഷ്യൻ കരുതുന്ന കാലം
സ്വാഭാവികം സന്തതജീവിതശ്രീ
വാഴ്ത്തും പ്രയത്നം കവിതേ, വൃഥാ തേ! 18

---

# സേവിനീരത്നം.

---

(കേക.)

## I

അന്നത്തെ നൈരാശ്യാകാരമിരുളിൻ ചുരുളിനാൽ
മറന്നമായ് പ്രകൃതിതൻ ദുർല്ലളിതാംശംപോലെ

---

സംഗ്രാമസിംഹൻെറ മരണാനന്തരം രാജ്യാവകാശിയായ 'ഉദയസിംഹൻ' ശിശുവായിരുന്നതിനാൽ വൈമാത്രേയനായ വിക്രമജിത്താണ് ഭരണാധികാരം കൈയേററത്. സാമന്തന്മാരും സചിവന്മാരും പ്രജാസമുദായവും വിക്രമജിത്തിൻെറ ദുർഭരണത്തിൽ അതൃപ്തരായ് സംഗ്രാമസോദരനായ പൃഥ്വീരാജൻെറ അനൌരസപുത്രനായ 'വനവീര'നെ മീവാര റീജൻറായി നിശ്ചയിച്ചു. കുടിലാശയനായ വനവീരൻ മീവാരാധിപത്യം നിർബ്ബാധം സ്വായത്തമാക്കുവാൻവേണ്ടി വിക്രമജിത്തിനെ വധിക്കുകയും ഉദയസിംഹനെ സംഹരിപ്പാനൊരുങ്ങുകയുംചെയ്തു. ആ ഘട്ടത്തിലാണ കഥാവതാരം.

രാജപുത്രരുടെ ഇടയിൽ ക്ഷുരകന്ന പാചകവൃത്തികൂടിപ്പതിവാണ്. പ്രസ്തുത ക്ഷുരകൻെറ വംശക്കാർക്കു പരമ്പരാഗതമായ് ആ രാജധാനിയിൽ അന്നെയാണ പ്രവൃത്തി. അതിർകവിഞ്ഞ രാജഭക്തിയും അയാൾക്കുണ്ടായിരുന്ന * * * * ധാത്രിയായ 'പന്ന' കണ്ണീരും കൈയുമായ് പിറേറന്നാൾ അവിടെനിന്ന് ഒഴിഞ്ഞുമാറി നിശ്ചിതസ്ഥലത്ത് ക്ഷുരകനോടു യോജിച്ചു. വനാന്തരത്തിലും ഗിരിപഥത്തിലും ഗൂഢമായി സഞ്ചരിച്ച് അവർ രാജശിശുവേ ഒരു ആപ്തബന്ധുവിൻെറ വശം ഭരമേല്പിച്ചു. കൃതകൃത്യയായ് 'പന്ന' ശൂന്യഹൃദയത്തോടെ മടങ്ങി. വനവീരൻ വംശവിച്ഛേദം വന്നു എന്നു കരുതി നിശ്ചിന്തനായി നാടുവാണു. ഉദയസിംഹന് പ്രായപൂർത്തി വന്നതോടുകൂടി 'പന്ന' ആ രഹസ്യം സാമന്തന്മാരെ ധരിപ്പിക്കുകയും, അവർ നീചാശയനും പ്രജാദ്രോഹിയുമായ വനവീരനെ രാജ്യഭ്രഷ്ടനാക്കി ഉദയസിംഹനെ വാഴിക്കയും ചെയ്തു.

ആലോകനാലോചനാതീതമായെന്തൊക്കെയു-
ണ്ടീലോകയവനികയ്ക്കന്തരാ നടക്കുന്നു?

ഭൂതത്തിൻ ധ്വനി വാനിലലയ്ക്കുന്നിതു നീളെ
വാതനീതമായ് വർത്തമാനമർമ്മരം കേൾപ്പൂ!

നേപഥ്യസ്ഥിതൻ മാത്രം നേരറിയുന്നു, ഭാവി
ഗോപനം ചെയ്യുന്നു തൻ ചെറുനിശ്വാസംപോലും!

ഉദ്ഗീയമാനമാകുമപദാനത്താലാർദ്ര-
വർഗ്ഗീയസ്വാഭിമാനം കാത്തൊരാദർശഭൂപൻ.

സിംഹസാഹസികൻ ദുർബ്ബലബാഹുവിൽ ഭദ്രയം-
രംഹസ്സു പുലർത്തുമന്നാമംസംഗ്രാമസിംഹൻ

ആ രക്തം നിജപിഞ്ചുഞരമ്പിലൊഴുകീടും
വീര കൌമാരകാന്തിയേന്തുമാ'സ്സിംഹ'ക്കുട്ടി-

'ഉദയൻ' ശയിക്കുന്നു സൗവർണ്ണപര്യങ്കത്തി-
ലുദയാചലോപരി ബാലഭാനുവെപ്പോലെ-

അത്താഴമമൃതേത്തു കഴിച്ചത്തിരുമേനി-
യത്തവ്വിൽ നിദ്രാമാതിൻ മാറിൽ വീണതേയുള്ളു.

'കളിച്ചുകളിക്കാനു, മോടാനും, ചാടാനും; പൈ-
ങ്കിളികൾ പറക്കാനും; പൂക്കൾക്കു വിരിയാനും

ഏതോരു ശില്പി തീർത്തു വെച്ചതാണിതു വിധം
ചേതോലോഭനമായ ലോക'മെന്നോർക്കും ബാലൻ

ആയതമുപജാപവല്ലി വൻ വിഷലിപ്ത-
മായാമോ തലയ്ക്കുമേൽ വീഴുമെന്നോരാവതോ?

പണ്ടുദയ്പൂരത്തെ രാജധാനിയിൽ ധാത്രീവൃത്തി-
യാണ്ടു സദ്വംശമൊന്നിൽ സംജാതയല്ലോ 'പന്ന',*

ജീവനരസായനദാത്രിയാളെന്നെയ്യും ദു-
ർദ്ദൈവത്താൽ പിരിഞ്ഞിവൻ ധാത്രിയിൽ സമർപ്പിതൻ.

തന്നിൽ നിക്ഷിപ്തമായ നിക്ഷേപഭാരം 'പന്ന'
മന്നിലേതിനെക്കാളും മാഹാത്മ്യമേറിക്കണ്ടു.

തന്നുടെ നികടത്തിൽ സ്വന്തപുത്രനും ശയി-
ക്കുന്നു; തങ്ങൾക്കൊരേകയേ തായയ്യു താങ്ങായുള്ളൂ!

മാംപൂവിൽ നിന്നടുത്ത മല്ലികമലർത്താരത്തിൽ
മാറിമാറിപ്പറക്കും രണ്ടു വണ്ടുകൾ പോലെ

പ്രേമശീതളമാകുമാനീലനയനങ്ങ-
ളോമനക്കുമാരരിലങ്ങിങ്ങും വിഹരിച്ചു.

"ഇന്നൊരു കളിത്തോഴനിക്കൊച്ചുതിരുമേനി-
യ്ക്കേകപുത്രസമ്പത്തൊരുനാൾ യുവാവായി,

ഇന്നത്തെപ്പോലെയന്നുമീ മീവാരാധിപന്റെ
സന്നിധിതന്നിൽപ്പടക്കളത്തിൽ ഭടനായോ,

ആസ്ഥാനമണ്ഡപത്തിൽത്തന്നെയോ—ഭാവിശുഭ-
സംസ്ഥമാണെല്ലാം—പെരുമാറുവാനിടവരാം.

സ്വാമിക്കും ഭൂമിക്കുമായ് ക്ഷേമിപ്പാൻ മാത്രം ഭൃത്യ-
നാമിവൻ ഗാത്രംപോറ്റിപ്പോരുന്ന നിസ്സ്വാർത്ഥ ഞാൻ

പമ്പരം, പാവ, പന്തിക്കളിക്കോപ്പുകളെന്നും
പല്ലവമൃദുലമാം പാണിയിൽ ചെങ്കോലേന്തി.

---

*രത്നം.

പന്നാ തൻ പിഞ്ചുഭാമം ഭാസിക്കാനിടയാകു-
മന്നാത്തെക്കളുഫലമിന്നു ഞാൻ സ്വപ്നം കാണ്മൂ!”

അഭിലാഷമേ! ജ്യോതിർമ്മയമാം പരിവേഷ-
മഭിരമ്യമായ് ച്ചാർത്തും നിൻ തലയ്ക്കുമേൽ ചിത്രം!

ii

രാജാന്തഃപുരമെന്തോ ശബ്ദോർമ്മിമാലാകുലം;
രാത്രിതൻ നിശ്ശബ്ദത ഭേദിച്ചു കോലാഹലം.
“വിക്രമജിത്തി”ന്നന്ത്യശ്വാസത്താലവരോധം
വിസ്തൃതം പ്രതിധ്വനിപ്പിച്ചിതാ വനവീരൻ

ചോരുന്ന നിണമണിക്കൈവാളുമുലച്ചുകൊ-
ണ്ടാരുണ്യകമുഷ്ടമാം കണ്ണാൻ രണ്ടാം കംസൻ,
“ഉദയൻ” സ്വൈരം പള്ളിക്കുറുപ്പുകൊള്ളുംമുറി-
യ്ക്കുഴറിവരുന്നെന്നാക്ഷുരകൻ കഥിക്കവെ,
തന്മനോമന്ദിരത്തിൽ ജ്വലിക്കും രാജഭക്തി
തത്ക്ഷണവ്യാമോഹത്തിൽത്തെളിയും വഴി കാട്ടി.

പൊന്നക്കസവണിപ്പൂമ്പട്ടുടുപ്പു കുമാരന്റെ-
യംഗത്തിൽ നിന്നഴിച്ചു തൻപുത്രന്നണിയിച്ചു.
ധാത്രീനന്ദന, മറുജന്മത്തിൽ നിനക്കൊരു
ധാത്രീശബാലനാവാൻ യോഗമുണ്ടായേക്കാമോ?
ഭൂപബാലനെ ക്ഷണം കൊട്ടയിലാക്കിബ്ബന്ധു-
നാപിതൻ വശമേല്പിച്ചയച്ചാൾ ധർമ്മവ്രത.

പ്രസ്ഫുടം കേട്ടു പാദവിന്യാസശബ്ദം; ദ്രുതം
പ്രച്ഛദപടം പൊങ്ങി! മാതൃമാനസം താണു.

“എങ്ങുനിന്നുദയൻ ചൊൽകെ”ന്നുടൻ വന്ദ്യവീരൻ
പൊങ്ങുന്ന ദൌഷ്ട്യത്തോടും പന്നയോടലറവേ,
മാതാവിൻമനസ്സോട്ടു മടിച്ചു മറുപടി-
യ്യേകാ, താന്നുംഗനമം വീറപൂണ്ടിത്തു ഗളനാളം;
അക്ഷരമൊന്നുമോഷ്ഠപുടമുദ്രയെ ഭ്ഭേദി-
ച്ചുക്ഷണംപുറപ്പെട്ടില്ല, ഗ്ഗംഭീയത്തുചെയ്തു.
വാളിൻെറയഗ്രകൊണ്ടതിളങ്ങി; ചെറുഗള-
നാളികമ്പിങ്കലൂടെ ച്ചെറുരോദനം പൊങ്ങി.
അവ്വായുവിൽച്ചെന്നലയുണ്ടാക്കുംമുമ്പി-
ലാത്മജനേറി ലോകതാതൻെറ തിരുമടി.
എത്രധാത്രിമാരെത്രധാത്രീനന്ദനർ വിശ്വ-
ചിത്രത്തിൽ മാഞ്ഞുപോയി; പന്നേ! നിൻ-
(പരിത്യാഗം

കനകച്ഛായമെന്നു മനശ്ശോഭോജ്ജ്വലമായ്ത്താൻ
ജനമാനസമാകർഷിപ്പു! നീ മഹാദർശം!
മധുപന്മാക്കും മന്ദമാരുതപോതത്തിന്നും
മധുരാസവവും തന്മണവും നൽകുംപൂവേ!
തവജീവിതം കാമ്യമാണെങ്കിലൊരു വംശ-
മവനംചെയ്ത ജീവന്നെത്ര ധന്യതവേണ്ടാ?
പരാർത്ഥം—അതുതന്നെസ്വാർത്ഥം—അർപ്പിക്കുന്ന
പരാർദ്ധ്യം—ആയുസ്സൂന മമ്ലാനമായേ നിൽക്കൂ.

# മഹാകവി ആശാൻ.

---

(കേക.)

ആശാന്ത മലതല്ലും വാസനാ വിഭവം പൂ-
ണ്ടാശാന്റെ മലർവാടി സർവ്വത്രരമണീയം!

ഉത്തമോദ്യാനപാല! നീണാളിക്കൈരളിക്ക
പുത്തൻതേന്മലരണിയമ്ലാനമാല്യം തീർക്കൂ!

ഏതൊരു കുശലമാം തൂലിക ചലിക്കുമ്പോൾ,
ജാതമാം മൃദുനാദം വൈദ്യുതവീചിപോലെ,

പതിനെട്ടോളം ലക്ഷം സുപ്തസിംഹർക്കാ സിരാ-
തതിയിൽ ചേർപ്പൂ നവജീവൻ—ജയതു ചൊൽക!

ബിസിനീതന്തുപോലും തൻ വിപഞ്ചിയിൽ ചേർന്നാൽ
വിവിധം വിമോഹനരാഗവിസ്താരം ചെയ്വൂ!

ഗ്രാമവൃക്ഷാഗ്രസ്ഥിതകോകിലകലാലാപ-
മീമലയാളമാകെ മാറെറാലി മുഴക്കീലേ?

മററുള്ളോർ ശൂന്യശുക്തി തപ്പുമ്പോൾ, സൂക്ഷ്മദൃക്ക
മുററും മുത്തുകൾ വാരി വ്യാപാരമാരംഭിപ്പൂ!

'കാട്ടുകണ്ണി'ട്ടുനോക്കീ ചിലർ; എങ്കിലും, നല്ല-
നോട്ടക്കാർ വില കണ്ടൂ; സാഹിതീമണികാര!

അന്തർവാഹിനിപോലെ സന്തതമാദ്ധ്യാത്മിക-
ചിന്തതന്നനുസ്യൂതഗതി തേ കാവ്യമർമ്മം.

സ്വാതന്ത്ര്യരാജ്യത്തിന്റെ സമ്രാട്ടിൻ വൈതാളിക!
ഗീതങ്ങൾ പാടിപ്പൊങ്ങിപ്പറക്കൂ! പുംസ്കോകില!

---

# കൊച്ചി ശക്തൻതമ്പുരാൻ.

---

(കൊച്ചിരാജ്യം വാണിരുന്ന ശക്തൻതമ്പുരാൻ വലിയ പരാക്രമിയായിരുന്നു. ഇന്ന് പരിഷ്കാരം നിറഞ്ഞു കാണുന്ന തൃശ്ശിവപേരൂർ പട്ടണം പണ്ട് കാടായ് കിടന്നിരുന്നു. വടക്കുന്നാഥക്ഷേത്രമൈതാനം തേക്കുമരങ്ങൾ വളർന്നു ഭയങ്കരമായ ഒരു വനപ്രദേശമായിരുന്നു. തെക്കേ ഗോപുരം കടത്തി വിടുകയായിരുന്നു അന്നത്തെ വധശിക്ഷ. ശക്തൻ തമ്പുരാനാണ് കാടു വെട്ടിത്തെളിയിച്ച് നാടാക്കിയത്. വടക്കുന്നാഥക്ഷേത്രത്തിന്റെ അടുത്താണ് പാറമേക്കാവിൽ ഭഗവതിക്ഷേത്രം. കാടുവെട്ടുമ്പോൾ, ഭദ്രകാളിയുടെ കോമരം തുള്ളി അച്ഛ (ശിവ)ന്റെ ജടയാണെന്നും ഒരിക്കലും അതു നീക്കിക്കളയരുതെന്നും രാജാവിനെ അറിയിച്ചു. ആക്കളൂർക്കാമരത്തിന്റെ തല വാൾകൊണ്ടു വെട്ടി വീഴ്ത്തിയ വിക്രമിയാണ് ഈ തമ്പുരാൻ.)

പാരം തഴച്ചു പല തേക്കുമരങ്ങൾ ചുറ്റും
ഘോരം വളർന്നു വനസന്നിഭമായി മുന്നം
ഈ രമ്യമായ ശിവമന്ദിരഗോപുരത്തിൻ-
പാരത്തെഴും സ്ഥലമതീവഭയം വളർത്തി.

കാലാഹിവൃന്ദമവിടെക്കൂടു ദുർവ്വിഷത്തീ-
ജ്വാലാകലാപമൊടു ചീറി നടന്നിരുന്നു.
ആലാക്കിലങ്ങു ഭയദേവത പല്ലിളിച്ചു
ലീലാവിലാസപരയായ് കുടികൊണ്ടിരുന്നു.

ഏകാകിയായൊരു മനുഷ്യനുമാവഴിക്കു
പോകാൻ തുനിഞ്ഞിടുകയില്ല ഭയം നിമിത്തം
അക്കാലമപ്പരിസരം ബഹുഭീമമാക-
മാകാരമാർന്നു വിജനസ്ഥലമായ്ഭവിച്ചു.

തേജസ്വിയായുജ്ജ്വലകുമാരനൊരു ‘ശക്ത’നെന്ന
രാജർഷഭൻ ശിവപുരത്തരുളുന്ന കാലം
ആ ജന്തു സഞ്ചയ നിഷേവിതമാം പ്രദേശം
വ്യാജം വെടിഞ്ഞു വെളിവാക്കുവതിന്നൊരുങ്ങി.

ഭൂവല്ലഭൻ സ്വപരിചാരകരോടുകൂടി-
പ്പൂവമ്പവൈരിയുടെ ഗോപുരദിക്കിലെത്തി,
‘ആ വന്മരങ്ങളെ മുറിച്ചു കളഞ്ഞു വേഗ-
മാവശ്യമുള്ള വഴിവെട്ടുവിനെ’ന്നുരച്ചു.

മാടാവനീരമണ കല്പനകേട്ടു * ‘തേക്കിൻ-
കാടാം’ പറമ്പിലെ മരങ്ങൾ മുറിച്ചനേരം
ഊടാർന്ന കാളിയുടെ കാവിലെഴും വെളിച്ച-
പ്പാടാശ്ശു തുള്ളിവരവായ്ക്കനയാളിളക്കി.

“ആരാണമജ്ജനകനുള്ള ജടാധരാത്ത-
ധീരാശയത്വമൊടു വെട്ടിമുറിപ്പതിപ്പോൾ?
ആരാകിലും കഠിനശിക്ഷനുഭവിക്കു”മെന്നു
ഘോരാട്ടഹാസമൊടു കോമരമുച്ചരിച്ചു.

“ക്രൂരാശയൻ കൊടിയ ദുർമ്മതി ടിപ്പുസുൽത്താൻ
പോരാർന്നു പുണ്യനിലയങ്ങളശുദ്ധമാക്കി
മാരാരിതൻ പ്രതിമ തട്ടിയുടച്ചു ‘കട്ടി-
ച്ചോറാ’ക്കിയോരളവു നീയെവിടെഗ്ഗമിച്ചു?

---

* വടക്കുന്നാഥ ക്ഷേത്രമൈതാനത്തിന്ന് ഇപ്പോഴും തേക്കിൻകാട്” എന്നാണ് പേര്.

നാട്ടിന്നു നന്മയെ വരുത്തുകയാണു് ഭൂമി-
രാട്ടിൻെറ ധർമ്മമതുഞാൻ നിറവേററുമല്ലോ;
പാട്ടിൽ പെട്ടന്നൊരുവനെന്നു നിനച്ചു പിട്ടു-
കാട്ടിപ്പുകിട്ടുവതിന്നായ്ത്തുനിയേണ്ട പോക!"

ഈ വാക്കുകേട്ടളവു കോമരമുഗ്രകോപ-
ഭാവാഗ്നികത്തിയെരിയുംപടി കണ്ണുരുട്ടി
ഭാവാന്തരത്തൊടുമലച്ചു പൊലിച്ചു തൻെറ
കൈവാളുകൊണ്ടു തലവെട്ടുവതിന്നൊരുങ്ങി.

ആ വാളു മൂർച്ചു കറവായതു മൂലമന്നു
ദൈവാൽ ശിരസ്സു ചുടുചോര ചൊരിഞ്ഞതില്ല
ഭൂവാനവേശനതുകണ്ടളവുററ രോഷ-
ഭാവാലുയർത്തി യുരഗോപമഘോര ഖഡ്ഗം.

"ഇശ്ശക്തനായ വസുധാവരനോടിമ്മട്ടം
ദുശ്ശങ്കയെന്തിനു വൃഥാപി തുടന്നിടുന്നു?
നിശ്ശങ്കമച്ചുറിയന്നിന്നസിവല്ലിയേക്കാ-
ളിശ്ശക്തിയുള്ള കരവാളിനു മൂർച്ചകൂട്ടം."

ഈ മട്ടിലത്ഭുത മനോബലശാലിയാക-
മാമന്നവൻ കുപിതനായരുൾചെയ്ത ശേഷം
ഭീമം കൃപാണിക ശിരസ്സിലടിച്ചിറക്കി-
യാമർത്ത്യനുള്ള തനു കാലനു കാഴ്ച വെച്ചു.

ആ രാക്ഷസദ്രുമകുലങ്ങൾ മുറിച്ചു പിന്നീ-
രാമാജ കേസരി ഗഭീരവനം മുടിച്ചു;
മാരാരിതന്മഹിതമാം മണിഗോപുരത്തി-
ന്നാരാൽ പ്രദക്ഷിണ പഥങ്ങളുമെല്പ്പെടുത്തി.

ആ മട്ടനശ്വരയശസ്സു പരത്തി, മാട-
ഭൂമണ്ഡലത്തിനൊരു ഭൂഷണമായി ഭൂപൻ
ഭീമപ്രവൃത്തികളനേകവിധം നടത്തി
ക്ഷേമം പ്രജാവലിയിൽ നട്ടു വളർത്തിവാണു.

---

## ഒരു സായംസന്ധ്യ.

ശാന്തസുന്ദരമായ്ക്കാൺമൂ
സന്ധ്യ താപസിപോലവേ
രക്തപ്രഭാരഞ്ജിതനായ്
രവി താഴുന്നിതാഴിയിൽ. ൧

പ്രതാപമററ വൃക്ഷക്ക്-
പ്രശാന്തകരമണ്ഡലം
പ്രതിബിംബിച്ചു വാരാശി-
പ്പുറമൊന്നു പകർന്നുപോയ്. ൨

ഉണരുന്നൊരീ മഹാസമു-
ദ്രത്തോർമ്മികളങ്ങളെ
ഇടിവെട്ടുന്ന മട്ടിപ്പോ-
ളടിച്ചലറിടുന്നിതാ! ൩

വിലോഭനീയമദ്രിവ്യ-
വലോകനവശാച്ചിരം!
ഏകാന്തചിന്ത കൈവന്നി-
ട്ടുള്ളം നീയിളകാഞ്ഞിലോ, ൪

ബാലേ! നിൻ ശീലമിക്കാലം
ലീലാലാലസമല്ലയോ?
പേലവം മതി ലോകരാ-
ലോലമല്ലെന്നു ചൊന്നിടാം. ൫

പരംജ്യോതിഃപ്രവാഹത്തിൽ
നിരന്തര നിമഗ്നനായ്
നീ! രമിപ്പൂ! നിർമ്മലാത്മൻ!
പരമജ്ഞേയമാം വിധം.

വേഴ്സ്വത്ത്.

## ജീവിതക്കടൽക്കര. *

(അന്നനട)

സുരഭിലമായ സുമനസമൂഹവും,
സുരുചിരച്ഛദചിതാംബരശ്രീയും,
അണിഞ്ഞുകൊണ്ടിതാ മദീയമേനിയി-
ലണഞ്ഞിരിക്കുന്നു മനോജ്ഞമാധവൻ.

അളികുലം മൂളിക്കളിച്ചിട്ടുന്നൊരു-
മൊളിതിരളുന്ന വിഭാതവേളയിൽ
മരുൽക്കിശോരനും നിഴലുമായ് മന്ദം
മനോഹരലീലാവിലാസമാളുന്നു.

മദീയമാനസതടാന്തരത്തിൽ നി-
ന്നുദിച്ചിട്ടുന്നൊരു മധുരനിർഝരം
തുഷാരമഗ്നമാമുഷസ്സുപോലവേ
പ്രഹർഷധാരയിൽക്കുളിച്ചു കണ്ണുകൾ.

കലിതരവം വീണാഗുണങ്ങൾപോലവേ-
യൊലിച്ചിട്ടുന്നയിരുടലിലെങ്ങുമേ,
അലകളങ്ങടിച്ചലറിടുന്നതാ-
മിവന്റെ ജീവിതക്കടൽക്കരതന്നിൽ
തനിച്ചുലഞ്ഞിടുന്നിതാ കഥിക്കയെ-
ന്നനന്തജീവിതപ്രണയധാമമേ!

---

* ടാഗോർ.

തമോമയാത്മാവിൻ ദരീമുഖംതന്നിൽ
പ്രതിധ്വനിപ്പതും ത്വദീയശക്തിയോ?
സിരാനിരകളിൽ മുഖരമായിട്ടും
പരിമിളൽകാല കളകളങ്ങളും,
മദവദ്രംഗത്തിൽ നടനംചെയ്യുന്ന
മുദിതമായുള്ള പദന്യാസങ്ങളും,
സമാകുലമായ മദീയചേതന
സദാശരീരത്തിൽ ചിറകടിക്കവേ,
ഭേദിച്ചിടും മഹാനിനാദഘോഷവും
ഭവാനൊഴിഞ്ഞൊരാൾ ശ്രവിക്കുമോവിഭോ.

---

## ശൈവശക്തി.

---

(പങ്കജാക്ഷൻ—രീതി.)

ലാവണ്യപ്രദീപ്തമായ ശൈവശക്തിപ്രദീപശ്രീ
കേരളംമങ്ങത്തടിയേല്ക്കു കെടാതെനിർത്തി;

ഈഴ വൻദ്വീപാന്തരത്തിൽ കാന്തികന്ദളം പടർത്തി;
ചൂഴുംസിംഹകേസരത്തിൻ ഗൗരവം പുലർത്തി;

ദക്ഷിണദിശ് ദേവിയേറെ സ്നേഹധാര കോരിവീഴ്ത്തി;
രക്ഷാവർത്തിയാലേ കീർത്തിനാളമുയർത്തി.

---

# നെടുനിശ്ശ്വാസം.

(മഞ്ജരി)

രാവിന്റെ നീരവമുദ്രയെബ്ഭേദിച്ചു
വേവുററവീർപ്പൊന്നെൻ കാതിൽവീണു.

മഞ്ഞുമലയോ മലയാദ്രിയോ കേറി-
പ്പാഞ്ഞു നിശ്ശ്വാസപവനൻ വന്നോ?

തൈയ്യുളിർകാററിനെ തെല്ലു തപിപ്പിച്ചു
നില്ക്കുമീനീടുററ നിശ്ശ്വസിതം.

സഹ്യന്റെ സാനുവിൽ നീണ്ടാൾപ്പുതയ്ക്കുമ-
സഹ്യസഹസ്രഹൃദയങ്ങളെ

ദാരണംചെയ്തു പുറത്തു വമിച്ചോരു
ദാരുണമായ നെടുവീർപ്പല്ലീ?

കൂരിരുൾക്കുമ്പാരം തന്നിൽത്തടഞ്ഞാലും
പാരിച്ച പാഴ്ച്ചുടുവീർപ്പു പാഴട.

വിസ്തൃതവിണ്ടലം തന്നിലേറിക്കാലേ
പ്രസ്രവിക്കും പ്രലയാംബുനാദം.

കണ്ണീർക്കണികകൾ ചെന്തീപ്പൊരികളായ്
വിണ്ണിൽ നില്ക്കുന്നുണ്ടു നീറി നീറി;

മാനവന്മാരുടെ ദുർന്നയമാർഗ്ഗങ്ങൾ
മാനവന്മാർക്കൊട്ടു കാട്ടുംപോലെ.

തീമല പൊട്ടിപ്പുറപ്പെട്ടിടും മട്ടി-
ലീമലനാട്ടിൽനിന്നത്യുൽക്കടം

പേർത്തും വന്നെത്തുന്നു തപ്തനിശ്ശ്വാസങ്ങ-
ളുത്തരാഹശ്രോത്രം ഭേദിക്കവേ;

അസ്പൃശ്യഹൃദയമിളക്കീടവേ, സാഹോ-
ദര്യസമത്വസമരോത്ഥിതർ

സശ്രദ്ധാനന്ദം * തദ്ദുഷ്ടിശതങ്ങളെ
സ്സഹ്യതടഭൂവിൽ വിക്ഷേപിച്ചു.

മാമകഗീതത്തിൽ കൂടിയീമാറ്റൊലി
മാമറയോൻറ മനസ്സല്ലാ;

മാറാണിമന്നർതൻ മാഹാത്മ്യമോർമ്മിയി-
ലാറാട്ടും കൊട്ടാരത്തിന്നകത്തും

തെല്ലിടകേട്ടെയ്യാമെന്നുറച്ചാവായി-
ന്നല്ലിന്നലയിലി വീഴ്പ്പണഞ്ഞു.

കേരളം നന്ദനാരാമമാക്കിത്തീർത്താർ,
സാരസ്വതസ്വത്തിലദ്വിതീയർ.

ചോരപ്പുഴയോ, പൈമ്പാൽപുഴയോ തീർപ്പാൻ
പാരാകത്തുള്ള പാണിജാലം

ഹന്ത! മുപ്പത്താറുലക്ഷം വാഹിക്കുവോർ
ഹൈന്ദവശബ്ദത്തിൽ സംഗതിചേർപ്പോർ,

ഭാരതവർഷമഹർഷിതന്നദ്ധ്യാത്മ-
സാരമരീചിയിൽ സ്നാനംചെയ്വോർ,

മർമ്മാഹതംനെടുവീർപ്പുവിടത്തക്ക
ധർമ്മഭ്രംശംവന്ന കർമ്മളരേ!

തീപ്രമിതെല്ലാമെരിഞ്ഞു തിരുമാറിൽ
തീമഴ പെയ്യിക്കും തീച്ചതന്നെ.

---

* സ്വാമി ശ്രദ്ധാനന്ദനെന്നും—ക്ഷേത്രപ്രവേശനത്തിന മുൻപെഴുതിയതു്.

## ഒരനുമോദനം. *

---

ആരിക്കേരളസിംഹളീയഗഗനാ-
ലങ്കാരതാരായിതൻ?
പാരിൽ സാംഗ്ലിഷഗ്രന്ഥാന്തരജ്ഞനാം?
ശസ്ത്രക്രിയാദ്യശ്രുതൻ?
സ്ഫാരീഭൂതവിഭൂതിയിങ്ങനെ വിള-
ങ്ങീടുന്നതങ്ങുന്നുതാൻ
നീരിന്ദുമാരിൽ നിറംകൊടുപ്പതുവൃഥാ;
ഏതേ ഭവ്യമവ്യാഹതം.

2 സാമ്യംവിട്ടൊരു ദേവലോകതരുവിൽ-
പ്പോലും പുഴുക്കളെത്തീടാം;
കാമ്യാഭാൾമഴവില്ലുവീശി വിലസി-
ക്കാണില്ല വാനിൽസ്സദാ
കാമ്യശ്രീ കമലാകരത്തിലുളവാം
ശൈവാലസംബന്ധമി-
സ്സൗമ്യന്നുള്ള സമസ്തസൗഭഗമഹാ-
വിന്യാസമന്യാദൃശം.

3 ഏവം ദീക്ഷിതമായ ദീർഘതരമാം
ലോകോപകാരവ്രതം
വൈവശ്യം കലരുംവരയ്ക്കു വിരമി-
ച്ചീടില്ല വൈദ്യാഗ്രണി

കൈവന്നു സുദിനം; ത്വദീയസ്വപ്നം
സാഫല്യമായ്, സ്ഥാപിതം
ദൈവത്തിൻഗതിയാൽ ഗദാർത്താശ്രയം
ചെയ്യും ചികിത്സാലയം.

പ്രേമപ്പൂവല്ലി ചുററിപ്പുകർന്നണിമിളകും
മട്ടിലുൽഫുല്ലശോഭാ-
ധാമം ദാമ്പത്യമാകും തരുവിൻഫലമൊ-
ട്ടുത്ഭവിച്ചുല്ലസിപ്പൂ
ഇമ്മട്ടിൽ പൂർവ്വപുണ്യോൽക്കരപരിണതിയാൽ
ജീവിതോദ്യാനഭൂവിൽ
ശ്രീമൻ, നീണാൾസുഖിക്കൂ കരുണയുടെ കളി-
പ്പന്തലാം കാന്തയോടും.

---

* ദിവാൻ ബഹദൂർ ഡോക്ടർ കൃഷ്ണന്.

# തൊഴിൽശ്ശാലയിലേയ്ക്കു്.

(മഞ്ജരി)

പാതിയും മേയാത്ത പാഴ്പ്പുല്ലണിമാടം
ഭേദിച്ചുപൊങ്ങും പുകച്ചുരുളോ?

ദാരിദ്ര്യച്ചെന്തീയെരിപൊരിക്കൊൾകവേ
ദാരുണനൈരാശ്യം തള്ളുന്നതോ?

കാലക്കൊടുമയാൽ കഞ്ഞി നനയാത്ത
നാലഞ്ചു നർക്കണ്ഠനാക്കിക്കാണാം!

കോലായിൽ യൗവനമെന്യോളി ചോരന്നൊരു
ബാല ബലിക്കല്ലിൻ മട്ടിരിപ്പൂ!

മൗനമായുമ്മരമൂലയിൽ മേവിത്തൻ-
കൈ നക്കിത്തോർത്തുന്നു കാടൻപൂച്ച.

രാത്രിയിരയ്ക്കൊളും പഞ്ഞപ്പാടില്ലെന്നു
വീർത്തുകൊഴുത്ത തന്മേനി ചൊൽവൂ.

ക്ഷുത്തല്ലി,ത്തന്നടിയിൽ നീക്കണം ചിന്തിച്ചു
കുത്തുന്നുണ്ടേതോ വൻകൂർത്ത ത്തുശി.

"തീപ്പെട്ടിശാലതൻ ചൂളവിളികേട്ടു
കോപ്പിട്ടുനിന്ന കുതിരപോലെ

പാഞ്ഞുപോയാങ്ങള കഞ്ഞികഴിക്കാതെ-
ക്കാഞ്ഞുപണിചെയ്തു കൈ മെയ് വാടി

നട്ടംതിരികയാം നട്ടുച്ചയായല്ലോ;
കഷ്ട,"മിച്ചിന്തയിൽ പെങ്ങൾ നീന്തി!

നട്ട നയനങ്ങൾ, വാടിന വക്ത്രമി-
മ്മട്ടവരങ്ങത്തിയിഴഞ്ഞങ്ങെത്തി.

വെല്ലക്കൈത്താളിലിരിക്കും ചെറുചോറി
ചെന്നുടൻ വാങ്ങിനാൾ പാവം ചേച്ചി.

മെസ്ത്രിമാരാരുമടിച്ചുകണക്കേ, പെൺ-
തയ്യലാൾ തേങ്ങിക്കരഞ്ഞുചൊല്ലി.

"ചാവ്വുണ്ടോവോയെൻ പൊന്നാങ്ങളയ്ക്കിപ്പോൾ
നീയെന്തേയിത്രയും നേരംവൈകി?"

ഇമ്മാതൃഭൂമിതൻ മക്കൾക്കു കല്പിച്ച
ചമ്മന്തിതൻ ചട്ടങ്ങാണിക്കൈയിൽ!

പാവ,മൊരാൾക്കാറുകാശത്രേ നാൾതോറും
പാർപ്പായസത്തിനോ പാൽക്കഞ്ഞിക്കോ?

ഗംഗാനിളകളൊഴുകുമീയൂരിൽ നി-
ന്നെങ്ങും പൊന്നാറ്റിയിച്ചെട്ടുത്തു;

നാലുകാശിനു നാം മെനിണം വാറ്റിച്ചു
നാക്കുവരണ്ടു വലയേണ്ട തീരൂ!

**ഉണ്ടല്ലോ തങ്കംവിളയും തലങ്ങളു-**
**മുണ്ടേറെപ്പൊൻകായ്ക്കും വൃക്ഷങ്ങളും;**

**നോക്കുക! പെട്ടിതുറക്കുവാൻ തൻകൈയിൽ**
**താക്കോലില്ലാത്ത തറവാട്ടിങ്കൽ!**

പഞ്ഞത്തിൻ കാറണ്ടു മൂടുകനക്കളം
കത്തിക്കലും കൈമ്പിളിമേററിച്ചൊല്ലി:

"എന്നനുജത്തി, നീയെത്തിക്ക നമ്മുടെ
പൊന്നാങ്ങളയുടൻ കൊണ്ടുപോയി."

വാതവിറകൊണ്ട വൃദ്ധക്കൊടിയ്ക്കൊത്ത
മാതാവു കീറപ്പായ്ത്തീറുവാങ്ങി!

കീറിപ്പറോടമെയ്ച്ചുട്ടിക്കുട്ടർക്കോ
രാതിയും മഞ്ഞുമേ പോരടിയ്ക്കേ,

ഏകമകനവൻ തെല്ലുമുതിർന്ന, നീ-,
രേകിക്കറിയാതെ നീത്തീട്ടുവാൻ.

കാമിനി, നിൻകണ്ണം കല്ലുമലിയിക്കും
കാട്ടിലെക്കോകിലപ്പൂളുപോലെ.

ഓമനപ്പെണ്ണേ, സംഗീതസമ്പത്തി-
ധാമമേ, പോരുമേ നിശ്വാസങ്ങൾ

കണ്ണീരണിഞ്ഞനിൻ പ്രാർത്ഥനാഗാനങ്ങൾ
വിണ്ണോർക്കുമുൾക്കാമ്പു വെണ്ണയാക്കും.

**അന്തിപ്പൂന്തെന്നലിൽക്കൂടിച്ചിലപ്പോഴെ**
**ന്നന്തികത്തെത്തുമാറുണ്ടാക്കണ്ണും.**

**ആയതിൽ, ആരായുമെൻകണ്ണിന്നും ചകർ കാറു-**
**ണ്ടായതയാതനാമക്ഷരങ്ങൾ-**

പാടുക! പാടുക! കൊത്തുന്ന ദുഷ്ടാശ-
പ്പാമ്പും ചുരുക്കും വിടർത്ത പത്തി!

* * *

സമ്പത്തുള്ളോരല്ല, സാഹിത്യശാസ്ത്രാദി
വമ്പത്തമില്ല, വലിപ്പമില്ല;

എന്നാലും സത്യം പുലരുന്നു; ദുസ്സഹ-
പ്പൊന്നുവിളയുന്ന പുൽമാടത്തിൽ.

വാപിളർന്നെത്തീടുമത്തൽച്ചെയ്കുന്നോനെ
വാരണം ചെയ്യാനിങ്ങാരണയും?

നീട്ടുക, പൊൽക്കരം സൗഭ്രാത്ര സമ്പത്തെ,
നീട്ടുക, തീവെയിൽ വെണ്ണിലാവാം.

## ചുററിക.

---

ഭാരതാംബ തൃക്കരത്തിൽ ചാർത്തിടേണ്ട നവ്യദിവ്യ-
ഭാസുരമാമായുധമേ! ചുററികേ! വെൽക!

തുവിയർപ്പിൻ തുള്ളികളെ വെള്ളിയാക്കിയടിച്ചു നീ
ജീവിതശ്രീക്കണിയുവാൻ ചിലമ്പു തീർപ്പൂ!

പടിഞ്ഞാട്ടുനോക്കീടുക! പാവൻ വാരിക്കോരിക്കൂട്ടി-
ക്കിടക്കുന്നു കുമ്പാരമായ് കുബേരനാട്ടിൽ.

അസംസ്കൃതവസ്തുക്കൾക്കന്നാകരമാം ഭാരതത്തിൻ
നിസർഗ്ഗശ്രീ കപ്പൽകേറിപ്പടിഞ്ഞാറെത്തി

പുനർജ്ജന്മമെടുത്തിന്ത്യൻതുറമുഖത്തടുക്കുമ്പോൾ,
കനമേറും സഞ്ചി നിങ്ങൾ കാഴ്ചവെയ്ക്കുന്നു.

ജീവിതത്തിൽ വ്യവസായവസന്തശ്രീ നെട്ടുനീളെ
പൂവിരിച്ചു പുലർത്തട്ടെ സമതാകാന്തി!

പട്ടിണിതൻനിഴൽപ്പാട്ടു പതിക്കാത്ത പാരതന്ത്ര്യം
പൊട്ടിത്തഴച്ചൂതാത്ത പുത്തൻപുലരിയൊന്നിൽ

സാഹോദര്യപ്പൂങ്കോഴിതൻ കൂകൽകേട്ടു ലോകം തമ്മിൽ
സ്നേഹോദാരകരം നീട്ടിത്തഴുകീടട്ടെ!

ജീവിതത്തോത്തുയരട്ടെ! പാവങ്ങളും പതിതരും
പാവനമാം ചുററികയാലുത് പതിക്കട്ടെ!

---

# ഹനൂമാൻകണ്ട ലങ്ക.

---

ഓളമെത്തീടും പരിഷ്കാരത്തിൻ പ്രവാഹത്തി-
ലോട്ടുന്ന പൊന്നോടമോ ലങ്കയെന്നാശങ്ക മേ

ലങ്ക തൻശരീരത്തിൽ ശിരസ്സും സിരകളിൻ-
സംഘവും കപാലപ്പുത്തൻ യന്ത്രതന്ത്രത്തിൻ കാഴ്ച!

'പുഷ്പക'മെന്നോ പേരാം 'മാരുതവേഗത്തിൽ താ-
നല്പരിക്കയാം ലങ്ക ശാസ്ത്രത്തിൻ സഞ്ചാരത്തിൽ'

എന്നെത്തുന്നാലും കേൾക്കമാറെന്നും നിസ്സങ്കോച-
മുന്നതസ്ഥാനത്തു നിന്നുച്ചത്തിലുദ്ഘോഷിപ്പാൻ

ശൃംഗാരവീരോചിതാലങ്കാര പരീതയായ്
ലങ്കാശ്രീസഞ്ചരിപ്പൂ പുഷ്പകവിമാനത്തിൽ!

---

7

# കെണിയിൽപെട്ട മാൻപേട

## അഥവാ

## ജീവകാരുണ്യം.

---

(പാന.)

കഷ്ടമേ, വനവേടവലയ്ക്കകം
പെട്ടുകേഴുന്നു പേടമാനൊന്നിതാ!
പേടിയില്ലാതെ പച്ചിളംപുല്ലുതി-
ന്നോടിച്ചാടി നടന്ന മാൻപേടയെ,

കാരിരുമ്പിനോടൊത്ത കരളുള്ള
കാട്ടുവേട, നീ വേദന കൊള്ളിപ്പൂ!
സാധുവാമൊരു ജീവിക്കു ലോകത്തി-
ലേതിലും വിലയേറിയജ്ജീവനം,

കണ്ടുകൊൾക! ഹരിപ്പതു മാനുഷൻ
രണ്ടുനാലു നിമിഷം രസിക്കുവാൻ!
മഞ്ജുളമായ മാനിൻെറ ചാരുത്വ
മഞ്ഞച്ചീവരം പൂണ്ടൊരാളെത്തുന്നു.

സ്നേഹമൂറും മിഴികൊണ്ടു മാനിൻെറ
മോഹനാമനിയാകെയുഴിയുന്നു.
ചാരുചെങ്കോൽ ധരിക്കേണ്ട തൃക്കൈയിൽ
ചട്ടിയേന്തിയ ദേവ, നമസ്കാരം!

നമ്മുടെ ജീവകാരുണ്യ വാരിധി
നൽമൃഗത്തെയഴിച്ചുടൻ വിട്ടില്ല!
ക്ലേമ്പാശ്രു തൊട്ടുതട്ടുതെത്തിനാൻ
ക്രൂരത മേനിപൂണ്ടൊരു കാട്ടാളൻ.

മാനിനെ വിട്ട കോപത്താലാത്തിരു-
മേനിയെ ശ്ശരലക്ഷ്യാക്കി നില്ക്കവേ,
വില്ലുമമ്പുമങ്ങൂർന്നു വീണു; പദ-
പല്ലവാന്തികേ താണു തലയുമേ.

വേടനാദ്ദേവ ദേവഭാവംകൊണ്ടുതൻ
മൂടൽനീങ്ങി'യഹിംസ'യെ കൈക്കൊണ്ടു!
ജീവകാരുണ്യബീജം മുളപ്പിച്ചു
കേവലം തരിശായ തന്നുള്ളിലും.

ആടിനെക്കൊന്ന പാപക്കൊടുമയാ-
ലാരുമോഹിച്ചു പുണ്യത്തെ നേടുവാൻ?
ആ മഹീപാലസന്നിധി തന്നിലി-
പ്രേമകാരുണ്യമൂർത്തി താനല്ലയോ?

മുത്തുമാല കല്ലിക്കണ്ട തൻകണ്ണും
കുത്തിവെപ്പാൻ കനിഞ്ഞു കാണിച്ചുള്ളും.
ആ വിധം ദയാസിന്ധുക്കളാകുവിൻ!
പാവനശീലരാകുവിൻ ബാലരേ!

## 9

# സരസ്വതീക്ഷേത്രം.

(നതോന്നത.)

അമരസ്നേഹങ്ങൾക്കാദ്യവിത്തുപാകും വിദ്യാശാലേ
സോദരിമാർക്കെല്ലാം നീയേ സ്വർഗ്ഗസോപാനം

ദൂഷിച്ചോരു പൂർവ്വാചാരക്കളനീക്കി സ്സൗഹാർദ്യം
കൃഷിചെയ്യും ചേതോഹരമകേദാരഭൂമേ!

കട്ടിപിടിച്ചിരുന്നാലും കിട്ടാംശങ്ങൾ നീക്കിയത്യുത്-
കൃഷ്ടഗുണമൂർത്തിക്കാട്ടുമൂശയല്ലോ നീ

സ്വാഭിമാനസ്ഫുലിംഗങ്ങൾ ചിതറുമൊന്നാരണി നീ
ശോഭനമാം പുലരിക്കു ശുക്രതാരം നീ!

സമത്വസ്വാതന്ത്ര്യങ്ങൾക്കായ് നെഞ്ചുകാട്ടി നേരിടുവാൻ
സമർത്ഥമാം സ്തന്യമൂട്ടി വളർത്തും തായേ,

ഉദ്യാനത്തിൽ ചെമ്പകച്ചെമന്തിപ്പൂക്കൾ പോലെഞങ്ങൾ
വിദ്യാസദനത്തിലീശ നിശ്ശ്വാസമേററു.

# യാതനാഗാനം.

(മഞ്ജരി)

നൃത്തംചെയ്തീടുന്ന നിദ്രനിൻനേത്രത്തിൽ
നീങ്ങീല മാനസമാന്ദ്യമെല്ലാം
കാലംകളയേണ്ട പാഴിലായിമ്മട്ടി-
ലാലസ്യം നീക്കിയെഴീക്കാൻനോക്കൂ!

നിർജ്ജനമായുള്ള ദേശത്തിൽ, കല്ലുകൾ
നീളെ നിറഞ്ഞെഴും മാർഗ്ഗാന്തത്തിൽ
എന്മിത്രമേകനായ്പ്പാഴുന്നു; കൈതവം
കാട്ടൊല്ലേ, വേഗംമിഴിച്ചെണീക്കൂ!

മദ്ധ്യാഹ്നമാർത്താണ്ഡചണ്ഡമരീചിയാൽ
മാനം കിതച്ചുവിറച്ചിടട്ടെ!
ചുട്ടുപഴുത്തുള്ള പാഴ്മണൽ തൃഷ്ണയാം
ചേലചിരിക്കയും ചെയ്തീടട്ടെ!

നിർവൃതിയില്ലയോ നിന്മനോമദ്ധ്യത്തിൽ
നിഷാദപാതങ്ങളേൽക്കുന്തോറും
വീഥിവിപഞ്ചിയിൽ നിന്നതിഹൃദ്യമാം
യാതനാഗാനം തളിക്കുന്നില്ലേ?

ടാഗോർ:—

## അമ്മ മഹാറാണി.

---

(കുറത്തിപ്പാട്ട്)

ഭാരതമന്നിടമട്ടമഹൽക്കാവിൽ-
പരമസുന്ദരസൂനം
അത്തുലപച്ചിന്നാട,തിലെ മോഹന-
പ്പൂളുപരിമളപൂരം;
(ഭാരതമന്നിട...

അമ്മമഹാറാണി ഹിന്ദുധർമ്മദീപം
നിർമ്മലാഭംനിന്നുകാണ്മാൻ സ്നേഹധാരവീഴ്ത്തി-
അക്ഷയരാജന്യവ്രതരാജാരാശിപുത്രപിത്രാ-
നക്ഷത്രജനസന്ധരാജവീഥിയെവിളക്കി-
(ഭാരതമന്നിട...

---

## പ്രേമലേഖം.

(നതോന്നത)

ചാരിത്രത്തിൻ ചോരനല്ല, ചാപലനല്ലയേ ധർമ്മ
ചാരിണി, നിന്മനശ്ശോഭാവശീകൃതൻ ഞാൻ.

പ്രേമഘാതകനുമല്ലപാണിനീട്ടാം പറിക്കുവാൻ
ത്തുമലരും, തത്പ്രണയ ഭംഗഭീരു ഞാൻ

അഹസ്സിനു കതിരോനെ മുകിലിന്നു കടലിനെ
മഹത്കൃത്യത്തിനു മങ്ങാപ്പുകൾ വെണ്മയെ.

വിശ്വസിക്കാമെങ്കിലെന്നിൽ വെച്ചുകൊൾക വിശ്വാ-
വിശ്വയന്ത്രത്തിലിച്ചിലിലൊന്നായ്ത്തീരിയാം. (സംനീ

ജാതിയൊന്നു, മതമൊന്നു, ദൈവമൊന്നെന്നല്ലോ, പരി-
പൂതനവ്യയുഗത്തിന്റെ പടഹനാദം.

കർമ്മഭൂവിൻ ദുരാചാരച്ചട്ടപൊട്ടിച്ചെറിയുവാൻ
ധർമ്മപ്പോരിന്നൊരുമ്പെട്ട ധീരഭടൻ ഞാൻ.

അസമത്വത്തിന്റെയന്ത്യശ്വാസമിതിൽ ലയിച്ചുപോ-
ന്റും വേനലെടവത്തിലിടിയിൽപ്പോലെ-

ഭാരതീയർക്കിന്നു ശക്തിമന്ത്രമിതുതന്നെ ഭദ്രേ
ചോരയിലിത്തത്ത്വസത്തലിഞ്ഞുചേരട്ടെ

ബ്രാഹ്മണൻതൻ സ്മൃതിക്കെട്ടു ഭ്രഷ്ടു, കല്പിച്ചീടുമെ-
ഭ്രാന്താശാലാശാസനങ്ങൾ ഭ്രാന്തര കേൾക്കു (ന്നോ

താഴ്പരതന്മാറിടത്തിൽ മരതകമാല്യം ചാർത്താൻ
താഴും മലയാററിന്നാര താഴ്ചകല്പിപ്പൂ.

---

## നക്ഷത്രം. *

---

സൂൎയ്യൻ പടിഞ്ഞാറു പതിച്ച നേരം
തെറിച്ച വെള്ളിച്ചെറുതുണ്ടുപോലെ,
വാനിൽത്തിളങ്ങും തെളി താരമേ, നീ
വെളിച്ചമെങ്ങും വിതറുന്നു നീളെ!

നക്ഷത്രമേ, മിന്നിമിനുങ്ങി രണ്ടു-
പക്ഷങ്ങൾ പൂണ്ടൊന്നു പറന്നിടാമോ?
വൃക്ഷത്തലപ്പിൽക്കേറി വിശ്രമിച്ചു
സാക്ഷാൽ സ്വരൂപം വെളിവാക്കുമോ നീ?

അവലംബമില്ലാതണി വിണ്ടലത്തിൽ
നിരത്തി താരക്കതിർമാല നീളെ
താഴത്തു വീഴാതതു താങ്ങി നിൽക്കും
അദൃശ്യശക്തിക്കു തൊഴാം, തൊഴാം നാം.

* ബാലന്മാൎക്കെഴുതിയതു്.

---

# പ്രകൃതിമാതാവു്.

പ്രകൃതിമാതാവു ബാലകരേ ഞാനതി-
പ്രണയമോടിതാ നിങ്ങൾക്കു നൽകുന്നു;
കുളിരിളം കാററിലാടിക്കളിപ്പൂ, ചെ-
ന്തളിർ തലോടുന്ന ചേലെഴും പൂക്കളെ. 1

അഴകൊഴുകുന്ന ചേമന്തി ചമ്പകം
മിഴി കുളുക്കുന്ന പൂമുല്ല, പിച്ചകം
കനകകാന്തി കലരുന്ന കേതകം
കമലമാമ്പലിപ്പൂക്കളേ കൌതുകം! 2

നറുമലരിതാ പുഞ്ചിരി തൂകുന്നു!
ചെറു ശിശുക്കളേ നിങ്ങളെപ്പോലവേ.
മണവുമുണ്ടു, മരന്ദവുമുണ്ടുള്ളിൽ
ഗുണമിണങ്ങുന്ന മാധുര്യം നിങ്ങളിൽ. 3

തലയുയർത്തി സ്വാതന്ത്ര്യമായ് നിൽക്കുമീ
മലർ നിര സൂര്യരശ്മി കുടിച്ചിതാ!
പകലവൻ പണി തീർന്നു ഗമിക്കവേ,
പകരമേകുന്നു ചന്ദ്രതാരങ്ങളെ. 4

കിളികളെക്കൊണ്ടു പാട്ടു പാടിപ്പു ഞാൻ;
കളികളാടിപ്പു കാററിനെക്കൊണ്ടു ഞാൻ;
ഒളി ചിതറും പുലരിയെ ഞാനല്ലോ
തെളിമ ചേർക്കുവാൻ കല്പിച്ചയപ്പതും. 5

ദിനകരൻ വെള്ളമേഘക്കടലാസ്സിൽ
കനകസിന്ദൂര വൎണ്ണങ്ങൾ കേറുന്നു;
അതിനെ മായ്ച്ചു തൂവെള്ളി പൂശീടുന്നു
പുതിയ വെൺമതി, യെന്റെ നിയോഗത്താൽ. 6

സുലഭമായുള്ള മാധുൎയ്യസാരത്തെ-
പ്പല ഫലങ്ങളിൽ സംഭരിച്ചപ്പോഴും
മധുരനാരങ്ങ, മുന്തിരി മാമ്പഴം
മധുമയമിവ ഞാൻ തരുന്നില്ലയോ?

# പ്രാർത്ഥന.

---

ജ്യോതിസ്സ്വരൂപമേ, ധർമ്മ സ്വരൂപമേ,
ദ്യോതിക്ക മദ്വൈത തത്ത്വാഭാസ്സേ,
പാവപ്പറയനും മാമറയോനും നിൻ-
പാവനസന്നിധി തന്നിലൊന്നേ. (ജ്യോതിസ്സ്വ...

നൈവേദ്യ മിന്നു നീ കൈക്കൊൾകാർക്കും നിർഭേദം
കൈവല്യലീലാവിലാസലോല!
രാവിൻ വിരാമത്തിലങ്ങുതൻ ചൈതന്യം
പൂവിനെസ്സംഫുല്ലമാക്കുംപോലെ.

അങ്ങുടെ തൃത്തുവൽ ത്തുമ്പിലൗഷ്മമാം
വാരുററ വൈദ്യുതി ചെന്നലയ്ക്കേ,
അയിരമായിരം ക്ഷേത്ര കവാടങ്ങ-
ളാകമായാശു തുറക്കപ്പെട്ടു. (ജ്യോതിസ്സ്വ...

ശ്രീചിത്രാശോകനാല്പൊന്നു നൃപേന്ദ്രനും
ചിത്രകമമ്മമാറാണിയും,
പൂഷാവും പൂർവ്വദിഗ്ദേവിയും, പോലവേ
പൂർണ്ണായുസ്സൗഖ്യം, പുലർന്നുവാഴാൻ,

സർവ്വദാ കാത്താളും നീയങ്ങൺപായിയ്ക്കൂ!
സർവ്വ ചരാചര സാർവ്വഭൗമ! (ജ്യോതിസ്സ്വ......

---

# പരിശുദ്ധസ്നേഹം

I

തൂമഞ്ഞുകൊണ്ടു തൂകുന്നില്ല; ഭിധി തെളിയാ-
        റായി നക്ഷത്രം; അപ്പോ-
ളീമട്ടിൽ കേട്ടു പൂന്തേനിന്മൊഴികൾ 'കുടി-
        ച്ചോമനേ! നീ കുടിക്കൂ!'
ഞാൻ; മന്ദം പൂച്ചെപ്പ്കൊട്ടിടയിൽ മിഴിയിള-
        ക്കീടവേ, കാണമാറാ-
യോമൽപ്പൊൺതൂവലാളൊരുവളെയുമട്ടു-
        ത്തുള്ള കുഞ്ഞാടിനേയും.

ഘോരത്തില്ലാട്ടു വേറിട്ടു,ജശിശു സുഖമായ്
        വാഴ്കയാണങ്ങുതാനേ;
പാരം നേർത്തുള്ള പാറാൽ ശിലയെട്ടമതിനെ
        കെട്ടിയങ്ങിട്ടിരുന്നു;
സാരംഗക്കണ്ണിമുട്ടൊന്നിളതൃണമണി
        ക്ഷോണിയിൽ കുത്തി, വൈകു-
ന്നേരത്തെ 'ജീററ' മത്തിൽനിറമണിമലയാ-
        ട്ടിൻെറ കുട്ടിക്ക നൽകി.

നീലാളിക്കുന്തളമാർ തൻ കരതലകമല-
        ത്താരിൽനിന്നാഹരിച്ചൂ,
വാലാട്ടീടുന്നു മന്ദം രസമൊട്ടു മേന്നീ-
        യാംശേനീമേഷബാലൻ

‘ലീലാപൂർവ്വം കുടിയ്ക്കാൻ പ്രണയവാരിധിവരമേ!
നീ കുടിയ്ക്കുന്നിവണ്ണം
ബാലാരത്നം കഥിക്കെബ്ബലമൊടവൾ മന-
സ്സെന്മനസ്സിൽപ്പതിഞ്ഞു.

പൊന്നായ് ചോരിട്ട പൂമെയ്വടിവുടയവളി-
ബ്ബാലികാമൌലിരത്നം!
നന്നായ്വീക്ഷിച്ചു മോദാലിവനിരുവരെയും;
രമ്യരീരണ്ടുപേരും.
ഇന്നാളീകാക്ഷി പാരന്നിത്തളിരിലയെഴുമൊഴി-
ഞ്ഞുള്ളപാത്രത്തൊടപ്പോൾ
പോന്നാൾ; മുന്നോട്ടു നാലഞ്ചടി വടിവിൽ നടന്ന-
ങ്ങു തന്വംഗി നിന്നാൾ.

കാരുണ്യംചോരുന്ന കണ്ണിൻമുനയെയവളതിൻ
നേൎക്കു പായിച്ചിട്ടപ്പോ-
ളാരും കാണാതെ നന്നായവളുടെ മുഖഭാ-
വങ്ങൾ ഞാൻ കണ്ടറിഞ്ഞാൻ.
ആ രുഗ്മാംഗിക്കു നാവിൽ പ്രകൃതി കവിത തോ-
ന്നിക്കിലന്നിപ്രകാരം
ചാരുശ്രീചേരുമാട്ടിൻ ശിശുവൊടവൾ മുദാ
ചൊല്ലുമെന്നുള്ളിലോൎത്തേൻ.

‘എന്താണെന്നോമനേ! നീ ഇടരുവതധുനാ
കെട്ടു പൊട്ടിക്കുവാനാ-
യെന്തോ? തീനും കിടപ്പും തവ സുഖകരമാ-
യിട്ടു തോന്നുന്നതില്ലേ?

സ്വാന്താനന്ദം വല്ലതും നവ്യാനമസൃണം
നീ വസിക്കും പ്രദേശം;
സന്താപം വിട്ടു ചാഞ്ചാടുക; സമ്പദിസുഖ-
ക്കേടിനെന്തുള്ള ബന്ധം?

തൽക്കാലം പാഞ്ഞെരമെന്താണകതളിരിൽനിന്ന,
ക്കെന്തു നീ തേടിടുന്നു?
മെയ്യാകെശ്ശുഷ്കിയിരിപ്പല്ല അവ? പറയുക നീ
സുന്ദരാകാരനല്ലോ;
ഇക്കാണും പുല്ലി,ളംപല്ലവം;സുഖകാ-
ങ്ങളാം സൂനങ്ങളെല്ലാം,
ഇക്കാണും പച്ചനെല്ലിൻകതിരുകളും മെചുകാ-
മററററു മുള്ളൂന്നമാണം!

"ചൂടേറിടുന്നതായാൽ, അവ പാട്ടുകൂടാ
നീട്ടിയീ നിൽക്കുമാലിൻ-
ചോടേ ചെന്നങ്ങു പററാം, തരമൊട്ടുതണലേ-
ററാശ്വസിക്കാം സുഖിക്കാം;
അടേ! കുന്നിന്റെ കൂടങ്ങളിലുദയമക്കാട്ടു-
കാററിനെച്ചെററു പേടി-
ച്ചീടേണ്ടാ, ചണ്ഡവാതാദികളിവിടെയൊട്ടു-
ത്തോന്നുമുണ്ടാകയില്ലാ."

# ഒരു പരിശുദ്ധസ്നേഹം.

---

## II

ഇന്നൊന്നാരോമലാളേ! തെളിവൊടു കളിയാ-
ടീടു നീ! യെന്റെ താതൻ
നിന്നെപ്പണ്ടാദ്യമായിട്ടുകലെയെയിവിടെയോ
കണ്ടന്നാൾ നീ മറന്നു;
കുരുന്നേറിക്കളുട്ടമായാട്ടുകളു,മിടെ നിന്ന-
ക്കാരുമുണ്ടായിരുന്നി-
ല്ലന്നന്യർക്കും കൂട്ടപ്പും തവ നികടതലം
വിട്ടു നിന്തള്ളപോയി.

താതൻ കൈത്തണ്ടിലേററി,ക്കനിവൊടു കുടിയിൽ
കൊണ്ടുചെന്നാക്കി നിന്നെ
ശ്രീശങ്കം നിന്റെ ഭാഗ്യോദയവിലസിതമാ-
ണന്നു നീ യെണ്ടുമേയും?
പൂതപ്രേമാർദ്രയായോരുപജനനി നിന-
ക്കം,ഞ്ഞിതിമ്മീതെ നോക്കി-
ല്ലാതങ്കം തീർത്തു, കുന്നിൻ കൊടുമുടിയിൽ വള-
ർത്തുള്ള നിന്തള്ളയാടും.

നിത്യം തേ രണ്ടുനേരം കരമലിവൊടുമി-
ഷ്ടാജനത്തിൽ, കലങ്ങാ-
തത്യന്തം സ്വച്ഛമാകും ജലമരുവിയിൽനി-
ന്നോമനേ! നൽകുമീ ഞാൻ;

നിത്യം തേ രണ്ടുനേരം നിയമമിതുനിഖിലം
മഞ്ഞുതുകിക്കുളിത്താൽ,
കൃത്യം തെററാതെ പാലേകിട്ടു,മിതു പുതുതായ്
തെല്ലു ചൂടുള്ളതല്ലോ.

കാലംവൈകാതീട്ടിച്ചിട്ടതിമൃദുവാ-
യുള്ള നിന്നംഗ,മപ്പോൾ
ലീലയ്ക്കായിട്ടു കുട്ടികളതിരയോടുസമം
നിന്നെ വണ്ടിയ്ക്കു കെട്ടും;
ബാലൻ നീ! ബാല ഞാനും കളികൾ തുടങ്ങുമേ!
ശീതവാതം വരുമ്പോ-
ളാലസ്യംവിട്ടുടപ്പാം തവ ശയനതലം,
വീടുനിൻ കൂടുമാകും.

ദൂരെക്കാണുന്ന കുന്നിൻകൊടുമുടികൾ കൊടു-
ങ്കാററുമക്കുളിരിട്ടും
ഘോരം ചേരുന്നതല്ലോ; നയനമധുരമായ്
പച്ചയായ് തോന്നിയാലും
ഹാ രമ്യശ്രീവിശേഷത്തോടു വിലസുവതായ്
തോന്നുമിത്തൊട്ടു പാടേ
പാരം കോപിച്ചിട്ടുമ്പോളലറിട്ടുമിരയെ-
ക്കണ്ട സിംഹത്തിനൊപ്പം.

ക്രൂരമാം ഘോരജന്തുക്കളെയിവിടെ നിന-
ക്കോമനക്കുട്ടിയാടേ!
തീരെപ്പേടിച്ചിടേണ്ടാ, പകലിരവൊരുപോ-
ലിങ്ങു സംരക്ഷിതൻ നീ!

ഛാരത്താകുന്ന ഞങ്ങൾക്കുടയ കുടി കര-
ഞ്ഞെന്തു നീ കെട്ടഴിപ്പാ-
നാരംഭിപ്പൂ? ശയിച്ചീടുകനിവിടെ വെള്ള-
പ്പിന്നു ഞാൻ വീണ്ടുമെത്തും!

കൈവന്നിടുന്ന മോദത്തൊടുമിടവഴിയിൽ-
ക്കൂടി ഞാൻ പോന്നിടുമ്പോൾ,
ആവർത്തിച്ചേൻ മനസ്സിൽ പ്പലവുരുപാരമി-
പ്പദ്യപാദങ്ങളെല്ലാം;
ഇവ്വണ്ണം തോന്നിയപ്പോളിവനകതളിരിൽ
ബാലികാമൌലിയാമീ-
ലാവണ്യാംഗിക്കു ചേരേണ്ടതു പ്രകൃതിയിതിൽ
പാതിയെന്നേറ്റമത്രേ!

ഞാനിപ്പദ്യങ്ങൾ പാദംപ്രതി പുനരുരുവി-
ട്ടപ്പോഴോർത്തുള്ളിൽ ഈ ന-
ന്മേനിപ്പൂമേനിയാളിൽപ്പ്രകൃതിയിലധികം
ചേരുവാനാണു [illegible];
മാനിന്മാനം മുടിക്കുന്നൊരുമിഴിമുനയാ-
ലുള്ള നോട്ടങ്ങളാൽ, പൂ-
ന്തേനിൽ ച്ചാലിച്ച വാക്കാൽ, അവളുടയ മന-
സ്സെന്മനസ്സായതത്രേ.

---

വേഴ്സ്വത്ത്.

# സ്ഥലകാലമൂശ·

(അന്നനട.)

ഉലകിലാചാരമുരുക്കിവാർക്കണം,
ഉലയിലൂതണം കറകളയണം,

സ്ഥലകാലമൂശയ്ക്കനുകൂലമായി
കളകൾ നീക്കിയ വിളകളെന്നോണം.

നിയതികല്പിതം നിയമമേ ഭ്രമം;
നിയതിദത്തമാം സ്വാതന്ത്ര്യതാവകം;

പ്രണയഭാഷണം പ്രസൂനവും ചെയ്‌വൂ!
മണത്തെ മാരുതൻ വഹിപ്പതേ ദൗത്യം.

സ്വാതന്ത്ര്യോന്മുഖം സുമങ്ങൾ നില്ക്കുന്നു
വിരുദ്ധമായ്; മർത്ത്യൻ വിമുഖനാകയോ?

## ഈ ലോകം വിലോഭനം.

---

നിങ്ങൾക്കു ചൂഴും കാണും നിസ്സാരവസ്തുക്കൾ തൻ
മംഗലമരീചിയാലീ ലോകം വിലോഭനം

പാരിത്തു പരമാണോ! നിൻപരമ്പരയത്രേ;
വാരിധി നീർത്തുള്ളി! നിൻനിർമ്മിതം സമുദായം!

ആമിഷവിലോലനോ കേവലവിനോദിയോ
കാമിതസിദ്ധിക്കുയിർ ഹോമിക്കും കപോതമേ!

മാനസം മധൂളീയാൽ സേചനം ചെയ്യുന്നോര-
മ്ലാനമാ മന്ദാരാഗസൂനത്തെ സ്വാത്മത്യാഗമത്തൻ

പാഴ്മണ്ണിൽച്ചിന്തിച്ചിന്തിത്തവൻ കൃപാണിയാംപാണി
കോമളം മറ്റൊന്നിമ്പൾക്കൊതിയാൽ നീട്ടീടുന്നു!

ചാരുദമ്പതീധർമ്മമർമ്മോപദേശം ചെയ്യാൻ
പോരും നീ! പ്രാമാദികമർത്ത്യനെൻ മാടപ്രാവേ!

പാവനം പരിമളക്കുഞ്ജിതവ്യാജത്താല-
പ്പൂവനം പുളകിതമാക്കുന്ന പുംസ്കോകിലം

സ്വാന്തമേ സുഖദുഃഖഭോഗസ്ഥാനമെന്നു
ശാന്തമായുപനിഷത്സിദ്ധാന്തമല്ലീ ചൊൽവൂ!

സ്വർഗ്ഗീയകാമതന്ത്രാലും നാരകരീതിയാലും
നിർഗ്ഗീതം മനം നിൻെറ ഡോളായമാനം മർത്ത്യ!

പൂവർകാലത്തു പുത്തൻഹിമശീകരം താങ്ങി-
ത്തലയും താഴ്ത്തിനിൽക്കും തൃണവല്ലിയെ നോക്കൂ!
വെണ്മ കണ്ടെത്ര കഷ്ടമുണ്മയെന്നോർത്തുപോയി!
കണ്മയക്കമിബ്ബന്ധുബാഷ്പമാം — ക്ഷണികം!

നീലിമ കോലും വ്യോമമാർഗ്ഗത്തിൽ നീളെ, വീചി-
മാലികന്മാറിൽക്കളിച്ചീട്ട തോണികൾപോലെ,
നിറവെൺകതിർനിര വീശവേ, പാടിപ്പാടി-
ച്ചിറകിട്ടടിച്ചെങ്ങും, പറക്കും പക്ഷിവൃന്ദം
'സ്വാതന്ത്ര്യം സ്ഥാപിപ്പിൻ' എന്നീശശാസനമല്ലീ!
സ്വാന്തനിർവൃതിയോടും ചെയ്യുമീ വിളംബരം?
വെണ്ണിലാവുലാവിന രാവിൻനീരവഘോഷം
വർണ്ണിപ്പൂ! സത്താമാത്രശാന്തിമുദ്രതൻ ശക്തി.

കൊച്ചുകോമളരായ കവിമാനസക്കാവിൽ
മച്ചിലുജ്ജ്വലിച്ചീടും പ്രതിഭാദീപാങ്കുരം
വിസ്തൃതവൈഹായസവീഥിയിൽപ്പൊങ്ങിപ്പൊങ്ങി
വിവിധം മേഘങ്ങളിൽ വർണ്ണവിന്യാസം ചെയ്വൂ!
ശ്ലഥമേ ശൂന്യാകാശമാശു വാർമഴവില്ലാൽ
ബലമാകുന്നുപോലും! ബന്ധുരമതിൻകതിർ!
നൈരാശ്യനിഹതമായ് നിരയപ്രായമായ
നരജീവിതത്തിലും ഫുല്ലപുഷ്പാഭചേർപ്പൂ!
എൻചിത്തച്ചെറുഹമുത്തുമ്മിയിൽ വേതാന
കാഞ്ചനക്കതിർ വീശി വിദ്യശാലി കണ്ടാവൂ ഞാൻ.

## മഹച്ചരമം.

ലോകംനല്ലൊരുകൂത്തരങ്ങു്; നടരാ-
ണീനമ്മൾ; നാനാവിധം
ശോകംതൊട്ടരസംനടിച്ചിവിടെ നാ-
മാടിക്കളിക്കുന്നതേ
പാകംപോലെയൊരുത്തനാട്ടമവസാ-
നിച്ചെങ്കിൽ രംഗം വിടു-
ന്നാകപ്പോടെ മഹാപ്രയാണഗതിയി-
മ്മട്ടാണു മാലോകരേ!

## വഞ്ചിപ്പാട്ടു്.

കൈരളി! നീ ദുഃഖസിന്ധുത്തിരകളിൽപ്പെട്ടുഴന്നു
കരകാണാതെന്തുഹന്ത കരഞ്ഞീടുന്നോ?

അന്തഃസ്സാരം നടുവത്തുള്ളന്തണശ്രേഷ്ഠവിയോഗം
ഹന്ത! സഹിക്കാതെസദാ സന്തപിക്കും നീ

കൊടുങ്ങല്ലൂർ കവികുലത്തൊടുകൂടി പൊയ്പ്പോകയാൽ
ചുടുകണ്ണീർവാർത്തു ദുഃഖിച്ചീടുമാറായി.

മതിമതി കൈരളി നിൻ! മതിഖേദം, കവികുല-
മതിയായമഹാശോകായി ക്ഷിതിപതിയും.

പന്തളവും വള്ളത്തോളു മന്തഃസ്സാരമുള്ളൊരു നിൻ
പന്തണിക്കൊങ്ങകൾപുൽകി പ്പരിലാളിക്കും.

# സർവ്വേശ്വരമഹിമകളീമർത്ത്യർ-
# നാമെന്തറിഞ്ഞൂ?

---

ഘോരാരാവംമുഴക്കിഘനങ്ങൾ മുഴുവനും
 ഹന്ത! ഭീതിപ്പെടുത്തും
ധാരാവാഹങ്ങൾ നക്തഞ്ചരരുടെവടിവിൽ
 സഞ്ചരിക്കുന്നു പക്ഷേ;
ധാരാളം വാനിൽ നിന്നിട്ടുവഹ്നി ചൊരിയും
 മാരിയാലൊന്നുപോലെ
പ്പാരാല്ലാടിപ്പൂ; സർവ്വേശ്വര...... ൧

പൊട്ടിപ്പൊങ്ങുന്ന പീരങ്കികളുടെ ഘന-
 ധ്വാനഘോഷങ്ങൾ, തമ്മിൽ
തട്ടിപ്പൊട്ടുന്ന ചെന്തീപ്പൊരിനിര ചിതറി-
 പ്പാളിടും വാളിളക്കം
കട്ടിച്ചോരപ്രവാഹങ്ങളി പരമിവരാൽ
 പ്പോർക്കളം ഹന്ത ഞെട്ടും-
മട്ടിൽ കാണുന്നു; സർവ്വേശ്വര...... ൨

അന്നേരംതന്നെനാനാനവയുവമിഥുനം
 തങ്ങളിൽ പ്രേമമൂലം
തന്നേ വൈവാഹികാഡംബര ശ്ശുഭദശയിൽ
 കൈകൾ കൂട്ടിപ്പിടിപ്പൂ
നന്നേമോഹിച്ചിരിക്കെ സ്സുഭഗനൊരുസുതൻ
 ജാതനായൊരുമോദം
വന്നേറീടുന്നു സർവ്വേശ്വ...... ൩

മറെറാന്നിക്കല്ലതിന്നപ്പുറമാണെങ്കിലും
കൂസലില്ലെന്നോടേതും
പററാ മർത്ത്യന്റെസൂത്രപ്പണികൾ മമകളി-
ക്കോപ്പുകൾക്കൊപ്പമല്ലോ.
മററാരീയണ്ഡമണ്ഡലാന്നിധിവഴിയ തിര-
ത്തല്ലിനാൽച്ചൊല്ലിക്കൃത്യം
തെററാതാളുന്നു സർവ്വേശ...... ൪

പാരാവാരത്തിരകളിൽ പ്രഭയോടുവിലസും
രത്നജാലങ്ങൾപോലെ
താരാജാലങ്ങൾ വാനിൽത്തെളുതെളെ വിലസീ-
ട്ടുന്നു വിശ്വൈകരമ്യം
ശ്രീരാജിക്കും ശശാങ്കൻ ഭുവനമണിവിള-
ക്കെന്നപോലുല്ലസിപ്പൂ
സാരാപൂർണ്ണങ്ങൾ സർവ്വേശ...... ൫

# കാലകല്ലോലം.

---

(കേക)

1

പാതിരാപ്പനിമതിപാൽമഴ പൊഴിക്കവേ,
പായുന്നു യമുനതൻ വക്ഷസ്സിലൊരു തോണി.

പുളകോദ്ഗമകാരിപ്പൂനിലാവുലാവിന
കുളുർനീർ നിചോളത്തിലല്ലു നിറംകസവിട്ടു.

നീരവമായ രാവിൽ നിമ്നഗാതരംഗത്തിൽ
നീളവേ നിനദമങ്ങൊന്നു മാറ്റൊലിക്കൊണ്ടു:—

'മാനുഷനിശ്വാസത്തിൻ മാലിന്യം തീണ്ടാത്തിടം—
മാനം മാമുനിമാരുമാരെന്നാരാശ്ശാന്താരാമം—

കാന്താരമല്ലാ—ദൂരെക്കാണുന്നു, തുഴക നീ!
കാണിയും വൈകാതെയങ്ങെത്തട്ടെ തോണിക്കാർ!'

ആരാണീയസാമാന്യസാഹസകർത്താവാവോ?
വൈരാഗ്യനിരതനോ, നൈരാശ്യനിഹതനോ?

ഔഷസരാഗം രഞ്ജിച്ചുള്ള പൂങ്കവിൾക്കുമ്പിൽ,
ഈഷദുന്മിഷിതമാമീക്ഷണപുടങ്ങളിൽ,

നഗ്നമായ് നിഴലാട്ടുന്നുണ്ടൊരു നിരാശത—
ഭഗ്നമാം മനോരഥം—ഭഗ്നഭാവനാസൗധം

മുട്ടോളം നീണ്ട ബാഹാമൃസഖം, നിവന്നിടം-
പൊക്കാരു ദോരന്തരം, മേദുരതാരുണ്യശ്രീ-

രാജന്യതേജസ്സോലുംവെട്ടുന്നു; നൈരാശ്യമേ,
രാജതാംബരത്തെ നീ മഷിദൂഷിതമാക്കി!

പച്ചനെൽക്കതിർക്കലേ പാഴാക്കുന്നില്ല ചാഴി
പിച്ചകപ്പൂവിൽപ്പോലും കിടപ്പൂ ചെറുകീടം.

മെച്ചമായ് പൊൻപൂച്ചിട്ടു കാണുന്ന പുരോഭാഗം
പ്രച്ഛപ്പേടത്തിന്റെ പിന്നിലെക്കഥയെന്തോ?

തൃണമായ് തള്ളീ തൃതീയാർത്ഥത്തെ നേടാൻ, പ്രേമ-
തൃഷിതൻ ബാഹ്യഭോഗബാഹുല്യമങ്കാപാത്തം!

വിന്ധ്യന്റെ വിരിമാറിൽ തച്ചീപാതലംപോലെ
വന്ധ്യാശൻ മനക്കാമ്പതന്നുപാണെത്തിച്ചേർന്നു.

കാഷായവസ്ത്രത്താലും, കാന്തികന്ദളിതാംഗം
കാമുകാദർശഭൂതൻ മൂടിനാൻ ഭൂതിയാലും.

ഏതൊരു വിലാസിനീവ്യസനിപ്രഭോ! ഭവാൻ
പൂതമാം പ്രണയത്തിൻ ദാരുണപരിണാമം!!

* * * *

സാന്ധ്യീയസായം പ്രേമപുഞ്ജമേ, കാർമേഘാളി
മാറ്റും ഒരു മറച്ചോട്ടെ, ദുർവ്വാരവാതാഹതം;

നിശ്ശിരകതിർവീശി നിർമ്മലനഭഃസ്ഥലം
മിന്നിടും മുന്നേക്കാളുമചിരാൽ ചരിതാർത്ഥം!

പായുമപ്പയോവാഹപങ്ക്തിയെ നിറുത്തുവാ-
നായുയത്തുന്ന കൈയേ, നീയേറെ ഹാസാർഹമാം.

വെൽക നീ, മലത്തൊത്തിൽ ത്തുളുമ്പും തെളിത്തേനേ!
വെൽക നീ, പൂങ്കോകിലഗളനിർഗ്ഗളൽധാരേ!

മാനസക്ഷേത്രത്തിലെക്കാഞ്ചനക്കൈവിളക്കേ!
കാനനത്തിൽക്കളിയിളംപൂഞ്ചോലേ! രാഗപ്പൂൺപേ!

ചെങ്കതിരവൻ പുൽകിപ്പൂവർകൈതത്തെന്നലാട്ടും
തങ്കത്താമരികളാണോ തവ താരാട്ടുതൊട്ടിൽ?

* പണ്ടു മർത്ത്യനെത്തീർത്ത മണ്ണാലേ പണിചെയ്ത
പാത്രത്തിൽ വെച്ചാൽ തെല്ലു കയ്ക്കുമേ തെളിനീരും
*　　　　*　　　　*

മാധുര്യമഞ്ജൂഷികേ! നിൻ ചെറുകണം ചെറു-
മായതിൽത്തുളിക്കായ്കിൽ കാഞ്ഞിരത്താറ്റ് നീരല്ലേ?

നിരയപ്രായമാക്കി നൈരാശ്യം നിഹനിക്കും
നരജീവിതത്തിൽ നീ ഫുല്ലപുഷ്പാഭ ചേർപ്പൂ!

കടന്നൽക്കൂത്തും, കല്ലും, മുള്ളുമേ കൂട്ടാക്കാതെ-
ക്കടപ്പൂ, നിന്നാമോദോന്മാദിതർ കാടും മേടും!
*　　　　*　　　　*　　　　*

---

* പെർഷ്യൻകഥ. ദാഹാർത്തനായ ഒരാൾ ഒരു തടാകത്തിലെ തെളിനീര്, മൺപാത്രംകൊണ്ട് മുക്കിക്കുടിച്ചപ്പോൾ കൈപ്പുതോന്നിയത്രെ. ശരീരം മണ്ണായതെടുത്ത് പണിചെയ്തതായിരുന്നു ആ പാത്രം. ഇലകൊണ്ട് കോരിക്കുടിച്ചപ്പോൾ ദുസ്സ്വാദൊന്നും തോന്നിയതുമില്ല.

മധുമഞ്ജരിയേന്തും വനികേ! മലാലസം
മധുരാലാപം വിധുകമിതാവോടും ചെയ്‌വൂ

കാകളീസ്വാഗതത്താൽ സ്വീകരിക്കുക ദിവ്യം-
ഭിക്ഷുനെ—ദീപ്തപ്രണയാഹൂതസർവ്വാർത്ഥനെ.

ശാന്തസംഗീതം പാടിസ്സന്ധ്യകൾ പാർശ്വത്തിലെ-
കാന്തസുന്ദരം പൊയ്കക്കുന്നിൽ രുചികൾ!

താരിലും തളിരിലും തെന്നലിൽ നൃത്തത്തിലും
താവകോപാസിക്കും മൂർത്തി തിളങ്ങിക്കാണ്മൂ കമി.

ഇരുലോകപ്രമോദങ്ങളിവ്വിധമൊഴിയാതെ-
ത്താലോചിപ്പിതു രാഗരപ്പുറ്റിത്തങ്ങണനെ.

* * * *

11

അന്തിമേഘപ്പുംഗവത്തിൽ പുഷ്പം പോലു, പിറേറ-
ന്നന്തികത്തണഞ്ഞ യുവയോഗിയെക്കാണായ്വന്നു!

ചന്ദ്രിനിൽ വിടർന്നുള്ള തങ്കാരിന്ദിരിതൾ മണ്ടു
കണ്ടിതു ഹൃത്സാരള്യസ്ഫാടികസംപുടങ്ങൾ.

അത്ഭുതപ്രസാദിതന്നാകം ഹതാശനി-
ലാകവേ പുനഃപുനഃ പുളകാലാപം ചെയ്തു.

ലോചനങ്ങളേ! തമ്മിലാലോകമൊന്നാൽ ചേത-
സ്സേചനപടുക്കളേം നിങ്ങൾ?—എന്തിതിൻ മർമ്മം?

ചാക്ഷുഷസ്സുഖമാമോ?--ഭസാതങ്കഞ്ഞാം സമീക്ഷിക്കും
സംക്ഷുബ്ധൻ മിതാക്ഷരം കുശലപ്രശ്നം ചെയ്തു!

യു:—അഹന്ത! ഭഗോശരന്മാക്ഷയസ്ഥാനം വനം
അഹതഹൃദയനായന്നത്തെൻ സുഖഹാരമേ!
നിശിതപ്രേമചിന്തോദ്ദീപകം ഹൃദ്ദാഹകം
നിതരാം വിവിക്തമിദ്ദക്കാനം തോന്നുന്നു മേ'

അ:—'ഞാനുമങ്ങതു കല്പ്പിച്ചില ദ്രൂഷ്ട്രാദ്ദൈവ്വദനാ-
ലൂനമാനസം'—ഏവമഭ്യാക്ത്യാ വിരമിച്ചു.

യു:—'ഇമ്മിഴികളുടെ ശൗഴകിട്ടമങ്ങയെക്കണ്ടി-
ട്ടെന്മനം ചെന്താമരച്ചുടി ചെമ്മണ്ണിൽത്തഴപ്പിച്ചു'

അ:—'ഘനനിരക്കുമയദരം പ്രാപിക്ക! ഭഗോശർ നാം
വനംവിട്ടിനിപ്പുരീ ഭിക്ഷിക്കാമ പ്പുരിസരം'

ഭാരിയോടിതൾശ്ശീല ഭനപഥ്യസ്ഥിതൻ്റിട്ടു;
ചാരിതം തങ്ങാസ്സുമംഗലസാമമ്പസമശ്രീ.

യു:—'അങ്കമങ്ങനെ, മാർഗ്ഗം, കാണിക്കു മമ സഖേ!
പോകാം' എന്നഭ്യാഗതപാദം പിന്തുടരവേ,
കാലിടർച്ചയാൽ കൈകത്താമവലംബവില്ലാതാഞ്ഞു;
വെല്ലിതകളെബലമാഗതൻ മാറിമാഞ്ഞു.

പ്രേമാതൻ്റെ ഹൃത്സൗന്ദര്യം വൈരാഗ്യം വിഴുങ്ങായ്വാൻ
മായാതാപസനായി മാഞ്ഞതാ മനസ്സിതിനി!

* * * * *

കാലകല്ലോലങ്ങളിൽ കണ്ണീരിൻ കണികയും;
ലോലവായുവിൽപ്പാടെ ലയിച്ചു നെടുവീർപ്പും
നിർജ്ജനാടദേശം മധുനിഷ്യന്ദി വേണുസ്വാനാ-
വർജ്ജകമാക്കി, വൃന്ദാവനശ്രീ ചൂഴ്ടംവീശി,
പ്രേമതപ്തന്റെ മാനഃക്ഷേത്രത്തിൽ കൺകുളുർക്കെ-
ക്കാമാനന്ദമലം കണ്ടു ശാന്തിമുദ്രിതയായി,
ആശ്രമാന്തികേ മേയുമിളമാൻകിടാവിനെ-
യശ്രുലമർല്ലാലാപാകം ചെയ്യുമേ വേദതാപരം.
കണ്വതാപസകന്യ വാസന്തോഷസ്സുപോലെ
കരുവുന്നിതാ നിത്യപ്രണയാത്മികേ, തൊഴാം.

പവിട്ടീരപ്പാകാശ്യന്തിച്ചാരിത്ര തേജഃപുഞ്ജ-
പവിത്രീകൃതദേശം പ്രേമാഘാതകന്മാരേ,
ശിഥിലീകൃതമായി സ്വംഭൗതികദേഹബന്ധം
പതിക്കുംകാലം പ്രതീക്ഷിക്കുകയല്ലീ കല്യ,
ചരിതാർത്ഥ്യത്തെ പ്രാപിച്ചീടുകി നിത്യബ്രഹ്മ-
ചാരിതാൻ ഭവത്പ്രേമഭാജനം ബാല്യബന്ധു.

മാനസം തന്നൊഴുക്കിസ്സേചനം ചെയ്യുന്നോര-
മ്ലാനമാമനുരാഗസൂനത്തെ സ്സ്വാർത്ഥാന്ധന്മാർ
പാഴ്മണ്ണിൽച്ചേരടിച്ചിട്ടു, പാണിയാം കൃപാണിയെ-
ക്കോമളം മറെറാന്നിലുറക്കൊതിയാൽ നീട്ടീടുന്നു!
ഹതജാതിയാൽ ചേർച്ചകൈവരാതെഴും പ്രേമ-
വ്രതരേ! പരത്തുവിൻ തൂമഞ്ഞം പാരത്തിലും!

# വീരാംഗന.

(കാകളി)

'മേവാര' ലക്ഷ്മി മഹാരഥന്മാരുടെ
പോർവാളുലച്ചിലിൽ പൊന്നൂയലാടവേ,
വീരാംഗനാപദാനങ്ങളാം ഗീതിക-
ളാരാൽ മുഴക്കി 'യശാവലി' മാരുതൻ.

ഘോരവരങ്ങളുള്ള ഭാരതനാഡിയിൽ
സംഹാരചൈതന്യപ്രസരം നട്ടംവിധം
ദേശാഭിമാനനിറവെൺകതിർ പൊഴി-
ച്ചാശാമുഖങ്ങളെ ദീപ്തമാക്കി ധ്രുവം
വിദേശാന്തരം വിണ്മാർഗ്ഗേ വിളങ്ങുന്ന
വിശ്രുത"സംഗ്രാമസിംഹ" തേജോഭരം.

മാററലർ മാനസസ്പന്ദനം പോലവേ
കാററിൽ 'പട പട' ധ്വാനകല്ലോലിതം
പാറിക്കളിച്ചുള്ള വൈജന്തിക്കൊടിക്കൂറ
കീറിപ്പൊളിഞ്ഞ പഴംതുണിത്തുണ്ടങ്ങളിലും,

കാലത്തിനുള്ള കരാളമാകും കരം
കോലംപകർത്തിച്ചുട്ടുകാട്ടുപോലവേ,
ശൂന്യഭയങ്കരാകാരം കലർത്തിനാ
ശൂരദുർഗ്ഗങ്ങൾതൻ പാഴ്ക്കല്ലിനുള്ളിലും,

വിസ്മൃതിയാകും വിരിപ്പിന്നടിയിലും,
വിസ്ഫുടം വൎണ്ണ്യാംശമെന്തു ചുഴിയുമോ?
ആ വശ്യവാക്കവിതൂലികളുണ്ടു, ഹേ!
മേവാരമേ, തവ മേന്മ കുറിച്ചിട്ടും.

കാർമ്മുകിൽക്കൂട്ടമശാവലി മാമല
തന്നുകളിൽത്തലകാട്ടിക്കഴിഞ്ഞുപോയ്;
പട്ടാണിനാഥൻ 'ബഹദൂർഷ്' ഉഗ്രമം
പെട്ടന്നണിഞ്ഞിതു മേവാരസീമയിൽ -
കൊട്ടാരമൊന്നു കുലുങ്ങി; പലനൊരാരേ-
മട്ടാണിളമാനമുഗ്രമഹിഷവും

താരയ, തിരുമുഖപ്പുഞ്ചിരിപ്പാലൊളി
മാമയണ്ഡമട്ടിൽ മറയ്ക്കിലും മാമുകിൽ,
സർവ്വാതിശായിയാം സൽഭാഗ്യശ്രൂലിതൻ-
ദിവ്യാരമയിലുള്ളു മങ്ങി മറഞ്ഞുപോയ്!

വീര്യം മരുത്തിൽ മണം ചേർത്തു, ധർമ്മാത്ഥ-
മായുസ്സുമത്തെയെരിഞ്ഞുതള്ളീടവോർ,
പോരാടി വീരനായർ മരിക്കവേ,
ഹാ! രാജ്യരക്ഷയ്ക്കു വീണ്ടുമപ്പിക്കുവാൻ
പോരാതെവന്ന സൂകരെന്നു മാഴ്കിയോർ
പേരാന്ന നമ്മുടെ നാട്ടിലെ നാരിമാർ:

ഭാരതമാതേ, ഭവതിതൻ സ്ത്രീപ്രജാ-
ഹാരങ്ങളാം വേദാന്തചിന്തയിൽ നീന്തിയും;

ചോരണിച്ചുട്ടു ധരിച്ചും; സതീധൎമ്മ-
പാരമ്യമാൎന്നും; തിളങ്ങീ തിരുമാറിൽ!

ത്യാഗാഗ്നിയിലാത്മഹോമത്തിലും മീതെ
യാഗമില്ലെന്നു പഠിപ്പിച്ചു യോഗിമാർ
എത്ര മഹിളകളാദൎശഭൂതക-
ളുണ്ടതാനാൎയ്യജസംസ്കാരഗൌരവം

വീരജനത്തിൻ വിയൎപ്പുനീരോ, നിണ-
ധാരയോ ചേൎന്നാണഭിവൃദ്ധിവല്ലരി
പാരം തഴച്ചു തളിൎപ്പതെങ്ങും, മമ
ഭാരതോൎവ്വികത്തിൽ മുന്നണിതന്നയാം.

സ്വീയദേശസ്നേഹശക്തി ജഗദ്വ്യാപി-
യായ സ്വല്പഗൎഭത്തിലെ ഭ്രൂണമാം
അയല്ലൊ പൌരഹൃദന്തരാളത്തിൽ നി-
ൎമ്മാണം നിറവത്തെ സൎവ്വസൌഭ്രാത്രവും.

സച്ചരിതത്താൽ സനാതനനാമന്നിതാൻ
സംഗ്രാമസിംഹമഹിഷി ‘കൎണ്ണാവതി’
വീരനാകത്തെ വരിച്ച നാഥനെന്നേഴും
ഗൌരവം പാലിച്ചുപോന്നു മനസ്വിനി.

പാണിയിൽപ്പോൎവാളിളകിയും, കാണായി
റാണിയപ്പോൾച്ചട്ടയേന്തിയും, മന്തികേ
ധൎമ്മരക്ഷാവ്രതമെന്തെന്തു സാഹസ-
കൎമ്മം നടത്താൻ കരൾക്കരുത്തേകിടാ?

വീരപ്പടയാളിവൃന്ദങ്ങൾ റാണിതൻ-
ധീരമുഖമുക്തദൃഷ്ടിപ്രവൃഷ്ടിയാൽ
പത്തിരട്ടിച്ചു പരാക്രമക്കോളല-
ച്ചെത്തിയിരമ്പും മലയാറുകൾപോലെ

വീയുന്ന വാളുകളെയ്യുന്നൊരമ്പുകൾ
പായുന്ന തീയുണ്ടകൾക്കെതിരാകുമോ?
ഘോരനാളികാമുഖോദ്ധൂത ധൂമാളി
വീരർക്ക് നിശ്രേണിയായി വിളങ്ങുവാൻ

പോരിൽ പരാജയം നിശ്ചയമെന്നോർത്തു-
ചാരിത്രമായ കുലധനം കാക്കുവാൻ
സ്മേരധീരാനനം രാജ്ഞിയോടൊന്നിച്ചു
പൗരാംഗനാജനം പത്തിരണ്ടായിരം
വീതിഹോത്രങ്കൽ വിവാഹൈകസാക്ഷിയിൽ
ഭൂതിയാക്കീ സുസുഖാനുഭൂതികടൽ!

സൂരൻമറയാത്ത മന്നിന്റെ ലബ്ധിയോ;
ഭാരതഭാമിനീ ചാരിത്രശക്തിയോ;
ഈരണ്ടിലേതിങ്കലിച്ഛയെന്നാകിൽ ഞാൻ-
നൈപരംവരിക്കുമേ രണ്ടാമതാം വരം.

# നിദ്രയോട്.

അതിശാന്തമഞ്ജുവ്രജങ്ങൾതൻ-
ഗതിയും, വൃഷ്ടിനിപാതനാദവും,
മതിമോഹനമത്തഭൃംഗശബ്ദാ-
കൃതിയും, ചാരു നദീപ്രവാഹവും. 1

മലയാനിലമന്ദചാരവും,
ജലധിക്കുള്ള തരംഗഘോഷവും,
പല ധാന്യഫലാഢ്യമായെഴും
നിലവും, നീലനഭസ്സുമിങ്ങനെ. 2

പല ചിന്തകൾ ചെയ്തു ഞാൻ വൃഥാ-
ഫലമാം നിദ്രയെയൊന്നു പുൽകുവാൻ
ഉടനെൻ ശ്രുതിയിൽ പതിച്ചു * മുൽ-
ക്കടമുദ്യാനപികാദിനിസ്വനം. 3

ഇതരാത്രികൾ മാത്രമല്ല ഞാ-
നിതു മട്ടിന്നലെയും കഴിച്ചു പോൽ!
വശവർത്തിനിയായതില്ല; യീ-
നിശയിൽ കണ്ണിണയൊന്നു പൂട്ടണേ! 4

സരസം നവചിന്ത നൽകിടും
വരനിദ്രേ! തനുസൌഖ്യകാരിണി!
ഇരുനാളുകൾ ചേർത്തിണച്ചിടു-
ന്നൊരു ഭദ്രേ! ഭവതിയ്ക്കു വന്ദനം. 5

വേഴ്സ്വത്ത്.

---

* നിദ്രാഭംഗത്താലാണു പ്രഭാതത്തിൽ കോകിലാരവംകൂടി കർണ്ണ-
ശൂലമായതു്

# നമ്മുടെ സഹോദരൻ.

—:*:—

## I

(കേക)

രണ്ടു നൂററാണ്ടായ് കാലം;—പൂർവ്വശൈലത്തിൽനിന്നു
രമ്യതൈജസഗോളമുയർന്നുതുടങ്ങുന്നു.
തരംഗാവലി തടം തടവിത്തുള്ളിപ്പുറ-
ന്നിരമ്പും നദിമാത്രം ദൈന്യഭാവത്തെപ്പൂണ്ടും,
സമഭാവനാന്വിതന്മാരേ നൃപന്മാരായി നീളെ
വിമലംവീശീടുന്ന നീലത്തിങ്കൽ നൂതനംവെളിച്ചം,
കുടിലൊന്നതാകാണ്മൂ;—കൂട്ടംവെക്കുശരാരം
കുടികൊള്ളുന്ന പിത്താശയിലാനനത്താലും,
പ്രകൃതീശ്വരിപോലും നിർദ്ദയംപ്രഹരിച്ച
വികൃതസ്വാന്തത്തോടും, മുററത്തൊററത്തായി,
ഇലഞ്ഞിച്ചോട്ടാശ്രയിച്ചിരിപ്പുണ്ടൊരുയുവാ-
വലച്ചത്തീട്ടുമററിൽ ശൂന്യദൃഷ്ടികളൂന്നി.

മണ്ണിനോടൊരുപോഴും മല്ലിട്ടുമടങ്ങാത്ത
മട്ടെഴും കയ്യാൽത്താടിതാങ്ങിക്കൊണ്ടിരിക്കുന്നു.

പാഴ്ക്കുടിൽക്കകമില്ലം പൂംപൈതൽകരയവേ,
നോക്കുമമ്മങ്ങളൊട്ടെയ്യാന്നു; നെടുവീർപ്പുകൾപൊങ്ങും.

ബലഹീനരിൽച്ചിലർ ചെലുത്തുംചെങ്കോലിന്റെ-
ഫലം: ഇച്ചിന്താക്രാന്തൻ ഹൈന്ദവൻപുലയൻപോൽ!

നിന്മതിപ്പകമേറിത്താൻ പെരുപ്പുഞ്ചകൃഷി-
പ്പൂമതാം പാഴായ്, അന്തേവാസികൾ തുണക്കില്ല;
അങ്ങാടിത്തെരുവിലങ്ങങ്ങാനും പോയ് വല്ലതും
വാങ്ങാനും പണമില്ല! പണിക്കും തരമില്ല!
പട്ടണത്തിങ്കൽച്ചെന്നാലോട്ടിപ്പായിക്കുമാഢ്യർ;
പട്ടിണികിടക്കയേ നിർവ്വാഹമുള്ളൂ പാവം!
തന്നുടെ കുടുംബിനി മാറണിപ്പൈതക്കൈത്ത-
ച്ചിന്നും കണ്ണീരോടേ നോക്കി വിധിയെശ്ശപിക്കയാം.
ഒട്ടിളം പൈതലൊന്നു ഹാ പൊട്ടിക്കരയുന്നു
കിട്ടാതെയതിനുള്ള ജീവനരസായനം.
പാവങ്ങൾ തങ്കൽ കെട്ടി, വായ്മൂടിജ്ജാതിഭൂതം
ജീവരക്തത്തെയപ്പോലും കുടിച്ചു കൂത്താടുന്നു!

ശങ്കരസ്പർശംകൊണ്ടു കേരളസ്ഥലിയിങ്കൽ-
നാകത്തെ വിസ്മയിക്കും മർത്ത്യരിങ്ങധമന്മാർ!
ക്ഷേത്രോപജീവിയായ പുംഗവൻ ഭൂസുരമ-
ക്ഷേത്രത്തിൽ ചിറകറ്റ പക്ഷിപോൽ പതിതനോ?
വാഗ്ദേവിയാളെത്തീണ്ടിപ്പോകുവാൻ വരമ്പിട്ടു
വാഴണമെന്നോ നിസർഗ്ഗശാലീനസ്വഭാവർ?
കാപട്യമേറ വെള്ളപ്പൂശിയാം പുറംപൂച്ചാൽ
ഗോപനംചെയ്യാനിവർ ശീലിച്ചില്ലെന്നോ ദോഷം
ക്രിസ്തു തൻ തിരുരക്തമതിനായൊഴുക്കിയോ,
സിദ്ധാർത്ഥനേതിനായ്ത്താൻ സാമ്രാജ്യച്ചെങ്കോൽ തള്ളി?
ആ ലോകം സ്വാർത്ഥത്തിന്റെ പിടിയിൽപ്പെട്ടതന്നെ-
യാമൂലം ഞെരുങ്ങുന്നു—സ്വാതന്ത്ര്യം നാമമാത്രം!

ജീവിതമാകും ക്ലേശസങ്കുലം, അതിന്നു മേ-
ലീവിധമേല്പിക്കയോ കഷ്ടംകൈകെ സഹോദരർ?
കാരുണ്യം സ്നേഹോജ്ജ്വലമൊന്നു താൻനാനാവർണ്ണം
ചേരുന്ന ജനതയിലഭേദോദയം ചെയ്യും.

## II

(കാകളി.)

വാട്ടം മിഴികളാൽ നമ്മുടെ സോദര-
രോടിയൊരോന്നോളങ്ങളിലാടുന്നതു കണ്ടു.
ഖിന്നതാർമ്മീമാലയിൽ നീന്തീടുമായവ-
രെന്തോ നിസ്സർഗ്ഗജപ്രേമാണയാൽ ക്ഷണം
കാലപാശം കണക്കോളിയുദ്ഗാരുണ-
ലീലയാൽ ചുററുന്ന വർത്തികമാലയും
ജാതിമേക്കിസ്സിന്റെ ശ്രീകണ്ഠാരവമത്താടു
പാതിയുമൊത്ത വൻകാററിന്റെ ചീററലും
ഏതും ഗണിക്കാതെടുത്തു ചാടിപ്പാ-
മാത്തയാത്രികർ തന്നെ രക്ഷിച്ചിതേ.
തീരെത്തണുത്തു നിശ്ചേഷ്ടമാം തൻതനു
തീരത്തു നിന്നാണ്ടെടുത്തു തിരിച്ചുടൻ
കുപ്പമാടത്തിങ്കലെത്തിക്കേട്ടംവിട്ടി-
യൊപ്പം പരിചര്യ സാദരം ചെയ്തവ,

കണ്ണു മിഴിച്ചോട്ടു ജീവദാതാവിനെ-
യുണ്ണിനമ്പൂരികളുംക്കു നോക്കിടിനാർ.
പാരം കൃതജ്ഞതാശീതമാരാട്ടുമ-
ന്നേരം ജടിലമായുള്ളൊരു ജാതിയിൽ

അചരിച്ചൂ, ത്രിപുരാരിത്തിരുനെററി-
ലോചനാഗ്നീലയെ-ബ്ബോധം തെളിഞ്ഞിതേ.

നാട്ടു നാലിൽപ്പരം കാതമകലെയാം;
കാട്ടുപോക്കുള്ളൊരിടത്തില്ലുമില്ലവും;
സഹജ്ജാരന്നാണു പോരെങ്കിൽ പരം, മഹി-
നിർജ്ജരൻ പാദ്മക്കടിൽപ്പൂ നിലാവാർ ചിരം.
സന്തതം സൂക്ഷ്മതത്ത്വാന്വേഷിയിദ്വിജൻ
ചിന്തിച്ചിതേവം പരിസരശക്തിയാൽ.
“ചാത്തൻ തൻകൂട്ടുകാർ വാർത്ത വിയർപ്പു നീർ-
മുത്തുകളാണീ മഠമാർന്നെഴും മുതൽ-
സ്വാമിക്കുവേണ്ടി സ്സ്വജീവിതംപോലുമേ
ഹോമിപ്പതിന്നിപ്പുലയർ പുലരുന്നു;
ഹാ! കശ്മലൻ പ്രഭു കഷ്ടം! കരുത്തുന്ന
കൈകഴപ്പിച്ചു തൻ മെയ് കൊഴുപ്പിക്കുവാൻ.
“ശങ്കരാചാര്യരും പാക്കനാരും തവ
തങ്കതനാശയാണദ്വൈതമേകിനി,
ഗീതയിൽ“ആത്മവത് സർവ്വഭൂതാനി”യെ-
ന്നോതിന തത്ത്വം പ്രവർത്തിപ്പവർ ദ്വിജർ
“തത്ത്വമസ്യാദി”യും ‘ഗായത്രി’യും കിളി-
ത്തത്തപോലോതിയാൽ ബ്രാഹ്മണ്യലബ്ധിയോ?
“ഞാനുമിച്ചാത്തനുമെന്താണൊരന്തര-
മീയുലകിലേ ഹന്ത! ബന്ധിച്ചു ജാതിയെ?
കർമ്മകാണ്ഡം കാട്ട്—സംസ്കാരമെന്നതു
നിർമ്മമത്വം, സമഭാവന, സത്യവും

വേദവിഹാരിയാം വിപ്രൻ നമിച്ചിതു
പാദജനല്ല, പറയനാം നന്ദനെ.
"മാമറയോതന്റെയുമപ്പറയന്റെയു-
മോമനപ്പൈതങ്ങളൊന്നുപോലെവരുമേ,
വിശ്വപിതാവിന്റെ തിരുമടിത്തട്ടി,"ലീ
വിപ്രനോത്സവം കളിപ്പിച്ചു പൈതലെ.
തീമയപൊട്ടുന്ന മട്ടല്ല- നിർമ്മല-
പ്രേമം ഹിമാലയംപോലെ നിശ്ചഞ്ചലം;
ശൃംഗാരഭാവം കലർന്നതു പാവന-
ഗംഗാനദിപോലെ വററാതൊഴുകുമേ.
വാനായ വൻ വിധിയാകെച്ചുരുട്ടിടാം;
വാരാശി നീർത്തുള്ളി വേർതിരിച്ചാക്കിടാം;
മാമലപോലുമണുവാക്കി മാററിടാം;
പ്രേമമേ, നീ പരാശക്തിപര്യായമേ!
സൌഭ്രാത്രമന്ത്രവും, സംത്യാഗയാഗവും
ഹേ ഭാഗ്യദചാർവ്വി, നിൻമക്കൾക്കു മംഗളം
ഗാത്രാമയം തീർന്നിതൊട്ടുനാൾ ചെൽകവേ,
ധാത്രീസുരന്മാരക്കാരദേശിപ്രമാർ
യാത്രയ്ക്കൊരുക്കങ്ങൾ ചെയ്തു; നറംകീടിനാൻ
ചാത്തക്കു ദക്ഷിണപോലവേ തൻധനം
ആത്മവിദ്യാതത്ത്വമാരാഞ്ഞറിയുവാ-
നാചാര്യസന്നിധിക്കുള്ള യാത്രാന്തരേ,
ഈ യോഗമുണ്ടായ്; ചരിതാർത്ഥനായ് ദ്വിജൻ
പ്രായോഗികജ്ഞാനസമ്പന്നനാകയാൽ.

അദ്ധ്യാപകനാം പുമാനിൽനിന്നുതാ-
നദ്ധ്യാത്മതത്ത്വം പഠിച്ച ഗ്ഗുരുകുലം
കണ്ണീർ ഉള്ളുഴിച്ചിടും മട്ടു കൈവിട്ടുപോ-
യുണ്ണിനമ്പൂരി തന്നില്ലത്തിലെത്തിനാൻ.

സ്നേഹമേ, നീ ജയിച്ചാലും! സുധാപരി-
വാഹമേ, മർത്ത്യനെദ്ദേവനാക്കുന്നു നീ!

---

## * തൂലികാചലനം.

(കേക.)

പ്രകൃതീശ്വരി തന്നേ സൽകൃതിക്കായിശ്ശില്പി
വികൃതപ്പെടുത്താത്ത വിമലശിലാപീഠം,
പച്ചവില്ലീസുകൊണ്ടു പാതിയും പൊതിഞ്ഞിട്ടു
മെച്ചമായ് വെച്ചിരിപ്പൂ! വേണ്ട മേ വേത്രാസനം
പോരെങ്കിൽ, പൊന്നീരാളക്കതിരും ചാർത്തിക്കൊണ്ടു
ചാരവേ പച്ചക്കുട!—കാകളീ സ്വാഗതം ഹാ!

ധാരാമേഖനിതമ്മേലെന്നുടെ കരം താനേ
ചേരാനെന്തവകാശം? ചുണ്ടുമുണ്ടനങ്ങുന്നു!
സാവേശം, സ്വയമേവാഗതയാം കവിതത-
ന്നാവേശമുണ്ടെന്നോർത്തു ബന്ധിച്ചു പരികരം.
വിടർത്തിപ്പിടിച്ചോരീപ്രകൃതിഗ്രന്ഥം നോക്കി-
ത്തുടങ്ങീ, പകർത്താനിച്ചെറുകൈപ്പുസ്തകത്തിൽ.
കൊച്ചു കോമളമായ കവിമാനസക്കോവിൽ-
മച്ചിലുജ്ജ്വലിച്ചീടും പ്രതിഭാദീപാങ്കുരം
വിസ്തൃതവൈഹായസവീഥിയിൽ പൊങ്ങിപ്പൊങ്ങി
വിന്യസിക്കുന്നു വർണ്ണവൈചിത്ര്യം മേഘങ്ങളിൽ

സ്വാതന്ത്ര്യമുരളിയിൽനിന്നു നിർഗ്ഗളിച്ചീടും
പൂതമാം നാദം പൂന്തേനൊഴുക്കീ ചെവികളിൽ:

---

* പട്ടാമ്പി മുസാവരി ബങ്കളാവിൽ വെച്ചു്.

ചെങ്കതിരവൻ പുൽകിക്കുങ്കുമാങ്കിതമായ
തങ്കമെയ്യിളക്കിക്കൊണ്ടെത്തീ പത്രികൾ പാടെ-
മാനവാസ്വാദ്യമായ മട്ടു പൂഞ്ചിറകടി-
സ്വാനമോടിവ ചെയ്‌വൂ ഭാഷണം കൊഞ്ചിക്കൊഞ്ചി
ശിക്ഷിതപടുത്വത്താൽ സാവലേപനാം മർത്ത്യൻ
വീക്ഷിക്കാ സ്വാഭാവികസന്തത ജീവിതശ്രീ!

നിൻ പുരോഭാഗേ പുകഞ്ഞെത്തുമീ യാനം പാർത്തു
നിൽക്കുന്ന യാത്രോൽസുകന്മാരെ നീ നോക്കി നോക്കി,
കാമചാരിണാം ഖഗ! ഹസിപ്പൂ പ്രകൃതിതൻ-
കോമളവിരിമാറിൽ ചരിപ്പാൻ പണം! പണം!
നിർജ്ജീവമായോരന്യോപാധിയെയാശ്രയിക്കെ,
മജ്ജിതരാകുന്നില്ലാ ലോകരെന്നാലോചിച്ചോ?

അംബരം വിട്ട കാദംബിനിയെക്കാണുംപോലെ-
ച്ചുംബനാലിംഗനങ്ങൾ ചെയ്‌വൂ നീ മഹീതലത്തെ!
പണ്ടൊരംഗുഷ്ഠമാത്രൻ ചവിട്ടീ നിൻ ബന്ധുവെ;
കൊണ്ടിളു പാദാഘാതം പകരം മറ്റൊരിയ്ക്കൽ
ക്ഷമിച്ചു സർവ്വംസഹാധരമാസ്സംയമീന്ദ്രൻ
വമിച്ചു ക്ഷ്വേളം! എന്തോ, ദാരുണപരിണാമം.

ഖുറാനൊന്നിലും, മറേറക്കരത്തിൽക്കരാളമാം
കരവാളുമായിക്കേരളമിളക്കിയോൻ,
ക്രൂരനാം മൈസൂർ വ്യാഘ്രം!—തൂലിക ചലിപ്പീലാ-
കോരിയിട്ടീടുന്നു മേ കോൾമയിർ മെയ്യിലെല്ലാം
ചെഞ്ചോര ചൊരിയുവാൻ തിരിച്ചു മരുമല്ലേ്യ,
പൂഞ്ചോല സൃഷ്ടിക്കുവാൻ കരുത്തുള്ളോരുകാം!

നിർദ്ദയം മുറിച്ചൂ നീ ഖുറാനിൻ മൂലമന്ത്രം;
നിന്നേററി വിയത്തോപ്പാറും നൂറുപേർ നിലം പുൽകി!
നിന്നുടെ ഭയാനകനാടകം രണ്ടാമതും
നിൻരക്തബീജോത്ഭവരാടിയിന്നലെ—ഹാ! ഹാ!
ക്രൂരനാം മൈസൂർ വ്യാഘ്രം!-ടിപ്പു തീർത്തൊരു കോട്ട
ട്ടുള്ളത്തു പാഴായ്ക്കാൺമൂ! ദുർവ്വാരമെ പാതകം!
ശാർദ്ദൂലപോതങ്ങളങ്ങുണ്ടുപോൽ ശയിക്കുന്നു!
* ശാത്രവഭയാവഹം—എത്ര യുക്തമീയോഗം!

സൌമ്യയാം പ്രകൃതിതൻ സീമന്തരേഖപോലെ
രമ്യയായ് പ്രവഹിപ്പൂ ഭാരതകല്ലോലിനി.
ഉള്ളൂരുമല്ല, വള്ളത്തോളുമല്ലിവൻ വെറും
പള്ളത്തു—പരിമിതവാക്ക—വർണ്ണിപ്പാൻ വരേണ്യ!
താവകതരംഗമാം രംഗത്തിലഭിനീതം
ദേവനാടകമമ്മേ, മറന്നോരല്ല ഞങ്ങൾ
പാവനനാടിപ്പൂൺമേ, ഭൂരിഭാഗ്യവക്ഷേത്ര-
ജീവനാഡിയായ്ത്തന്നെജ്ജയിപ്പൂ ജനനി നീ!
സസ്യശ്യാമളകൂലാലംബികൾക്കെല്ലാം നിരാ-
ലസ്യജീവനം നൽകിപ്പോരുന്ന പുണ്യശീലേ!
നിൻകുളിരംഭസ്സ്—അല്ല—അമൃതം തന്നെ—യല്പം
'ചങ്കിൽ' നിന്നിറങ്ങുമ്പോൾ, ഉൽഫുല്ലചൈതന്യ-

(ത്താൽ

---

* ടിപ്പുവിന്റെ മേൽചരിത്രം ചളിതേച്ചതാണെന്ന് ഇപ്പോൾ തെളിയുന്നു.-(പ)

നട്ടുച്ചക്കൊടു വെയിലിൽ തട്ടുന്ന പോതും, വിര-
ണ്ടൊട്ടിയ വയർ മറന്നൊട്ടുമേ വാട്ടമെന്യേ,
പാടത്തു പണിയുന്ന കർഷകപ്പുരുഷകൾ;
പാടററു പാടുന്നതു നിൻ മധുര ധ്വനിക്കൊപ്പം!
പാവനമടിപ്പൂൺപൊടി പാരമേലാവുകററ
ജീവനാഡിയായ്ത്തന്നെജ്ജയിപ്പൂ ജനനി നീ!

ലോകത്തിലാത്മജ്യോതിസ്സർപ്പിച്ചു പോയവർ പുണ്യ-
ശ്ലോകർതൻ വെൺചാമ്പലിൽ കിടക്കും കൊപ്പേറി
തേടിക്കണ്ടതിക്കത്തിച്ചുജ്ജ്വലമാക്കിത്തന്റെ
നാടിതു കാട്ടനീക്കി വെളുപ്പിപ്പെടുത്തുപിടയാൻ,'
കൊച്ചുകൈവിളക്കുകൾ കൊളുത്തിക്കൊടുത്തങ്ങു
കോമളമരീചിയാൽ കോൾമയിർക്കൊള്ളിക്കുവാൻ,
സാഹിത്യാചാര്യൻ—നാമാവശേഷം തേ—തീർത്ത ദിവ്യ-
സാഹിതീലതാപരിപുഷ്ടിതശാഖ ചൊൽക!

പുന്നശ്ശേരി.

# പൂംപാററകൾ

"ചോറും കറിയ്ക്കും" തലകാഞ്ഞു മണ്ടു-
മിന്നാത്ത വിദ്യാഭ്യാസനം വിനിന്ദ്യം!
അതിന്റെ ചെപ്പോംച്ചൂലിലൂന്ന് വീഴ്വൂ,
താരുണ കലാശാസ്ത്രകലാപമെല്ലാം!

മുന്നോട്ടു നീറംകൺമുന നീട്ടിനീട്ടി-
ത്തന്ത്രാനുകാൽച്ചോട്ടുകൾ വെച്ചുതന്നെ,
ഉന്നതിമേലെയ്ക്കുന്നമുറച്ചു പായും
ധന്യന്നു കൂടില്ല, കട്ടമ്പലില്ല.

നിസർഗ്ഗദേവിയ്ക്കടിനീട്ടിച്ചെയ്യുവാൻ,
പടർന്നു പൊങ്ങാൻ പ്രതിഭത്തഴപ്പിനും,
ഇടംകിടയ്ക്കാത്ത കലാലയത്തിൽ നാം
വിട്ടുന്നു കാണില്ലൊരു കാളിദാസനെ.

പൊൽക്കാശിനും വീണ്ടുമൊട്ടിപ്പാപ്പു
പുലത്തിയും, വാടിന പൂവിടത്തും,
അനാശലാഭം കവിതേ, കളിയ്ക്കു
വെപ്പ്രാറു നീയോ വിട്ടുവേല ചെയ്യാൻ?

തൈമുല്ല വാടീല; വസന്തവാസരം
ഹാ! മങ്ങിമാഞ്ഞീല, തെളിഞ്ഞ തേനിതാ!
എന്തിന്നു വാടണു, മലർവാടിവിട്ടു സം-
ഭ്രാന്തം വനാന്തത്തിൽ വലഞ്ഞിടുന്നെടോ?

ഉള്ളിൽ ശയിക്കുന്നൊരദൃശ്യശക്തി
പെട്ടെന്നു ചെന്തീപ്പൊരി ചിന്തിനില്ലാൻ
സ്വജീവിതത്തൊടു വിപത്സമൂഹ-
മൂക്കോടുതാൻ മുട്ടിയുരഞ്ഞിടേണം.

കട്ടത്ത കൈവാർന്നതലത്തിലും, പാ-
ഞ്ഞെട്ടുത്തു ചെന്നുണ്മയിലുമ്മ വയ്പാൻ
മടുത്തിടാത്തൊന്നെ മഹാർഹലക്ഷ്മി
മറന്ന കൈമൈ പുണരാനിരിപ്പൂ.

ലോകം കരുത്തിൻെറ കണക്കുപോലെ
നേടുന്നു നീളെ വിജയപ്രകർഷം,
കൈകൊണ്ടുമാകാം, കരൾകൊണ്ടുമാകാം,
പിൻചോട്ടു വയ്പോൻ പിണമാക നല്ലൂ!

എന്നോ മനുഷ്യൻ 'മതിയിത്രമാത്രം'
എന്നാത്മശക്തിയ്ക്കതിരിട്ടിടുന്നു?
വളച്ചു നിന്നു—തനിയേ പതിപ്പൂ
ദൈന്യത്തെ, യന്നന്നതി കാത്തുനിൽക്കെ.

നൈവേദ്യമായ് നൾകുക! നിങ്ങളെല്ലാ-
ക്കർമ്മങ്ങളും ഭാവിപദാന്തികത്തിൽ,
കട്ടത്ത കൈപ്പാർന്ന ഫലങ്ങൾ 'ഇന്നു'
കാട്ടാം, 'ഭവിഷ്യത്തു' തെളിഞ്ഞ തേനും.

സുധർമ്മയിൽത്താൻ സുധയും നകൻ
സുവർണ്ണസിംഹാസനമാണ്ടിടട്ടെ,
അധർമ്മമാർഗ്ഗത്തിലലഞ്ഞ ശീലം
ചെങ്കോലിനെച്ചേററിലമിഴ്ത്തുമോന്നാം.

പരന്നൊരിജ്ജീവിതമുൾപ്പടപ്പിലും
വിരഞ്ഞു പൂമെത്ത വിരിച്ചുകാണുവോൻ
ചൊരിഞ്ഞുപൊള്ളും വഴിനീളെ മഞ്ജുളം
പൊഴിഞ്ഞ പൂഞ്ചന്ദ്രിക കാക്കുവോൻ മഹാൻ.

നീടുറ്റ മാമൂൽമറയിട്ടു നാലു-
കെട്ടിനകത്തുങ്കലിലുറച്ചു നില്പോ?
മുന്നോട്ടലയ്ക്കുന്ന മഹാപ്രവാഹം
നിലംപതിപ്പിപ്പൂ മനുഷ്യ, നിന്നെ.

ഉറച്ചവിശ്വാസ, മുയന്ന ധൈര്യ,-
മുന്നത്തിലേയ്ക്കുള്ള തറച്ച നോട്ടം,
ഇക്കണ്ട സാമഗ്രികൾ നൽകുമാക്കം
ധർമ്മപ്പെരുംപോരിൽ നിരന്ത നേട്ടം

അദൃശ്യമായ് നില്പൊരദൃഷ്ടഹസ്തം
മുൻകാൽകൾ ബന്ധിച്ചു, മുടക്കി മാർഗ്ഗം;
എന്നെത്രപേരുണ്ട ഹതാശ, രെന്നു
മൗന്നത്യമേ നീഷതിടുമോ ചത്തി!

---

## ചിത്രശലഭത്തിനോട്.

---

പറന്നുപോകാതരികത്തു നിൽക്കെടോ!
കുറച്ചുനേരം കുതുകാൽ പതംഗ! നീ
പറഞ്ഞിടാൻ മേ പലതുണ്ടു നിന്നോടെൻ-
ചെറുപ്പനാളിൻ സുചരിത്രമാകെ! 1

ഒഴിഞ്ഞുപോകാതരികെക്കളിക്കുമെൻ-
കഴിഞ്ഞ കാലങ്ങൾ പുതുക്കിടുന്നു നീ!
നിഴൽക്കുതുല്യം മതാതഗേഹമുൾ-
മിഴിയ്ക്കു ചേക്കുന്നിതു ചിത്രപത്രി! നീ. 2

രസിച്ചു മത്സോദരിയോടുകൂടി ഞാൻ
ലസിക്കുമീ പ്രാണിയെ വേട്ടയാടുവാൻ
ഹസിച്ചുകൊണ്ടോടി നടന്നനാകുലം
വസിച്ചൊരാശ്ശൈശവകാലമേ സുഖം! 3

കടന്നുകുണ്ടും കുഴിയും; കട്ടമുൾ-
പ്പടപ്പിലും ചാടിനടന്നു പണ്ടു ഞാൻ
മടിച്ചു മത്സോദരി പുണ്യശീലയാൾ
തുടയ്ക്കുവാൻ പൊൻചിറകിൽപ്പെട്ടും പൊടി 4

വിരിഞ്ഞൊരിപ്പൂവിൽ വിലീനനായി നീ-
യിരിപ്പതെന്തിങ്ങിനെ യത്നഹീനമായ്?
ശരിക്കുറങ്ങീടുകയോ? മധുള്ളിയാ-
ഹരിക്കയോ നീ? യറിയുന്നതില്ല ഞാൻ. 5

ഇളക്കമില്ലാതെഴുമാഴിപോലിതാ
വിളങ്ങിടുന്നൂ വികസിച്ച പൂവിൽ നീ
തളിത്ത തൈവല്ലികളെസ്സമീരണൻ
കളിച്ചു പുൽകുംപൊഴുതെന്തു് നിൻസുഖം! 6

സുമംഗളാരാമമിതന്യമല്ല; യീ-
ദ്രുമങ്ങളെല്ലാമിവനുള്ളതാണെടോ!
സുമങ്ങളോ, സോദരി തന്റേയും; നിന-
ക്കമന്ദമിങ്ങാൻ തളച്ചു് തീത്തിടാം. 7

അടുത്തിളംകൊമ്പിലിരിക്ക നീ! ഭയ-
പ്പെടുത്തുമെന്നുള്ളൊരു ശങ്ക വേണ്ടതേ!
സ്ഫുടാദരം ബാല്യകഥാമൃതം കഥി-
ച്ചിടാം വരൂ! നീയിവിടെയ്ക്കനാരതം. 8

പ്രഭാകരൻ ബാലകരം പരത്തിടും
പ്രഭാതകാലം- കിളിതൻ കളസ്വനം,
സ്വഭാവരമ്യം മധുമാസ,മീവിധം
ശുഭോക്തതേ! ശൈശവവൃത്തമോതിടാം. 9

വേഴ്സ്വത്ത്.

# സന്നത ജീവിതം.

(കേക.)

സന്നതജീവിതത്തെച്ചവിട്ടിമെതിച്ചും; പച്ച-
പ്പുൽച്ചട്ടതൻമേലടിച്ചെഞ്ചോരപ്പാടേല്പിച്ചും,
ഉത്സേകസരണിയാൽ സഞ്ചരിക്കുവോർ മോദി-
ച്ചുണരുകയെസ്തുതിക്കട്ടെ ‘ദിനമിന്ന്’വക്കുള്ളു. 1

ഇരുളിൽച്ചുടുനെടുവീർപ്പുകളമത്തിയും;
മറച്ചും ദീനദീനം വാടിന വദനങ്ങൾ;
ഗർവ്വാധികാരങ്ങൾ തൻഭാരമേറെയേറ്റാന-
കേഴുവോരുടെ മദ്ധ്യേ മൽകൃത്യം കൃതാർത്ഥൻ ഞാൻ, 2

നിത്യമിപ്പാവങ്ങൾതൻ വേദനാസ്പന്ദനങ്ങൾ
നിന്നുടെ നിശാകാലനിഗൂഢോദരംതന്നിൽ
ഓരോന്നായ് പ്രസ്ഫുരിപ്പൂ; പരാധിക്ഷേപങ്ങളും
താവകസാന്ദ്രശാന്തിമുദ്രയിൽ ക്കൂടിനില്പൂ. 3

“നാളെ”യിക്കൂട്ടർക്കത്രേ; നിൻനിറകതിർവീശൂ!
ചെഞ്ചോരച്ചോപ്പും ചേർത്തൊരവടിമേൽ സഹ-
സ്രാംശോ!
വിടർത്തു പുലർകാലപ്പൂക്കളെ ച്ചിത്തോരേക-
ചപലോൽകകൾ മഞ്ഞുവെണ്ണീറായ് പാറീടട്ടെ! 4

ടാഗോർ.

# നവയുഗദർശനം.

---

(നതോന്നത)

ദിവ്യകാന്തികന്ദളത്താലിരവിന്റെ വിരാമത്തിൽ
ദിക്‌ചക്രവാളങ്ങളെല്ലാം ദീപ്തമായ്ക്കണ്ടു.

വിണ്ടലത്തിൽ വെള്ളിത്തകിടൊളുത്തുവിളങ്ങുന്ന മേഘം
വിണ്ടുകണ്ടായ്; ക്ഷണം മായ്വു വീയാതെനിന്നു;

അനന്തമാമന്തരീക്ഷമാകമാനം പിറയ്ക്കുമാ-
റനന്തര'മോങ്കാര'ത്താൽ മുഖരമായി;

ബ്രഹ്മാണ്ഡകടാഹമെല്ലാമചിന്ത്യമാകുമേതോ ശക്തി-
തന്മഹസ്സാൽ ദിവ്യരൂപം തടവുകയോ?

പൗരസ്ത്യദിങ്മുഖത്തിലെ നിശ്ശ്വാസത്തിൽക്കൂടിയടി-
ച്ചൂര'ലാലിമ'യൊന്നക്ഷിലക്ഷീഭവിച്ചു.

പരിശുദ്ധാകാരംപൂണ്ട 'കുരിശൊന്നു' സമീപത്തു
പരിസ്ഫുരിച്ചിട്ടു കാന്തിപരീതമായി.

നഭോരംഗം 'മന്ദാലീപ'ക്കാഴ്ചപോലെ'യർദ്ധചന്ദ്ര'
പ്രഭോദയംപൂണ്ട 'താരാ'കാന്തിപൂരവും;

ഒരുജാതിയൊരുമതമൊരുദൈവമെന്നവാക്യം
ചെറുതാരനിരചേർത്തു നിരത്തിക്കണ്ടു;

തങ്കനൂലിൻമാലകൾപോലെ താരാകരങ്ങളിൽനിന്നു
സംക്രമിക്കുമൊളിതള്ളിസ്സർവ്വവും മൂടി;

കടലേത്തുമിരമ്പീല: ചെറുകാററുമിളകീല;
സ്ഫുടം ദിക്കു മുഴക്കിയൊരാകാശവാണി:—

“ഏകജ്യോതിസ്സമുദ്രത്തിൻ ബിന്ദുക്കളേ ഭേദങ്ങള-
ററാകെസ്സംശ്ലേഷിപ്പിൻ, സാർവ്വജനീനതത്വം”

---

# മാമൂലിൻെറ കൊട്ടംകോലം.

---

(കേക)

ജാതിയാം വിഷവല്ലി ചുററിയിമ്മതവൃക്ഷം
പാതിയും പാഴാകവേ ശ്രീപത്മനാഭദാസർ

ചിത്രഭൂപതി, ചെത്തിക്കളഞ്ഞൂ മഖിപ്പുമാം
പൊൻതൃക്കൈയുടവാളാൽ മാമൂലിൻ പടപ്പിനെ

നന്നച്ചാളമ്മറാണി; വളർത്തപ്പെട്ട ധർമ്മ—
ധനരാൽ ദിനരാത്രം— മട്ടാക്കെമാറിപ്പോന്നീ

ക്ഷാത്രതേജസ്സിൽ ചിത്രഭൂപതേ ഞൊടിയിട-
മാത്രയിലിതാ ചാരമായി പ്പോയനാചാരം;

ആ വിഭൂതിതൻ നല്ലി സ്സധർമ്മക്ഷേത്രത്തിങ്കൽ
ലിപിവിധം കാണായ്വന്നു; വമ്പിക്കാർ വഴികാട്ടി,

മാമൂലിൻ കൊട്ടക്കോളിൽ മാറ്റൊളി തിരിയാതെ
ഹാ! മുങ്ങിപ്പോങ്ങും കോഴിക്കോട്ടിനും കൊച്ചിയ്ക്കുമേ

ചിത്രക്ഷമാജാതൻ സചിവോത്തമസഹായവാൻ സത്—
പുത്രസുമഹാറാണിയൊന്നിച്ചു നീണാൾ വാഴ്ക!

അശപസ്തലക്ഷങ്ങൾതൻ ആനന്ദബാഷ്പംതീർത്താ—
രാശംസാഹാരമലങ്കാരംതേ! നമസ്കാരം!.

---

# നീതിമാല. *

1

സജ്ജനം താൻ പരത്തുന്നു
സജ്ജനത്തിൻ ഗുണങ്ങളെ!
മന്ദാനിലൻ പരത്തുന്നു
മന്നിൽപ്പൂമണമെന്നമെ.

2

മാന്യന്മാരുടെ മദ്ധ്യത്തിൽ
മൌനം മന്ദന്നു ഭൂഷണം.
മിണ്ടാഞ്ഞാൽ മാവിൽ മേവുന്ന
കുയിലും കാകനും സമം.

3

ഒന്നിലേറെപ്പരിചയം
വന്നാലോ രുചി കെട്ടുപോം:
പൊരുംകോട്ടിലെഴും നാരി
വിറകാക്കുന്നു ചന്ദനം.

4

വൈരിക്കുമുപകാരത്തെ
വരുത്തീടുന്നു സജ്ജനം:
തരുക്കൾ തണലേകുന്ന-
തില്ലേ? വെട്ടുന്ന മർത്ത്യനും.

5

ഉപായം മുമ്പിലോർക്കേണ-
മപായത്തെ തടുക്കുവാൻ:

സിംഹവും മുമ്പൊളിച്ചല്ലേ
സംഹരിക്കുന്നതാനയെ.

6

ദുൎജ്ജനങ്ങൾ ദൂഷിപ്പിക്കും
സജ്ജനത്തിൻ ഗുണങ്ങളെ:
ധൂമം നിൎമ്മലമായ് മിന്നും
വ്യോമത്തിൽക്കറ ചേൎത്തിടും.

---

# ഒരു പ്രാർത്ഥന

(കനകകിങ്ങിണി എന്ന മട്ടു്.)

ഹൃദയപ്പാഴിരുളൊഴിവാൻ ധർമ്മത്തി-
ന്നുദയരശ്മികളുതിരട്ടെ!
ചിര, മഹിംസതൻ ചിറകടികൊണ്ടു
രേതല്ല വാനിലൊലിപൊങ്ങി.

വിവിധ ദുർമ്മൂർത്തി; വിവിധാരാധനം
വിഷമിച്ചു—ജന്തുബലിയാലേ!
കഴുകനാക്കുന്ന കൊലനിലംപോലി-
ലിപ്പൊഴുതെങ്ങും ചോരയൊഴുകുന്നു!

സമതാകാഹളവിളിയോടും ധർമ്മ-
സമരം ചെയ്തോരു ജിനദേവ,
എരിപൊരികൊള്ളു മെളിയോർക്കുമാർക്കും
ശരണം നീ ബുദ്ധഭഗവാനേ!

## * ഈഴനാട്.

---

ഈഴനാടലകടൽമാതൃ തൻ പതക്കമാ-
ണീഴശ്രീ തെങ്ങാം പച്ചത്തൂക്കട ചൂടിനിൽക്കുപ്പാറം;
ഈഴമന്നവലക്ഷ്മിക്കിന്ദ്രഭൂപാലം ദാസി;—
യീഴനാട്ടുകാർ ശൈവശക്തിതൻ സ്ഥൂലിംഗങ്ങൾ;

ഈഴപ്പെൺമണികുലമുള്ളിലും പുറമെയു-
മീഴച്ചമ്പകനിഭം സ്വച്ഛയാം സുരമ്യയാം;
ഈഴമങ്കമാരാർക്കുമെയ്ത്തിലുമെഴുത്തിലും
താഴെയല്ലട്ടുകളെയ്യൊപ്പമാണടർക്കളം

ഈഴപ്പോർമടകോരങ്കക്കലി കൊണ്ടാർത്തു ചാടി
വീഴവേ ലങ്കയാർക്കു ലംഘ്യമാം—ദിവാസ്വപ്നം!

---

* പുരാതനലങ്ക

# പരമഹംസഗുരുദേവൻ.

---

സുപ്തസിംഹന്മാരെത്തട്ടിയുണർത്തിക്കൺമിഴിപ്പിച്ച
സുഭവാഹുക്കൾരണ്ടുമതി സുകുമാരങ്ങൾ,
മുപ്പത്താറുലക്ഷം കൈകളൊപ്പം പിടിച്ചുയർത്തുവാൻ
കെല്പേറുന്നവയാണെന്നതും വികല്പംവേണ്ട.
അടിയാരെക്കാത്തുപോരുമടിയിണ പ്പൂമ്പൊടികൾ
മുടിയിൽപ്പൂണ്ടാൽ മുറ്റും മുക്തരാം നമ്മൾ.
വിപരീതശക്തികളെ—വിപദ്ദേവതകളെ നാം
വിപാടനം ചെയ്‌വാനെന്തുവിളംബിക്കുന്നു?
തീർത്ഥപാദരുടെ തിരുനാമോച്ചാരണത്താൽത്തന്നെ
തീരെപ്പേടിച്ചിവ തിരോധാനം ചെയ്തീടും
സ്വതസ്സിദ്ധപരിമളം സ്വതന്ത്രതപുലരുമ്പോ-
ളതന്ദ്രമായടിച്ചെണ്ടു മശുദ്ധി നീക്കും
നാരായണജഗദ്ഗുരുജന്മർക്ഷങ്ങൾ ജയിക്കട്ടെ!
നേരാം നമുക്കവിടുത്തേക്കാരോഗ്യഭാഗ്യം.

---

തങ്കപ്പല്ലവ പേലവത്തിരുകരം തന്നിൽ
സ്വധർമ്മാർപ്പിതൻ—
ചെങ്കോലേന്തുക! "ചിത്രഭൂപതി" ക്ഷീരം തണ്ടാ-
രില്ലംതെണ്ടുമ്പോൽ.
തിങ്കൾക്കുട്ടി! തിളക്കമോടനുദിനം വർദ്ധി-
ച്ചുവഞ്ചീനഭ-
സ്സിങ്കൽ പൂർണ്ണതയോടുദിച്ചു ജനതയ്ക്കേക-
ട്ടെ നേത്രോത്സവം.

---

# പുലിക്കൂട്ടിൽ. *

ചെന്തീക്കണം ചിന്തിന കണ്ണുരുട്ടി
വാലിട്ടടിച്ചുജ്ജ്വല ദംഷ്ട്ര കാട്ടി
മുരണ്ടിടും വ്യാഘ്രവരന്റെ കൂട്ടി-
ന്നകത്തൊരാളാരിതു? ദാരുണാഭം! ൧

“അപൂർവമാം തന്നിരയെത്തുറിച്ചു
നോക്കിച്ചിരം നിന്നിതു രൂക്ഷരൂപി
അശേഷശൗര്യാസ്പദമെന്ന രാജപുത്ര-
വ്യാഘ്രം നിലക്കൊണ്ടിതു നിർന്നിമേഷം” ൨

രാജന്യതേജസ്സലതല്ലുമാസ്യം,
വിരിഞ്ഞ മാർത്തട്ട്, സുധീരനോട്ടം-
കലുഷമില്ലാതിതുമട്ടു കൂട്ടിൽ
നിരായുധൻ നിൽപു മുകുന്ദദാസൻ! ൩

---

* (മുകുന്ദദാസൻ എന്നു് പ്രഖ്യാതനായ രാജപുത്രവിക്രമിയെ ഔറംഗസീബ് ചക്രവർത്തി കൊട്ടാരപരിസരത്തിൽ നിർബന്ധിച്ചു താമസിപ്പിച്ചിരുന്നു. ആ മഹാരഥന്റെ ബാഹുവീര്യത്തിലും അതിരററ ശൌര്യത്തിലും ചക്രവർത്തിക്കു തന്നെ ഭയമുണ്ടായിരുന്നതിനാലാണു് അങ്ങനെ പ്രവർത്തിച്ചതു്. ഒരുദിവസം ചക്രവർത്തിയുടെ ഒരു സന്ദേശഹാരിയോടു് എന്തോ ആക്ഷേപം പറഞ്ഞുവെന്ന കാരണം പ്രമാണിച്ചു് മുകുന്ദദാസിനെ പുലിക്കൂട്ടിലിടുവാൻ കല്പനയായി. മേവാരാധിപനായ യശോവന്തസിംഹന്റെ ദക്ഷിണബാഹുവായിരുന്നു രാജവംശജനായ ഈ രണശൂരൻ.)

ശാഠ്യം, ലഘുമാ കഷ്ടാശ്രമരീതിയോളം–
വെട്ടും മുഖം നോക്കി; യദൈന്യമാണ്ടു,
അശക്തികണ്ടാലവിടെച്ചെല്ലുത്തും
ചെങ്കോ,ലിതാം ജന്തുവിനുള്ള ശീലം. ൪

മനുഷ്യബാഹ്യക്ഷണ ദുർബ്ബലത്വം
ദുസ്സാധമായ്ക്കാട്ടുമനേകകാര്യം
ആത്മീയശക്തിക്കടിമപ്പെടുന്നു;
മഹോദയത്തിന്നിതുതന്നെ മർമ്മം. ൫

മഹാർഹമിബ്ഭാരതമണ്ഡലത്തെ–
യനാഥ്യമാക്കാനുഴറുന്നതാരോ,
അവന്റെ വക്ഷസ്സു വിദാരണം ചെ–
യ്തീടാൻ കരുത്തുള്ള നഖങ്ങൾക്കാരെ, ൬

യോകുലൻ ഭാരതചക്രവർത്തി
കഷ്ടം, നരാധ്യാജ്ഞന നൽകിയില്ല,
സ്വാരാജ്യധാനിക്ക പുറത്തെ വായു–
വെള്ളം ശ്വസിപ്പാനിട, ദുർന്നയാന്ധൻ. (യുഗ്മകം) ൭

മഹീതലം മാനവന്മാർക്ക മാത്ര–
മല്ലാതെ മററാർക്കധിവാസയോഗ്യം?
പുല്ലാക്കി, നാരീവിജിതന്റെ വീത–
മന്ത്രാദരതോക്തി-സുദണ്ഡനീതി!! ൮

ഔറംഗസേബിൻ കനയത്തിനെല്ലാം
കനിക്കവാനല്ല തദീയശിഷ്ടം;

അതോ, ക്ഷത്രാത്മവധൂപഹാര-
പ്പൂമാലതൻ ചാർത്തിനു തീർത്തതല്ലേ! ൯

സാമ്രാജ്യനാഥൻെറ സഭാസദന്മാർ
ശ്വാസംവിടാതായത്തു നോക്കിനില്ക്കേ
ശിരസ്സുതാഴ്ത്തിപ്പുലി ഹന്ത, ശീഘ്രം
കൂട്ടിൻെറ മറേറവശമാണ്ടു കഷ്ടം! ൧൦

“ഇതാ, മദീയപ്രതിയോഗി മുററും
ഭയപ്പെട്ടു,ന്നെൻെറ മുഖത്തു നോക്കാൻ
നേരിട്ടുനില്ലാപ്പരിപന്ഥിയോട്ടു
പോരിന്നു പോകില്ലൊരുരാജപുത്രൻ!” ൧൧

അധൃഷ്യവീര്യത്തെ വിലോകനംചെ-
യ്തത്യത്ഭുതംപൂണ്ടൊരു മണ്ഡലേശൻ
അക്കൂട്ടിൽനിന്നാശു ബഹിർഗ്ഗമിപ്പാൻ
കല്പിച്ചു; സംഭാവിതനായ് സുധീരൻ ൧൨

“ഇക്കണ്ട വിശേഷോത്തരമായ വീര്യം
പിതൃസ്വമായിട്ടവകാശമേല്ലാൻ
തനൂജരില്ലേ തവ വീര!” യെന്നു
സമ്രാട്ടു ചോദിച്ചിതു സപ്രഹർഷം. ൧൩

നിസർഗ്ഗധീരദ്യുതി ചിന്നുമാറു
മുകുന്ദദാസൻ പ്രതിവാക്യമേകി
“അങ്ങുന്നിവണ്ണം ഗൃഹഭിത്തികാട്ടാ-
തിങ്ങാക്കിയാലെങ്ങനെ പുത്രയോഗം?” ൧൪

മൂവാററാട്ടിന്നു മണിപ്പതക്ക-
മാകും യശോവന്തനു മുഖ്യമന്ത്രി
മുകുന്ദദാസൻ നൃപവംശചന്ദ്രൻ
മുകിൽക്കലം മൂട്ടകിലും വിളങ്ങി ൧൯

അക്ബർഷാസാമ്രാട്ടതസാർവ്വഭൗമൻ
വിദേശകവിശ്രുതരെ വിളിച്ചു ഭുവിൽ,
പ്രാഗത്ഭ്യനോടാം നിണനീരൊഴുക്കി-
പ്പാഴാക്കവേ; ബാഹുജ, കൈതവിക്കോ? ൨൦

# 5

## മാലിനി.

---

നയനസുഖനിലാവാം മാലിനിപ്പെൺകിടാവെ-
പ്പ്രിയമൊടു പലരോതിപ്പണ്ടു ഞാൻ കേട്ടിരിപ്പൂ;
വയൽവഴിയൊരുനാൾ ഞാൻ സഞ്ചരിക്കുന്നനേരം
കയൽമിഴിമണിയാമക്കുട്ടിയെക്കണ്ടുമുട്ടി. ൧

പ്രിയസഖികളുമില്ലാ, ബന്ധുവർഗ്ഗങ്ങളില്ലാ,
വയലിടയിലൊരേടം വാണിരുന്നൂ കുമാരി;
സദയമിരുമിഴികൾക്കും നൽസുധാധാരപോലെ
നിയതമിവൾ വിളങ്ങീ നിർമ്മലാകാരലക്ഷ്മി. ൨

ഹരിതനിറമിണങ്ങും പുൽപ്രദേശത്തു കാണാം
ഹരിണശിശുനിരയേയും നന്മുയൽക്കുട്ടിയേയും
ഹരിവരകടിയാളാം 'മാലിനീ'നാമ ചേതോ-
ഹരയുടെ മുഖപത്മം കാണ്മതാൻ വയ്യ മേലിൽ! ൩

“നിശയിതു മമ ബാലേ! ഘോരമാം ക്രൂരികൂട്ടം
പിശറുമുടയതല്ലോ ശോഭകന്നീ! പട്ടണത്തിൽ
ശശധരമുഖി! മാതാവിൻ നീ മഠത്തിലൂടെ-
ക്കശമതയൊടു ദീപം കാട്ടിയിങ്ങോട്ടുപോരൂ.” ൪

മമതയൊടതു ചെയ്യാമച്ഛ! ഞാനിച്ഛപോലെ-
സ്സമയമധികമായിട്ടില്ല; സായാഹ്നമല്ലോ.
ക്രമമൊടു മണിനാലിങ്ങിപ്പോഴേ മുട്ടിയുള്ളൂ;
കമലിനിയുടെ കാന്തൻ താഴുമാറായതില്ല. ൫

തെളിവുടയൊരു ദീപം കയ്യിലേന്തിസ്സഖീലം
നളിനമിഴിനടന്നാൾ നല്ല മാൻപേടപോലെ!
തളിരടികൾ പതിയ്യെച്ചിന്നിമേല്പോട്ടുയർന്നു
കുളിരിളകിന മഞ്ഞിൻധൂളി ധൂമാളിപോലെ. ൨൰

കരുതിയ സമയത്തിന്നൊട്ടുമുമ്പേക്കഠോരം
തരുനിരകൾ പുഴക്കം വങ്കാട്ടുകാററടിച്ചു;
ഇരുളിലമല, കുന്നും കുണ്ടുമൊക്കെക്കടന്നു
വിരുതൊടു; നഗരത്തിൽ ച്ചെന്നുചേന്നില്ല കഷ്ടം. ൧

അനഘയവളെ നോക്കിട്ടുച്ചർവിളിച്ചും, കരഞ്ഞും
മനമുരുകി നടന്നു രാവിൽ മാതാപിതാക്കൾ;
തനയയുടെ പദത്തിൻ പാതമോ നാദമോ ദു-
ർഗ്ഗമമിതിൽ വഴികാട്ടാനൊന്നുമുണ്ടായതില്ലാ. ൨

മകളെയവിടെയെങ്ങും കണ്ടുകിട്ടാഞ്ഞുയാമ-
ന്നകതളിരതിതാപത്തീയിൽ വാട്ടിക്കഴിച്ചു;
പകലവരൊരു കുന്നിൽക്കേറി നോക്കീടവേ തെ-
ല്ലകലെയൊരു മരത്തിൻ പാലമാഹന്ത! കണ്ടു. ൩

സുലളിതതനുവാമീ യോമനപ്പെൺകിടാവിൻ-
മലരടിയടയാളം മഞ്ഞിൽ മാതാവു കാണ്കെ,
"അലമിനി; പരലോകത്തങ്ങു നമ്മൾക്കു കാണാം"
വിലപിതമൊടിവണ്ണം ചൊല്ലിമെല്ലെത്തിരിച്ചു. ൪

നിനവു ചലമുമേന്തിക്കുന്നിൽ നിന്നങ്ങിറങ്ങി-
ത്തനയയുടെ പദത്തെപ്പാർത്തുടൻ പിന്തുടർന്നു;

അനവധി ചെറുവൃക്ഷക്കൂട്ടവും മുൾപ്പടപ്പും ൧൫
ഘനകടനഘതന്മാർ ബുദ്ധിമുട്ടിക്കടന്നു.

സുമതികളിരുപേരും നീണ്ടപാടം കടന്നു;
വിമലയുടെ പടത്തിൻ പാട്ടതാൻ പാർത്തതെല്ലാം;
ക്രമമൊടതിന്നെ നീളെപ്പിന്തുടർന്നങ്ങമന്ദ-
ശ്രമമൊടവരൊട്ടക്കം പാലമുള്ളേടമെത്തി. ൧൬

ഹിമധവളിതമാകും തീരമാർഗ്ഗത്തിലൂടെ-
ക്ഷമയൊടവർ നടന്നാർ പാലമദ്ധ്യം വരെയ്ക്കും;
ഭ്രമപരികരയാമിബ്ബാലികാമാലികയ്ക്കു-
ള്ളമലചരണചിഹ്നം പിന്നെയോ കണ്ടതില്ല! ൧൭

സുലഭസുകൃതയാമിക്കുട്ടി ജീവിച്ചിരിപ്പു-
ണ്ടുലകിലിതുവരെയ്ക്കെന്നത്രെ ചൊല്ലുന്നിതിടുന്നു?
നലമുടയൊരു ബാലാരൂപമാർന്നിജ്ജനശ്രീ
വിലസിന വനഭൂവിൽക്കണ്ടിടാറുണ്ടുപോലും! ൧൮

നളിനനയന പിന്നോട്ടൊന്നുമേ നോക്കിടാതെ-
ത്തെളിവൊടു പലമാർഗ്ഗം തേടി നീളെച്ചരിപ്പൂ!
കളിയൊടവൾ പൊഴിക്കും നിർജ്ജനസ്ഥാനഗാനം
കുളിരിളകിന കാററിൽച്ചേർന്നു മൂളുന്നു മന്ദം. ൧൯

* വേഴ്സ്വത്ത്

# പാരതന്ത്ര്യപരാഭവം.

---

എത്രനാളീജ്ജാതിവിഷപ്പുഴയരിച്ചു,രിച്ചിമ്മ-
ട്ടെത്ര കരിംതളിരുകൾ കരണ്ടതിന്നു?

ഇരുമ്പു ചങ്ങലക്കണ്ണി തുരുമ്പേററഴഞ്ഞതു
ചെറുവിരൽക്കൊണ്ടറുക്കാം ചെറുപ്പക്കാരേ,

ഇന്നലെപ്പുൽക്കൊടയായിക്കിടന്നവർ തലപൊക്കി-
യിന്നു കൊടിമരമായാൽ കോപിക്കും ജാതി!

നൈരാശ്യത്തീപ്പുക പൊങ്ങിക്കൺ കലങ്ങിക്കഴി-
ക്കയോ?
പോരായ്മയെപ്പോററുകയോ? പോരാട്ടുകയോ?

ഇരുളിനേക്കാളിരുണ്ട ജാതിക്ക കൊട്ടരങ്ങൾ തീരു
കരിയാനു് ചോരപ്പുള്ളും കൂറക്കൂട്ടരെ.

പാരതന്ത്ര്യപരാഭവമോരോ മർമ്മം തുളച്ചതിൻ-
ചോരഞരമ്പറുത്താലും ചൊടിയില്ലെന്നോ?

---

# വിജയഗാനം.

ജയ! ജയ! ഭാരത ഭാസുരഹാരി!
ജയ! ജയ നാസിസകൃതസംഹാരി!
ജയ ജയ! സപ്തസമുദ്ര വിഹാരി!
ജയ! ബ്രിട്ടാന്യ കേസരിവീര!
ജയ ജയ ജയ ജയ വിജയാഭരണ!
ഭേണോനാജ്ജിത വന്ദിതചരണ!

ചിറകുമുറിഞ്ഞു കുഴഞ്ഞു പതിച്ചോരു
പറവകളൊക്കെ ശ്ശത്രുവശക്തി
വിറയലൊടൈക്യ മഹാബലവതിൻ-
തിരുമുമ്പാകെത്തലതാഴ്ത്തുന്നു! (ജയ! ജയ!

ഇട്ടനിണവെപ്പു കല്ലറായൊഴുകി;
ചുട്ടമിഴിനീരാലെങ്ങും കമഴ്കി;
പടനിലമാകെ ക്കഴുകി; ജയശ്രീ
പടഹധ്വനിയോട്ടു തിരുമെയ് തഴുകി.

വാളിന്നറങ്ങാമുറയിൽ സൈന്യം;
തോളിനൊഴിക്കാം തോക്കിൻ ഭാരം;
പീരങ്കികളുടെ തീയുണ്ടകളിൻ-
ഘോരം ഘോഷവുമാശ്ശമിച്ചു (ജയ! ജയ!

ഇരുപത്തുലക്ഷം ഭാരതഭടനിര-
നിരുപമവീര്യം നിറയെയൊഴുക്കി

തെരു തെരെ, വീരപുരാതനചരിത-
പ്പെരുമപുലർത്തി; പൂതുപൂകരം ചാർത്തി (ജയ!ജയ

(൨)

നട്ടരാത്രിയിലും കിട്ടകിടടമെടിയാൽ
നെട്ടനാളായി നട്ടങ്ങുംനില

കാററിൽക്കൂടി സ്സമരജയധ്വനി
കാതിലലച്ചുക്കാകളിപോലെ
ശമയിലെപ്പുരവാസിജനത്തെ
ക്കൈമെഹന്ത! മറന്നു പൂന്നു!

മരുമണൽ പോലെമനോഹര നഗര-
ത്തെരുവുകളുണ്ടു കിടപ്പൂനീളെ
ഒരുതലമുറയിനിവേണം പുത്തിരി
നറുമലർത്തുകാൻ; കേച്ചിലസിപ്പാൻ (ജയ!ജയ

പടയാളികരംതാരടലിൻ പടിയുരം-
ത്തടവും വ്രണിതം ജനഗണനാട്ടവെ
പടവിരമിച്ചോരു വിജയാരവമിതി
നിടയിൽ വിരോചണമലപനമായി (ജയ!ജയ

സ്റ്റാലിൻ, റൂസ്‌വെൽററ്, ചർച്ചിൽമഹാബല-
ശാലികരം നേടിയജയമാലികയെ
മാലിലിതേവരെ നീറിയനാമിനി
മേലിലണിഞ്ഞിഹവിശ്രമമമേലാം (ജയ!ജയ

(൩)

ആറാണ്ടുകളായ്ത്തുടർന്നിങ്ങനെതിർപ്പു ക-
ളാറാതിപ്പടിപ്പടത്തുടരുന്നു.
തോരാമിഴിനീർ, തീരാമിടമിന്നി-
യാരാൽ കേൾപ്പൂ ജയമണിനാദം (ജയ! ജയ

മുപ്പാരിലുമം ഗജകേസരിയുടെ
നിർഭരഗർജ്ജനഘോഷാവിനട്ടവെ
ജപ്പാൻകുറുനരിയോടിയിട്ടന്നാരു
ദുഷ്പ്രാഭവവും ഹന്ത! തുലഞ്ഞു (ജയ! ജയ

## അരിവാൾഗാനം.

---

പുലയന്റെ കാർനിറം പൂണ്ടമേനി
വിലയേറും മുത്തുമുത്തു ചാർത്തിടുമ്പോൾ,
പച്ചപ്പുവാടയുടുത്തുനിൽക്കും
കൊച്ചുപുൽപാടമാം പെൺകിടാത്തി

തങ്കക്കതിർ മാല ചാർത്തിക്കൊണ്ടു
തങ്കരം നീട്ടുന്ന താലോലിപ്പാൻ.
പൊട്ടന്നടിക്കുന്ന വെട്ടംനോക്കി
ഞെട്ടിപ്പുറപ്പെട്ടുപോം പുലയൻ

ശ്രീദേവിയമ്മയ്ക്കു പൂജചെയ്യ
ഭൂദേവന്മാർക്കുമേ കമ്പവീക്കാൻ
പോററിമാർ പൂജയ്ക്കു പോകുംപോലെ
ച്ചോററിനല്ലെന്റെ പുലയൻപോകും.

കിണികിണിമണിനാദശംഖൊലിയും
കിളികൾതൻകൊഞ്ചലിക്ഷേത്രത്തിങ്കൽ-
തവളകൾമന്ത്രം മുഴക്കിടുമ്പോൾ
തലയാട്ടിദ്ദേവി രസിക്കയാവാം.

പലപലനന്മകൾ നാട്ടിന്നേകാൻ
പുലയനെപ്പോലുണ്ടോ പൂജക്കാരൻ
ശ്രീദേവിയാളെ പ്രസാദിപ്പിച്ചു
ഭൂതിയിന്നാട്ടാർക്കു നൾകും'ദേവൻ'—

ഈവർണ്ണധർമ്മണ്ണിൽ തീണ്ടൽക്കാരൻ—
കാർവർണ്ണനായ പുലയൻപോലും.

കൈവളയൊട്ടുകിലുങ്ങുമാറും;
മെയ്‌വിയർപ്പാറായൊഴുകുമാറും;
അരിവാളുകൊണ്ടുഞാൻ കൊയ്യുന്നോർക്കു-
മതിയൊരുനന്മയെൻ നാട്ടുകാരേ!

ഏങ്കത്തവന്നു കലപ്പയെങ്കി-
ലെങ്കരത്തിന്നരിവാളുംപോരും!
അരികളെ വെല്ലുന്നപോർവാളിപ്പോ-
ളരിയുള്ളവാക്ക മരിവാളല്ലോ

ഈ രണ്ടുദിവ്യായുധങ്ങളേന്തി-
ല്ലാരും പുലയർ പതിതർപോലും!
ചിത്തിരാശോകന്റെ വാഴ്ചനാളി-
ലിത്തരം ദുർന്നീതി തീണ്ടുകില്ല.

---

## വിജയകാഹളം.

(അന്നനട)

കനത്ത കൊണ്ടലാലിരുണ്ട വിണ്ടല-
മിന്നൽ വിരിയുമ്പോളിരട്ടിമിന്നുന്നു.

മനുഷ്യശക്തിയെയുണർത്തുവാനത്രെ
വിനക,ളുൾത്തടമുടയ്ക്കുവാനല്ല.
എതിർശക്തിതട്ടിപ്പുതിയ ചൈതന്യം
കുതിച്ചുപായണം, കുഴഞ്ഞുപോകാതെ.

പിണമായ നാളും, പിറക്കാത്ത നാളും
ഗണിക്കാതെതള്ളിഗ്ഗമിക്കുവിൻ മുന്നിൽ.
വഴിയ്ക്കിടയ്ക്കിടെ വഴുക്കിടാം കാൽകൾ;
അഴുക്കിലാണ്ടിടാം; കുഴച്ചിലും വരാം.
പുരോഗതിക്കു പിന്തുണ പുമാനു, പി-
ന്തിരിഞ്ഞിടാക്കരൾക്കരുത്തൊന്നേ പോരും.

തിളച്ചുചാട്ടുന്ന പെരും തിരകളെ-
ത്തളച്ചുതട്ടാതെ മുറിച്ചു നീന്തണം;
ഇടർച്ചകൈക്കൊണ്ടൊട്ടിടനില പൂണ്ടാ-
ലുടനതിന്നുക്കിലൊലിക്കയേ ഗതി.

വരട്ടെ വായ്പ്പിളന്നാഴത്തിമിംഗലം
നിറഞ്ഞനെഞ്ഞൂക്കിൽ വിരണ്ടു മണ്ടുമേ

ഉലയിലിട്ടൂതിയടിപെടും തോറും
വിലസുന്നു മേന്മേൽ വിലപ്പെടും തങ്കം;
മനോജ്ഞമാണിക്ക മണികൾ ചാണയി-
ലണച്ചിടും തോറുമൊളിവളർത്തിടും.

വിജയകാഹളവിളികൾ കേൾക്കുമ്പോൾ,
വിരിമാറിൽക്കാണും വ്രണങ്ങളോർക്കുന്നു!
പുകളൊളിവായ്പിൽ പകലിരവകം
പുകഞ്ഞ പാട്ടുകൾ പരതിയാൽക്കാണാം;
നെടുനീളെ മുള്ളിൻ പടപ്പുകൾ തട്ടി-
ത്തടഞ്ഞെഴും തഴമ്പടികളിൽക്കാണാം!

എരിവെയിൽ തട്ടിയുരുകിടാത്തതായ്;
കരിനിഴൽകണ്ടു നടുങ്ങിടാത്തതായ്;
ഉറച്ചൊരുൾത്തടമുടമയുള്ളോർക്ക്
നിറഞ്ഞ മേന്മയെ നിയതി വർഷിക്കൂ.

# കണ്ണീരൊഴുക്കിന്റെ ആഴം.

വാതായനത്തിന്നരികത്തുവന്നു
ഗീതാമൃതം പാടി മൃദുസ്വരത്തിൽ
ഇതാപറക്കുന്നു വസന്തകാല-
പ്രതാപവൈതാളിക പക്ഷിവൃന്ദം. ൧

സംഗീതസാമാന്യ വിലാസമേതു-
മില്ലാതെ, പാരം പരുഷസ്വരത്തിൽ
സമന്തതശ്ശോകദശീർണ്ണപർണ്ണ-
സമൂഹ മാഹന്ത! പതിച്ചിടുന്നു. ൨

ശാന്തം ജലാന്തത്തിലെഴും ഝഷൗഘം
ശബ്ദപ്രപൂർണ്ണം ഭുവിങ്കലുവൃന്ദം;
ആകാശദേശത്തു വിഹംഗജാലം
സംഗീതലോലം വിഹരിച്ചിടുന്നു. ൩

നക്ഷത്രജാലങ്ങൾ നശിച്ചു ശൂന്യ-
പ്രഭാതികവ്യോമ മൊടാപ്രസൂനം
"മനോജ്ഞതമെൻ മന്ത്രകണങ്ങളെല്ലാം
കഷ്ടംനശിച്ചെ"ന്നു കരഞ്ഞുചൊൽവൂ. ൪

ത്തുമന്ദഹാസാൽ തലതെല്ലുയർത്തി-
ത്തിരോഭവിക്കും തൃണവല്ലിതന്നിൽ
വിസ്താരമേറും മരുദേശമാശാ-
വേശംനിമിത്തം നിതാന്തംതപിപ്പൂ! ൧

ലോലാക്ഷി, നീലോകഹൃദന്തരാളം
കണ്ണീരൊഴുക്കിന്നെഴുമാഴമൊന്നാൽ
ബന്ധിച്ചിരിക്കുന്നു ബലത്തൊടെന്നു-
മെഴാഴിയീയൂഴിയെയെന്നപോലെ. ൨

—ടാഗോർ.

## അമ്പുകൊണ്ട അരയന്നം.

(മഞ്ജരി).

പൂങ്കാവിലെങ്ങു മിളങ്കാററു വീശിയും,
തേങ്കിനിയുന്ന മലർ വിരിഞ്ഞും,

നല്ല വസന്തനാളെങ്ങും കളിക്കവേ
മെല്ലെ വടക്കു ഹിമാദ്രി നോക്കി,

കൂടണഞ്ഞീടുവാൻ കാട്ടരയന്നങ്ങൾ
കൂട്ടമായ്ക്കൂകി പ്പറന്നിടുമ്പോൾ,

കൂരമ്പു ഞാണിൽത്തൊടുത്തുവിട്ടാകാശ-
ചാരിയാം പക്ഷിതൻ പൊൻചിറകിൽ,

ചോര പുരളുമാറൂഴിയിൽ വീഴ്ത്തിനാൻ
നേരംപോക്കായൊരു രാജപുത്രൻ.

സിദ്ധാർത്ഥബാലകൻ, ലോകത്തെ സ്നേഹത്താൽ
ബദ്ധമാക്കീടിന ഭാവിബുദ്ധൻ

വീണുപിടയുമാപ്പക്ഷിയെ ച്ചെന്താരിൻ-
ചേണററ തൃക്കൈയാൽ ചെന്നെടുത്തു.

പൂഞ്ചിറകൊട്ടു മിനുക്കിയും, പുൽകിയും
നെഞ്ചിടിപ്പല്പം കുറച്ചുകൊണ്ടും,

മെയ്യിലെക്കൂരമ്പൂരി യുണങ്ങുവാൻ
പച്ച മുറികളിൽ തേൻപുരട്ടി,

പൊട്ടിച്ചു പൈതൽ കുളുർത്താരിളം തളി-
രൊട്ടിച്ചതിന്മീതെ, യോമനിച്ചു

നോവെന്നതെന്തെന്നറിയാത്ത ബാലകൻ
പൂവൽക്കരത്തിൽക്കടത്തി നോക്കി

കമ്പിൻ തുമ്പൊന്നപ്പക്ഷി പൊറുത്തൊരു
പാരിച്ച നോവു പരീക്ഷിക്കുവാൻ.

കണ്ണുനീരോലോല വാർത്തു കരഞ്ഞുപോ-
യുണ്ണിയുൾത്താപമൊതുങ്ങീടാതെ.

*      *      *      *      *      *

ബാലശുശ്രൂഷയാലാലസ്യം കൈവിട്ട-
ച്ചേലേറും പക്ഷി പറന്നുപോയി!

ജീവകാരുണ്യത്തിൻ കാതലായ് മേവിന
പാവനാത്മാവല്ലോ ബുദ്ധദേവൻ.

## ഗുരുദേവൻ.

(നതോന്നത.)

പുള്ളിപ്പുലിത്തോൽവിരിപ്പിൽ പള്ളിക്കാൽ പിണച്ചുവെച്ചും;
വെള്ളിച്ചാറുപോലെച്ചുണ്ടിൽ പുഞ്ചിരിത്തിര ചാർന്നും;
പരമരഹസ്യമാമോരോന്നായ്ക്കണ്ട കനിവൂറു-
മുറവാം കണ്ണിണ ഭക്താപരിയോടിച്ചും;

മാനസതടത്തിൽനിന്നു മണിനാദംപോലെപ്പൊരുൾ-
ത്തേനൊഴുകിത്തിരുവായ്മൊഴി പൊഴിച്ചുകൊണ്ടും;
കരചരണങ്ങൾതൊത്ത പൂമ്പട്ടു പുതച്ചും; മായാ-
മറയകറ്റാൻ മറച്ചും തന്മുണ്ഡിതശീർഷം;

നിർവ്വികാരമന്തരംഗം നിഴലിക്കും മുഖം, വടാ-
നൈവിളക്കിൻ നാളംപോലെ കാന്തി ചിന്തിയും;
തഥാഗതൻ വിത്തുപാകിപ്പോയ തടം കിളച്ചാകെ
യഥാകാലം കളനീക്കിക്കളഞ്ഞു നീളെ

ജാതിമതമൈക്യത്തെ നട്ടുനനച്ചീടും കാല-
വേദി ദിവ്യകർഷകേന്ദ്രൻ വർത്തിക്കുന്നു.

# പ്രാത്ഥന.

---

സകലലോകവും നിറയും ശക്തിയെ
ല്പകലും രാവുമേ പണിയുന്നു
ഇരുളിലീഞങ്ങൾ പരമജ്യോതിസ്സേ!
തിരുമുഖമെങ്ങും തിരയുന്നു.

തിരുവടികളേ! ചൊരിയും പൂഞ്ചിരി
വിരിയും പൂക്കളിൽ വിരയുന്നു.

കടലിരമ്പലിലൂടയോമനേ! നിൻെറ
നെടുനാദംകേട്ടു നടുങ്ങുന്നു.

അരുണചന്ദ്രന്മാരിവരുമങ്ങ-
ത്തിരുമിഴിയെന്നുകരുതുന്നു.

ഒരുകണ്ണാലുണ്ടു പകലും, മിന്നിപ്പൂ!
മറുകണ്ണാൽ രാവുമൊരുപോലെ.

നരനും നായയും പുഴുവും പുല്ലുമേ
പരമേശ! നിൻെറ പലരൂപം.

അപരാധംചെയ്യാതപരന്നീദേഹ-
മുപകാരത്തിന്നായുതകേണം.

ഉദയംകൊള്ളണം ഹൃദയസൂനത്തിൽ
സദയം സ്നേഹത്തേൻസകലേശ!

തിരുമെയ് കാണുവാൻ മനതാരിൽ സത്യ-
ത്തിരിയും കത്തിച്ചു തിരിയട്ടെ.

---

# സിംഹം.

---

മത്തേഭ വീരനെക്കൊമ്പു-
കുത്തിക്കും ധീരനേറ്റവും,
ചിത്തശക്തിയുമേന്തുന്ന
സത്വമേ, സിംഹമേ, ജയ!

കാടും മലകളും നിന്റെ
നീടുറ്റുള്ളൊരരമച്ച്യാൽ
പാടേമാറ്റൊലി കൊള്ളുമ്പോൾ,
പേടിപ്പൂ സർവ്വജീവിയും.

കിഴക്കൻ മലയിൽക്കാന്തി
യൊഴുക്കിക്കൊണ്ടു ഭാസ്കരൻ
മിന്നുംപോലെസ്സടകളാൽ
നിന്നോജസ്സെസ്സുന്നു കേസരി?

കുംഭീന്ദ്രൻ കമ്പിടും നിന്റെ
ഗാംഭീര്യം മൂലമല്ലയോ?
വാണാനീ വനരാജാവായ്:
വേണം വിക്രമമാക്കമേ.

ബാലന്മാക്കെഴുതിയത്.

---

## പടിഞ്ഞാറൻകാററ്.

---

ഈരേറും പൂമണം പൂണ്ടൊരിളംകാററു
പാടേ പടിഞ്ഞാറു നിന്നുവീശി
അമുഗ്ദ്ധവല്ലിയെ കോൾമയിർക്കൊള്ളിച്ചു
കാർമുകിൽക്കൂട്ടത്തെ തട്ടിനീക്കി;

വണ്ടത്താന്മാർ ചിലർ മാത്രം തെളിഞ്ഞ തേ-
നുണ്ടൊത്തുവാണൊരീ വല്ലരിയിൽ
നിശ്ചഞ്ചലം മററു ചഞ്ചരീകങ്ങളും
പാശ്ചാത്യക്കാററിലണഞ്ഞിതൊപ്പം.

വംഗോപസാഗരം തന്നിലും, ഗംഭീര-
ഗംഗാസരിത്തിലും തത്തിച്ചാടി
ചേതോഹരം ചെറുവീചി വൃന്ദങ്ങളെ-
ഇജ്ജാതമാക്കിജ്ജഗത് പ്രാണൻവീശി.

നീഹാരശൈല വിഹാരിതാനെങ്കിലും
കൌബേര മാരുത! കെല്പുപോരാ
ശാന്തതപോധനസ്വാന്തം കലുഷിപ്പിപ്പാൻ
ഹന്ത! നിപുണൻ നീ നിസ്സന്ദേഹം.

വാരുണവായുവൊന്നല്ലാതെയില്ലയി-
ദ്ദാരുണതാപാപനോദനാർത്ഥം
കാർക്കോടകൻ കടുകാകോളം തള്ളവേ,
നീർക്കോലിയും കൂടിക്കൂത്തടിച്ചു!

പൊങ്ങും വിഷക്കറ കാളിന്ദ കാളാംഭ്ര-
മണ്ഡമിണ്ടും നീങ്ങിനിന്നീയടിയ്ക്കു.
സുപ്ത സിംഹങ്ങൾതൻ സ്വേദോദ്ഗമോത്ക്കട-
തപ്തനിശ്വാസാളിനിരന്ധ്രിതം

ഭാഗ്യവക്ഷേത്രത്തിൽ സ്വാതന്ത്ര്യശ്ശംഖൊലി
നിർഗ്ഗളിച്ചീടുന്നു നിന്നിലൂടെ.
ശീതാംശ്ശീകരഹാരിണീ! പാഴ്ക്കടിൽ
ശീത്ക്കാരംകൊണ്ടു മുഴക്കുമന്നരം

പുല്ലും വഴിവഴങ്ങാത്ത പുലയനും
തെല്ലുതലപൊക്കി നോക്കീടുന്നു
ഝില്ലീഝങ്കാരത്തെ തെല്ലിടന്നൊത്തുവോ-
ന്നല്ലീനിൻ ശാന്തഗഭീരശബ്ദം?

ഭാരതമാതാവിൻ രണ്ടായ്പകുത്തിട്ട
ഭാസുരകുന്തളഭാരത്തെ നീ
തൈക്കളൂർക്കാറേ! തരംഗാളികേളിപോ-
ലാക്കുന്നു രേഖാ വിഭാഗഹീനം

അലമാലക്കടലാകെ ക്കടന്നെത്തി-
ബ് ഭാരതാംബേ! വിശി വ്യോമനിലൻ
നീ മുലപ്പാലൊപ്പമേകി വളർത്തിയോ-
രോമനപ്പൈതങ്ങൾ പാതിപ്രാണർ,

പാതാളക്കുണ്ടിൽപ്പതിച്ചു പരപരി-
ഭൂതർ, വിയർത്താറ വീർപ്പുമുട്ടി!

മർമ്മാഹതന്മാരാം നിന്മക്കൾക്കാശ്വാസ-
മമ്മേ! യിമ്മാരുതനല്ലി നൽകി?

ഗണ്ഡതലത്തിൽ ഗളിച്ചനിൻകണ്ണീരി-
ഗ്ഗന്ധവാഹൻ ഹരിച്ചില്ലേ തായേ!
സ്വാഗതം! സ്വാഗതം! സ്വർഗ്ഗസമീര! ഭൂ-
ഭാഗം ഭഗവൻ! കുളുർപ്പിച്ചാലും!

രക്തം തണുത്ത ധമനിയെ ശ്ശക്തിസം-
യുക്തമാക്കി നീളെസ്സഞ്ചരിക്കൂ!
കസ്തൂരിചന്ദനാമോദം പരിചിതം
നിസ്തുലം നിന്നെ മുന്നമാദരം!

ദിവ്യം നിൻ സൗരഭ്യമേറ്റു ദിഗന്തത്തിൽ
നവ്യചൈതന്യം നടനംചെയ്ക!
സഹ്യമലയാദ്രിസാനുക്കളിൽ, ദുഃ-
സഹ്യച്ചൂടാറി നീയാഞ്ഞടിക്കൂ!

സ്വാഗതം! സ്വാഗതം! സ്വർഗ്ഗസമീര! ഭൂ-
ഭാഗം ഭഗവൻ കുളുർപ്പിച്ചാലും!
സുപ്തസിംഹത്തിൻ സ്വരഭോദ്ഗമമോത്ക്കട-
താല്പനിശ്വാസാളി നീരന്ധ്രിതാ

ഭാഗ്യവൽക്ഷേത്രത്തിൻ സ്വാതന്ത്ര്യശ്ശംഖൊലി-
നിർഗ്ഗളിപ്പൂതാക നിന്നിലൂടെ!

---

## പർവ്വതവും അണ്ണാനും. *

പണ്ടൊരണ്ണാനും മലയുമായി
ശണ്ഠയുണ്ടായി; ശകാരമായി.

കൊച്ചുകുറുമ്പനെന്നണ്ണാനെയ-
ന്നുച്ചത്തിൽ പർവ്വതം നിന്ദചൊല്ലി.

ഉത്തരമോതിനാൻ അണ്ണാനപ്പോ-
ളിത്തരം: 'നീയ്യോവലുതുതന്നെ.

നാഴിക, നാളുക, ളാണ്ടുകളും
നാമൊക്കെ ക്കൂട്ടുമ്പോൾ കൊല്ലമായി.

ഇക്കണക്കോരോരോ വസ്തുക്കളാ-
ലിക്കണ്ടലോകവുമുണ്ടാകുന്നു.

എൻെറ നിലകൊണ്ടെനിക്കോർത്താ-
ലെള്ളുമിളപ്പവും തോന്നുന്നീല.

നിന്നെപ്പോലില്ല വലിപ്പമെങ്കി-
ലെന്നെപ്പോലില്ല ചെറുപ്പവും തേ.

---

* ബാലന്മാർക്കെഴുതിയതു്.

ഉന്മേഷമുത്സാഹമെന്നിതെല്ലാ-
മുണ്ടോ? നിനക്കെന്റെ പാതിപോലും?

ഓരോന്നിനുംബുദ്ധി കൌശലങ്ങ-
ളോരോവിധമല്ലോ നൽകി ദൈവം.

കാട്ടുംമരങ്ങളുമെൻപുറത്തു
കൂട്ടുകയില്ല വഹിപ്പാനെങ്കിൽ-

അണ്ടികടിച്ചു പൊളിക്കാൻനിന്നെ-
ക്കൊണ്ടും കഴിവില്ല പർവ്വതമേ!

---

# ദില്ലിഡർബാർ.

---

ആകാശം സ്വച്ഛമായീമന്ദമിളകുമിളം...
        കാററുവീശിത്തുടങ്ങി;
ലോകാഹ്ലാദം വരുത്തിച്ചെറുകിളികളിതാ
        പാട്ടു പാടുന്നു പാരേ!
ആകാരശ്രീകളിക്കും കുസുമനിര വിടർ-
        ന്നുല്ലസിക്കുന്നു: പുണ്യ-
ശ്ലോകൻ 'പട്ടാഭിഷേകോത്സവ'ശുഭദിനമ-
        ന്നീ ജയിക്കുന്നുവല്ലോ

ഇന്നല്ലോ ഭാഗ്യദീപം തെളുതെളെ വിലസീ-
        ട്ടുന്ന തിബ്ബ് ഭാരതീയ-
ക്കിന്നല്ലോ മേദപാമാശ്രമജചന്ദ്രകം
        നീന്തിനീരാടിടുന്നു
ഇന്നല്ലോ ജാർജ്ജ്ഭൂപാലകകുലതിലകൻ
        ഭാരതക്ഷോണിയാകും
കന്നൽക്കാർവേണിയാളെക്കനിവൊടു വരണം
        ചെയ്യുമാരംഘോഷകർമ്മം

സാമന്തക്ഷോണിപന്മാരുടെ വദനസരോ-
        ജങ്ങളെസ്സാമ്പ്രതം നി-
സ്സീമപ്രേമാനുകമ്പാമൃതമയമിഴിയാൽ-
        കണ്ടുകൊണ്ടാടു പാരം;
ശ്രീമത്തായീട്ടു മിന്ത്യാമഹിയുടെ മകുടം
        മൂർദ്ധ്നി ചാർത്തീടുവാനും
ഹാ! മന്നോർമന്നനെത്തുന്നിതു പരമിതിലും
        ശ്ലാഘ്യമാം ഭാഗ്യമുണ്ടോ?

മുങ്കാലം ധർമ്മപുത്രാദികളമരുകയാൽ
ഭാരതക്ഷോണിമാതിൻ
കൊങ്കാലങ്കാരമായിപ്പുകഴ് പെരുകിയോ-
ഡില്ലീയാം പട്ടണത്തിൽ
വങ്കാരുണ്യാബ്ധിയാകും വരനുടെസവിധേ-
മേരിയാംറാണിവിദ്യു-
ത്സങ്കാശം മാന്യമന്നോർ സഭയിൽവിലസുമ-
ക്കാഴ്ചകാണേണ്ടതത്രേ.

നാനാഭാഗത്തുനിന്നും നൃവര! ജയ! ജയേ-
ത്യാദി ശബ്ദങ്ങളിപ്പോൾ
വാനാകെത്താൻമുഴങ്ങി ശ്രവണമധുരമാം-
മട്ടിനാലെകേട്ടിടുന്നു.
ഈ നാട്ടിൽപ്പെട്ടപുണ്യാലയനിരയിൽമുഴ-
ങ്ങുന്നഘണ്ടാനിനാദം
ക്ഷ്മാനാഥൻ തന്മേലേറും പ്രണയമിതുവിധം
നാട്ടുകാർകാട്ടിടുന്നു!

“ശുദ്ധാത്മാവായി വാണീടിനമമജനകൻ
തീർത്ഥമാർഗ്ഗത്തിലൂടെ
ശ്രദ്ധാപൂർവ്വം ഭരിച്ചെൻപ്രജകളെ വിപുല-
പ്രേമപൂർവ്വം ഭരിപ്പേൻ”
ഇദ്ധാത്രീപാലനിത്യാമഹിയുടെ തനയ-
ന്മാരൊടായിപ്രകാരം
ബദ്ധാനന്ദം പറഞ്ഞീടിനമധുരവച-
സ്സാക്ഷമാശ്വാസമൂലം

ബ്രിട്ടീഷിൻ കീഴിലിന്ത്യയ്ക്കുഭയേനിലഭവി-
ച്ചോരു കല്യാണകാലം
തൊട്ടീടേറീട്ടമഭ്യുന്നതിസകലമതസ്ഥ-
ർക്കുമുണ്ടായ്വരുന്നു.
തട്ടീലോകത്തിലെങ്ങും പരികലിത പരി-
ഷ്കാരസൂര്യപ്രകാശം
ഞെട്ടീഘോരാന്ധകാരം ജനഹൃദയസരോജ-
ങ്ങൾ പാടേവിടിർന്നു

എങ്ങുംസിംഹക്കൊടിക്കൂറകൾകൊടിയ പ-
രിഷ്കാര സൗരഭ്യപൂരം
തിങ്ങുംകാറ്റേറ്റു സീമാധികവിജയമൊട്ടും
പാരിതിൽ പാറിടുന്നു.
മങ്ങുന്നു ദുർന്നയാദ്യങ്ങളുമനുദിവസം
ഭാരതീയർക്കുഭാഗ്യം
പൊങ്ങുന്നു: പൂർണ്ണചിത്തോത്സവജലനിധിയിൽ
താണുമുങ്ങുന്നു ലോകം

സ്വാതന്ത്ര്യച്ഛായയിങ്കൽ സകലരുമധുനാ-
വിശ്രമിച്ചീടുമാറാ-
യാതങ്കംവേരറുത്തു; സമരമൊരുവെറും
നാമമായും ഭവിച്ചു
സ്ഫീതശ്രീ പൂണ്ടൊരിന്ത്യാജനനിയുടെ സുത-
ന്മാർക്കെഴും പൂർവ്വപുണ്യ-
വ്രാതത്താലൈകമത്യക്കൊടിവിയതി വിള-
ങ്ങുന്നിതാവിശ്വാത്മ്യം

വിദ്യാസന്താനവല്ലിയ്ക്കനുദിനമഭിവൃദ്ധി-
ക്ക വേണ്ടുന്നവണ്ണം
വിദ്യാഗാരങ്ങളിത്യാദികൾ വിപുലദയാ-
വായ്പിനാലപ്പെടുത്തി
ഹൃദ്യാനന്ദം ജനങ്ങൾക്കനുദിനമരുളി-
സ്സൽഗ്ഗുണാളിക്ക നല്ലോ-
ദ്യാനംപോലെ നിശ്ചഞ്ചലനയനിപുണൻ
ജോർജ്ജുഭൂപൻ ജയിപ്പൂ.

ഹുങ്കോലും മററു ഭൂപാലകരുടെ ഹൃദയാബ്ജ-
ങ്ങളെത്തൻ പ്രതാപാൽ
സങ്കോചിപ്പിച്ചുകൊണ്ടും സകലജനപരി-
ത്രാണകൃത്യങ്ങൾചെയ്തും
ചെങ്കോലിൻ കീഴിലെന്നും ദിനകരഭഗവാ-
നസ്തമിക്കാത്തനാട്ടിൻ
വങ്കോയ്മയ്ക്കാശ്രയം നല്കീയുമതുലബലം
ജോർജ്ജുഭൂപൻ ജയിപ്പൂ.

ഹൗണീസാഹിത്യ സമ്പന്നത, മഹിതമനഃശ്ശു-
ദ്ധി, മന്ദാരവൃക്ഷം
താണീടും മട്ടുധർമ്മം, ധവളതരയശോരാ-
ശി, ശൌര്യസ്വഭാവം
ക്ഷോണീശന്മാർക്കു ചേരേണ്ടുന്നൊരു ഭരണനയം
മററുനാനാഗുണൗഘം
വാണീടും സദ്മമായിസ്സുരവരസമനാം ജോ-
ർജ്ജുഭൂപൻ ജയിപ്പൂ.

അത്യന്തം മൃദുവായിട്ടന്നൊരു കരം മാലോ-
കരിൽ ചേർത്തിയും
സത്യശ്രീകലചാർത്തിയും, കുവലയാ-
നന്ദം പരം നല്കിയും
നിത്യം മാനമിയന്നുമുന്നത തമോ-
വൃന്ദങ്ങളെ പ്പോക്കിയും
പ്രത്യഗ്രപ്രഭയാർന്ന സന്മതിജഗത്തി-
ങ്കൽ ജ്ജയിക്കുന്നതേ.

ശ്രീരാമക്ഷിതിപാലകന്റ സതിയാം വൈ-
ദേഹിയെപ്പോലെയും
പേരാളും നരപാലമൗലിനളന്റെ വൈ-
ദർഭിയെപ്പോലെയും
ധീരാഗ്രേസരനായ ജോർജ്ജുധരണീ-
പാലന്റെ സീമാധിക-
ശ്രീരാജിപ്പൊരു "മേരി"യെന്നമഹിഷീ-
രത്നം ജയിക്കുന്നതേ.

പേരോലും രാജനീതിക്കതിരുചിയവിരവിൽ
പ്പുഷ്ടിയിപ്പൂജ്യരാജ്യ-
ത്തരരോടിച്ചും യശസ്സാകിന കൊടിയകൊടി-
ക്കൂറപാറിച്ചുകൊണ്ടും
ധീരോദാരൻ ധരാപാലകകുലതിലകൻ
ധർമ്മദാരങ്ങളോടൊ-
ത്താരോഗ്യായുർബ്ബലം പൂണ്ടരുളുകസുചിരം
ദൈവകാരുണ്യമൂലം.

# പ്രത്യക്ഷജ്യോതിസ്സ്.

---

ആരാണിത്തീർത്ഥസംഘത്തിന്റെ കുലഗുരുവാ-
യുല്ലസിക്കുന്നതിപ്പോ-
ളാരാണജ്ഞാനമാകും കഠിനതരതമഃസ-
ഞ്ചയത്തിന്റെസൂര്യ്യൻ?
വാരാളുംശാസ്ത്രവാരാന്നിധിയുടെ കരക-
ണ്ടുള്ളതാർ? ദിവ്യനായു-
ള്ളോരാനാരായണശ്രീഗുരുവിന്റെ തിരു-
നാളുമിതോടാറടുത്തു.

കാര്യംകൂടാതെവിത്തവ്യയമധികമണ-
ച്ചീടുമാചാരവൃക്ഷം
ധൈര്യക്കോടാലിമൂലം മുട്ടുവരെമുറിച്ചീ-
ട്ടുവാൻപാടുപെട്ടും
ആര്യശ്രീപൂണ്ട ദേവാലയമിഹപലതും
താൻപ്രതിഷ്ഠിച്ചു മീയാ-
ചാര്യൻദേവർഷിതുല്യൻ, ധവളതരയശോ-
രാശിവീശിജ്ജയിപ്പൂ.

സോമശ്രീതോററമന്ദസ്മിതമനൂനമുഖാം-
ഭോജവും, സർവ്വരോടും
ത്തുകഞ്ഞൊലുന്നവണ്ണം ശ്രവണമധുരമാ-
യുള്ള സംസാരമട്ടും
പ്രേമംതിങ്ങിക്കവിഞ്ഞുള്ളൊരുകടമിഴിയാ-
ലുള്ളനോട്ടങ്ങളുംതൻ
ശ്രീമത്തായുല്ലസിക്കും തിരുവുടൽവടിവുംകാൺ-
കിലോകൺകുളിക്കും

ജ്ഞാനച്ചെന്താമരത്താരിന്നടുവിലെഴും-
ഭക്തിയാകും മരന്ദം
പാനംചെയ്തുല്ലസിക്കുംപരമസുകൃതിയാം-
സ്വാമിതൻപാദസൂനം
സാനന്ദംസ്വച്ചിത്തഭ്രമര നിരകളും-
സേവചെയ്യുന്നതായാം-
ലീനന്മാർക്കിങ്ങുസച്ചിന്മയ സുഖലഹരീ-
മഗ്നരായ് ഭക്തരാകാം.

തീയന്മാർക്കുള്ള പുണ്യപ്രചുരിമ പുരുഷാ-
കാരമാർന്നുള്ളവണ്ണം
ശ്രീയന്നുംനൽപ്രശാന്തപ്രകൃതിപരിലസിച്ചീ-
ട്ടുമാചാര്യവര്യൻ.
കാര്യക്ലേശങ്ങൾതട്ടാതിനിയുമധികമാം-
തിയ്യസംഘത്തിനേറെ-
ശ്രേയസ്സുണ്ടാക്കിടാവാൻ, കരുണചൊരിയണേ-
കാലകാലന്റെ കാന്തേ!

---

## ആദർശപതാക.

ബോധിദ്രുമത്തിൻ ചെറുതൈ തളിത്തു
തഴച്ചു പൊങ്ങാൻ മലനാട്ടു മണ്ണിൽ
സദ്ധർമ്മരക്ഷാവലയിട്ടു പോന്ന
കരത്തെഴും കൈകളിന്ന മണ്ണടിഞ്ഞതോ?

പോകട്ടെ! പോകട്ടെ! പോയവർ ജീർണ്ണ-
ജഡം; ജഗദ്ധർമ്മനിബദ്ധർ നമ്മൾ;
ജീവിച്ചു കാട്ടീടിന സത്യധർമ്മ-
സ്വാതന്ത്ര്യസമ്പത്തു സജീവമെന്നും

മറഞ്ഞുപോയ് മാധവനും; മറഞ്ഞു
സേനാനിയായുള്ള കുമാരനും ഹാ!
പ്രത്യസ്ത്രമെയ്യുള്ള വിരോധിയേയും
വീഴ്ത്താൻ കരുത്തുള്ളവർ വിണ്ണണഞ്ഞു!

സംഘത്തിനൂക്കേറിന കോട്ടയായ
കോട്ടായി ഹാ! കൃഷ്ണ വെടിഞ്ഞു നമ്മെ
മിതാവധിക്കുള്ളിലെടുത്തു വർഷ-
ശതങ്ങളാൽ പൂരമായകർമ്മം.

സദാ സ്മരിക്കുന്നു ഭവാന്റെ ധീര-
നോട്ടം, മുഴങ്ങുന്ന ശരീരനാദം,
അജയ്യഭാവം; സ്മരണാഭിരാമം
മാത്രം പവിത്രം മമ മിത്രഗാത്രം!

സ്വാതന്ത്ര്യ സന്നദ്ധഭടേന്ദ്ര നിത്യ-
സ്വാതന്ത്ര്യ മോർത്തില്ലിവനിത്ര വേഗം;
ആവേശമുൾക്കൊണ്ടു യുവാക്കൾ പൊക്കി-
ക്കാട്ടും തവാദർശപതാക നീളെ.

---

## ദാസ്യത്തിൻെറ കയ്പ്.

---

ദാസ്യത്തിൻ കൈയ്പുററ കണ്ണാത്തോടെത്തട്ടെ
ദാക്ഷിണ്യമെത്രനാൾ ദാഹിക്കുമ്പോൾ?

ഏഴകളെത്രയോ താഴെക്കിടക്കുമ്പോ-
ളീഴവ സോദരനെന്തു ചെയ്യൂ?

താങ്ങുവിൻ കൈയൊന്നാൽ ത്താണോരെ; മററെക്കൈ-
യോങ്ങുവിൻ ധാർഷ്ട്യത്തിൻ നേരെധീരം

എന്നന്നും സൗന്ദര്യ ധാരയെ സ്നേഹത്തെ-
ച്ചിന്മയ ജ്യോതിരൂപങ്ങളിൽ

മാററം മരണയോനിൽ, മാറും പ്രളയനിൽ
മാറാതെയെന്നും പടർന്നിടാവൂ.

---

# ചെന്തളിരുകൾ.

---

I

പ്രേമസുരഭില ജീവിതവാടിയിൽ-
ക്കാമാന്ദകുമാരീകോകിലങ്ങൾ
വാസന്തനാളുകളെങ്ങും പുലർത്തുക!
വാഴ്ത്തുക ദാമ്പത്യമാധുര്യശ്രീ

ശ്രീ ശാരദാമണി ദേവിതൻ പ്രേമൈക
കോശലധാമമാം വിശ്വനാഥ
മംഗളാശംസികൾ ഒന്നുമാ ഭൂവിലെ
മഞ്ജുളപ്പൂക്കളായ് മാററട്ടെ.

II

ഓമൽസ്സന്താന ചിന്താമണിയൊടു സുചിരം
സ്തുത്യദാമ്പത്യലീലാ-
രാമത്തിൽ, സന്ധ്യാലക്ഷ്മിക്കതിരൊളിയിൽവിള-
ങ്ങുന്ന പൊൽപ്പൂക്കൾ നിങ്ങൾ
വാമതാപം ഹാ! വഹിച്ചാവിധി സുകൃതനിധേ!
താവക പ്രേമ സമ്പൽ-
ധാമത്തെത്താൻ ഹരിച്ചു; നിയതിയുടെമഹാ-
മർദ്ദനം നിർദ്ദയം താൻ.

അങ്ങയ്ക്കാശ്വാസമേകും മഹിതമുപനിഷ-
ദ്വാക്യമിജ്ജന്തുധർമ്മം
ങ്ങാതെങ്ങും നടക്കും; തരുണോദശശാണി-
ക്കില്ല കാലന്റെ ബന്ധം

മങ്ങിപ്പോകാതെ മാമകിൽ ച്ഛവിതമതിഭവാൻ
സത്യശാന്തിപ്പരപ്പിൽ-
പ്പൊങ്ങട്ടേ! പുഞ്ചിരിക്കൊൾകൊരു പുലരി;
മന്നം ഭാവനാധീനമല്ലോ.

III

ഏതിൻ കാതിമ്പമേകും കളകള നിനദം
ക്ലേശസിന്ധുത്തിരത്ത-
ല്ലെന്നും മദ്ധ്യത്തിൽ മർത്ത്യാവലിയെയൊരുനുറു-
ങ്ങാശ്വസിപ്പിച്ചിടുന്നു?
അനുരാഗം-ദിവ്യരാഗം-ഹൃദയമലരിളം-
ത്തേങ്കുഴമ്പാണതുൽക്കം
ദാമ്പത്യത്തിന്റെ ധാരാമധുരിമയിൽ
മയങ്ങട്ടെ ജായാവരന്മാർ

IV

സ്ഫീതാദശ് മഹീവരന്റെ മഹിഷീ-
സ്ഥാനത്തു മാനോന്നത-
ശ്രീതാവും പടി വാണവന്ദ്യതനയാ-
ഝങ്കാരഗോശ്രീശപരി
പൂതാനേക ഗുണങ്ങൾ തൻപുകളെഴും
പൂമേട ഹാ! ഹാ! ഭവാ-
ന്മാതാവി, പ്രജകൾക്കെഴും പ്രസൂനമൃ-
ങ്ങാതാമരൽസ്സിന്ധുവിൽ!

അലോകസാമാന്യ മതിവധാന്യമി-
ദ്ദാമ്പത്യ-മത്യുജ്ജ്വലമാം ഫലാപ്തിയാൽ,
പരേതമാതാവു പരം കൃതാർത്ഥ താൻ!
നേരട്ടെയാത്മാവിന്ന നിത്യശാന്തിനാം.

V

അന്തസ്സൗന്ദര്യ ദിവ്യജ്യോതിരൊളിയിൽനവ-
സൂനയുഗ്മം കണ്ടുകൊ-
ച്ചിന്നും പ്രേമൈക മാധ്വീലഹരിയിൽ മുഴുകി-
പ്രേഷ്ഠജായാവരന്മാർ
സ്വന്തം വാസന്തരമ്യോത്സവ മണദിവസം
സാധു ഘോഷിച്ചു ധർമ്മ-
പ്പൂംതോപ്പിൽ ഫുല്ലശോഭം സുചിരമരുളുമാ-
റാകണം ലോകബന്ധോ!

VI

കപ്പൽസ്സങ്കേതമെങ്ങാണഖിലജലനിധി-
ക്കെട്ടിന്നും പൊട്ടുപോലെ-
ച്ചൊല്ലില്ലപ്പോഴെന്തു സാക്ഷാൽ ജനഭരണമഹാ-
നാടകത്തിന്റെ നാന്ദി?
ആരോശ്രീക്ഷീശനായ് ഷണ്മുഖശരഗതമാം
ശക്തിയിൽ സക്തി കൈക്കൊ-
ണ്ടാളും ശ്രീരാമവർമ്മ ക്ഷിതിപതി വിജയി-
ക്കട്ടെ വിഖ്യാതിവിത്താൻ.

VII

പ്രേമത്തിൻ നവ സൗരഭം പുലരുമീ-
നൽ ജീവനപ്പൂവനം
ക്ഷേമപ്പൂങ്കൊടി പൂത്തുനിന്നു പുളകം
കൊള്ളിക്കു മാറാക്കിയും;
അമഞ്ജുസ്മിത വെണ്മലർക്കുലകളിൽ
പൂന്തേൻ തുളുമ്പിച്ചുമേ
ശ്രീമദ്ദമ്പതിമാർ വസന്തമഹമുദ്-
ഘോഷിച്ചു തോഷിക്കണേ!

VIII

വാനമ്പും മാമുനീന്ദ്രാളികളമൃതമുപേ-
ക്ഷിച്ചു മത് പാദപത്മ-
ത്തേനല്ലോ തേടിയുണ്ണുന്നതു നിയതമിതെ-
ന്നെന്നു ചിന്തിച്ചു മന്ദം
സാനന്ദം തൃപ്പദത്തിൽ തിരുപാദകമലം
ചേത്തിൻ സംഭ്രമത്തെ-
പ്പാനം ചെയ്യുന്ന മാലിന്ദിമയിലരുളിടും
ബാലകൃഷ്ണൻ സഹായം.

IX

തുംഗാനന്ദം തുളുമ്പുംപടി തുഹിനകരൻ
തൂകിടും തൂനിലാവും
ഗംഗാ കല്ലോലമാലാ പുളകിത നളിന-
പ്പൂമണംപൂണ്ട കാറ്റും

ശൃംഗാരം കൈവരുത്തി സ്സസ്സ്മിതശരനെ-
  സ്സത്കരിക്കുന്ന നേര-
ത്തംഗാരാക്ഷൻെറ മെയ്യിൽ ഗിരിസുതയെറിയും-
  കണ്ണു കാമംതരട്ടെ.

## X

കൈലാസം കൈയിലാക്കി ക്ഷിതിതലമിവൻ
  സ്വൈരമമ്മാനമാടാം;
കാലാഗ്നിജ്വാലയുണ്ണാം; ചക്രിരണനെയും
  മൽകരത്താൽ പിടിക്കാം;
നാലാഴിക്കെട്ടുപൊളിച്ചുരത്തൊടിയിടയിൽ
  ഭൂമിവെള്ളത്തിൽ മുക്കാ-
മീലാവണ്യത്തിടമ്പെപ്പണിപ്പണിതൊട്ടുവാൻ
  പോലുമെന്നോവിചിത്രം.

## XI

ചേലച്ചുറ്റും ചുരുണ്ടീടിന ചികുരഭരം
  ചീകിയിട്ടുള്ള കെട്ടും;
ചേലഞ്ചും ചെമ്പരുത്തിപ്പുതുമലർ മധുവിൽ
  തേച്ചുവെച്ചുള്ള ചുണ്ടും,
പാലഞ്ചും പുഞ്ചിരിക്കൊഞ്ചലുമുടയമനോ-
  രമ്യയാം മങ്കയാളിൻ-
നീലക്കണ്ണിൻെറ നീണ്ടീടിന മുനയിൽ മുനി-
  ശ്രേഷ്ഠരും മുട്ടുകുത്തും.

## XII

ലോകം നിന്ദിക്കയോ നിസ്തുലതമമെന്നഭി-
ന്ദിക്കയോ ചെയ്തിടട്ടെ;
പാകം പോകിട്ടു സമ്പത്തുകളണയുകയോ
പോകയോ ചെയ്തിടട്ടെ.
പോകട്ടെ ജീവനിന്നോ പരമിനിയൊരുനൂ-
റാണ്ടുചെന്നോ യഥേഷ്ടം
ധീകളുള്ളും നീതിവിദ്യാജലധികളതിലം-
ഘിക്കമോ, നീതിമാർഗ്ഗം?

## XIII

ശ്രീമാനാം... ... ... ...കുലം
തൊട്ടോരു പൊട്ടാണ്ടപോ-
ലോമൽപ്പുത്രി......സുകുമാ-
രാംഗിക്ക ചേരുംവിധം.
പൂമങ്കക്കളിയാൽ പുകഴ്ന്നപുരയിൽ
ശ്രീ... ... ... ... ...നാം
ധീമാൻ വല്ലഭനൊത്തു: നല്ലപുലരി-
ക്കത്ഫുല്ലബാലാരുണൻ

പ്രേമപ്പൂന്തേനിലാറാടിയ ഹൃദയമൊടും
ജീവിതോത്കൃഷ്ടരമ്യാ-
രാമത്തിൽ ശ്രീവസന്തോത്സവമനുദിവസം
ചേർന്നു ജായാവരന്മാർ.
ഈ മട്ടുത്തുംഗഭാഗ്യക്കുളിർപവനനാടി-
ച്ഛായുരാരോഗ്യമേന്തി
ക്ഷേമപ്പൂവല്ലി പുഷ്പിച്ചഭിലഷിതഫലം
നേടുമാറായിടട്ടെ

## XIV

പ്രേമത്തിൻ ചിറകിൽക്കേറിവിമല-
    പ്പൂംതെന്നലിൻ സൌരഭം
ചിന്നിലസൽമ്മരീചിമാലയിലിയലും-
    പ്പാടൊക്കെ നീക്കിച്ചിടും
കാലം ദേശമിതൊക്കെയും സ്വഗതിയാൽ
    നീക്കിക്കടന്നുജ്ജ്വലൽ-
സ്ഥാനത്തെത്തുക സത്യധാമനിൽ വിഹരി-
    ച്ചിടുന്നൃജായാവരർ

## XV

തൃക്കൈത്താരിന്റെ മാർദ്ദവ്യതികവു പലപല-
    ത്തുള്ള പൊങ്കോൽത്താഴമ്പിൻ-
പാടേൽപ്പാദനാങ്ങിനിൽക്കും നിലതിരുവടിയിൽ
    കാക്കവോരല്ലിത്തലം?
അങ്ങയ്യങ്ങെത്തുവോളം ലീലർനിവേദിതരു-
    നരണ്ടു മാർഗ്ഗത്തിൽ, ഭദ്രാ-
ശംസാത്മ്രപത്തിലിയുള്ളവർ യുവസ്വാപതേ!
    ധർമ്മജ്ഞ ധന്യതന്നെ.

---

# ഒരു ഭാരതബന്ധുവിൻെറ ചിന്ത.

---

(നതോന്നത)

൧

മണിയടിയൊച്ചകേട്ടു മണിവർണ്ണൻ, പള്ളിക്കുറു-
പ്പുണർന്നാവൂ! പുണർന്നാവൂ! പാദജന്മാവെ.
കാലിക്കോലും, ചമ്മട്ടിയും, കോലും കോമളവർണ്ണനു
കാർവർണ്ണനെ, ചാരെ കണ്ടു കൺകുളുർക്കാവൂ!
എന്നേ ഭക്തിയിന്നേവരെക്കൊതിച്ചുള്ളു; വിപ്രനൊപ്പ-
മിന്നുവേണമവകാശമാനായർകോനേ,

*　　　*　　　*　　　*

൨

തെളിഞ്ഞെഴും മലനാടാം മലർക്കാവിൻ പൂക്കൾക്കിവ-
രെളിയോരു തളിരെന്നു മെണ്ണിക്കൂടെന്നോ?

---

൧. പള്ളിക്കുറുപ്പ്=ഉറക്കം. പാദജന്മാവെ=ശൂദ്രനെ (വിരാട്പുരുഷൻെറ പാദത്തിൽ നിന്നു ശൂദ്രരുണ്ടായെന്നു വേദം) ചാരെ=സമീപം. ആനായർകോൻ= ശ്രീകൃഷ്ണൻ. അവർണ്ണർ ഭക്തിപാരവശ്യംകൊണ്ടു ബ്രാഹ്മണരെപ്പോലെ ഭഗവത്സന്നിധിയിൽ ചെല്ലാൻ തങ്ങൾക്കും അവകാശം ലഭിക്കേണമെന്ന ഉദ്ദേശത്തോടെയാണു് സത്യാഗ്രഹം തുടങ്ങിയതെന്നും ഇടയനും കാർവർണ്ണനുമായ ഗുരുവായൂരപ്പനു് അവർണ്ണരെയായിരിക്കും അധികം താല്പര്യമെന്നും സാരം.

൨. മലയാളം ഒരു പൂന്തോട്ടമായും, ജാതികൾ ഒരു പൂവിൻെറ അടുത്തുള്ള തളിരുകളായും വർണ്ണിച്ചിരിക്കുന്നു. അ

---

(ഗുരുവായൂർ ക്ഷേത്രപ്രവേശനപരമായെഴുതിയതു്.)

മകരത്തൂമഞ്ഞുതുകൾ മലനാട്ടിൻ മിഴിനീരാം;
അകംപുറം മരവിച്ചോ? മാമൂൽപുതച്ചോ?

*   *   *   *

൩

പാറക്കല്ലിൽത്തട്ടിത്തെറിച്ചിടും തിരയല്ല; തനി-
പ്പാറക്കല്ലാകുവിൻ! ശക്തിസ്വരൂപരാകുവിൻ!

മരുഭൂവിലെഴും മൃഗം മണൽനിറം; കർമ്മഭൂവിൽ
മരുവുമന്നോർ ചുററുപാടിൻ വർണ്ണം ചാർത്തും
ചോരച്ചൊരിച്ചിലാൽ, പോർവാൾ ചുഴററലാൽ,
[വീരശ്രീതൻ-
ചൊടിവായ്ച്ചുംബനം കാംക്ഷം കാലമിന്നല്ല
ഇപ്പോഴൊന്നും വിരിയാത്ത പൊൽപ്പൂമൊട്ടി കാത്തു,
[രണ്ടു-
മുപ്പത്തഞ്ചുകോടി നിരക്കണമെന്നിൽപ്പോ?

മലർന്നിരദേവർക്കും, ദൈത്യർ മുള്ളുവിരിച്ചിടും;
കുലകലഹത്തിൽക്കേൾക്കാം കാഹളീധ്വാനം.

---

ഖണ്ഡാരൂപകം. മകരമാസത്തിലെ മരം കോച്ചുന്ന മഞ്ഞു്, അനൈക്യമത്യത്താൽ കരയുന്ന മലനാട്ടിന്റെ കണ്ണുനീരാണോ എന്നു കവി ഉൽപ്രേക്ഷിക്കുന്നു. അകവും പുറവും മരവിച്ചതുകൊണ്ടോ, മാമൂൽ പുതച്ചതുകൊണ്ടോ ആയിരിക്കാം ജനങ്ങൾ ഇതറിയാത്തതെന്നർത്ഥം

൩. പാറക്കല്ലിൽ തട്ടിയൊഴുകുന്ന വെള്ളം പോലെ പുറമേമാത്രം സ്പർശിക്കുന്നവരാകയല്ല, പാറക്കല്ലുപോലെ സുസ്ഥിരമായ മനസ്സുറപ്പു സമ്പാദിക്കുകയാണു വേണ്ടതു്. കർമ്മഭൂവു്=ഭാരതം. വീരശ്രീ......കാംക്ഷം=വിജയം സമ്പാദിക്കാൻ ആഗ്രഹിക്കുന്നു. കാഹളീധ്വാനം=കൊമ്പുവിളിയുടെ ശബ്ദം.

൬

മറയോനെക്കുടിലിലും, പറയനെ മനയ്ക്കലും
തിറമോടു കാവലർക്കെല്ലാക്കാൻ, കാക്കുന്നോ?

എഴുന്നേല്ക്കും പടനായന്മാർക്കാരിന്നെഴുന്നല്ലൂ-
മെഴുന്നാണിന്നുമ്പോൾത്താഴ്ത്തപ്പെട്ട കെല്പുറ്റോർ.

മതങ്ങളോട്ട മറ്റൊന്നിവർ കെട്ടിപ്പടുത്തേയ്ക്കാം; അധഃ-
കൃതൻ ക്ഷേത്രം വിലാസമാം തിരയേയ്ക്കാം;

ശ്രുതിസ്മൃതികളെ —ഇജ്ജാതിപ്പ്രാതികളെ—യെട്ടു- [ത്തിവർ
പുളഹയഗ്രീവനായിക്കടലിൽപ്പൂഴ്ത്താം.

ഭാരതത്തെനിർബ്ബ്രാഹ്മണമാക്കിത്തീർക്കേയ്ക്കാം; ഭ്രാതാക്കളേ,
മൂരിനിവിർന്നാലോ നിങ്ങൾക്കുറങ്ങും ശക്തി?

---

൬. മറയോൻ=ബ്രാഹ്മണൻ. കെല്പുറ്റോർ=ശക്തിയുള്ളവർ. പടയാളികളായ നായന്മാരുടെ തുണയോടുകൂടി അധഃകൃതർ ഉയരും. സ്മൃതികർത്താക്കൾ അവരെത്താഴ്ത്തിവെച്ചിരിക്കുകയാണു്. ഹയഗ്രീവൻ വേദങ്ങളെ കടലിൽ താഴ്ത്തിയെന്നും, വിഷ്ണു മത്സ്യമായി അവയെ വീണ്ടെടുത്തുവെന്നും പുരാണകഥ. ജാതിഭേദമുണ്ടാക്കിയ ശ്രുതിസ്മൃതികളെ പ്രബുദ്ധരായിത്തീരുന്ന അധഃകൃതർ കടലിൽ താഴ്ത്തിയെന്നും വരാം. പല്ലൊക്കാലമായി ഉറങ്ങിക്കിടക്കുന്ന അബ്രാഹ്മണരുടെ ശക്തിയുണർന്നാൽ ഇന്ത്യയിലെ ബ്രാഹ്മണരെത്തന്നെ നശിപ്പിച്ചേക്കാം എന്നും അധഃകൃതർക്ക് ഗുണപ്രദമായ ഒരു പുതിയ മതംതന്നെ ഉണ്ടായേക്കാമെന്നും കവിഹൃദയം.

## ഭാരതമാതാവിന്റെ സംഭാവന. *

---

സന്മാൎഗ്ഗം വിട്ടൊരൊററച്ചുവട്ടുനടത്തുട-
ഞ്ഞാത്ത ഞാൻ, ധൎമ്മദീക്ഷ-
യ്യെന്മാറിൽച്ചേൎന്ന ഭൂഷാവലികളിവയിൽ പടി-
ഞ്ഞൊട്ടു പൊട്ടിപ്പറിഞ്ഞു;
വന്മാറെല്ലാം പൊറുത്തൂൎജ്ജപ്രണയമൊടു വള-
ൎത്തുള്ള സൽപുത്രവൎഗ്ഗം
സമ്മാനിച്ചു മനോജ്ഞസ്രക്കു, തിലകമധികമം-
യെന്തു ഞാനും മറന്നതുണ്ടു?

തീരം തല്ലിത്തകൎക്കും പടി തിരയിളകും
'പൈഷ്യ'നം ബോധിമദ്ധ്യ,
സൈന്യം ഭൂശ്മശാനസ്ഥലിയിലവതര-
ണ്ടുന്ന രത്നാകരം പോലെ;
പീരങ്കിക്കുള്ള തീയുണ്ടകൾ ചിതറിവരുമ്പോൾ
മക്കൾ "ഫ്ലാണ്ടേഴ്സ്" മണ്ണിൽ
ധീരശ്രീ പൂണ്ട വക്ത്രം വളരെ വിളറിയും
കൈകൂറിയേറും കിടപ്പൂ!

വീരന്മാർ, ഭാരതത്തിൻ പഴയ പെരുമതൻ-
മാറു മായാതെ കാട്ടും
ധീരന്മാർ, കാലപാദ്ധ്വഗത്തിനു പരമിരയായ്
തീൻ പൊൻപൂക്കൾ പോലെ,

---

* അനുകരണം.

ചോരച്ചോപ്പാർന്നൊരാ ‘ഫ്രാൻസ്’ പടനിലനടുവിൽ
　　ഗാഢമായ് നിദ്രചെയ്‌വൂ!
പാരം സന്താപവന്തീപ്പൊരിയിളകിയുമെൻ-
　　കണ്ണുനീരാരൊഴുകും? ൩

നൈരാശ്യം നേരിട്ടെന്നാകിലുമുപരി തിള-
　　ച്ചേറുമാത്മാഭിമാനം;
തോരാതശ്രുക്കൾതൂകും മതിമുഖിയെ മറ-
　　ച്ചീടുമാശാപ്രവാഹം;
പാരാപ്ലാവിക്കുമാറായ് പരമുഴയപതാ-
　　കാളിമാകാശദേശ-
ത്താരാൽ പാറിക്കളിക്കുന്നളി മന്ദമിഴിയാൽ
　　കണ്ടു ഞാനാശ്വസിപ്പൂ! ൪

പാരാകെക്കീർത്തി പാറുംപടി പടയിൽ മട-
　　ങ്ങാത്ത നെഞ്ഞുരം കാട്ടി-
പ്പോരാടിപ്പോന്ന സേനാനിരകളെ മുറപോൽ
　　നിങ്ങൾ മാനിച്ചിടുമ്പോൾ,
വീരസ്വർഗ്ഗം വരിച്ചോർസ്മരണയെ നിലനി-
　　ത്തീടുവാൻ ഒരുക്കീടുമ്പോൾ,
പോരാളും മത്സുതന്മാരുടെ ഹൃദയ-
　　ത്തിങ്കലൊന്നോർമ്മവേണം! ൫

# ഈശർ താനേ തരും വരം.

(കാകളി)

ശാന്തമഞ്ജുപ്രഞ്ജമൊന്നിതാപർവ്വത
പ്രാന്തത്തിലെ,ന്തൊരു കാഴ്ച കാണുന്നു നാം?

പശ്ചിമാശാമുഖം പാരേ തുടുക്കുന്നു;
പച്ചിലയും തിന്നു പാവങ്ങൾ മേയുന്നു;

പാടലുള്ള പാഴ്പുല്ലു കണ്ടാലല്ലതിന്നും;
വാടിക്കരിഞ്ഞതൃള്ളിലകളുമങ്ങനെ.

മറ്റുള്ളവരുടെ മെയ്ക്കൊഴുപ്പിക്കുവാൻ
മുറ്റുമിപ്പാവങ്ങൾ തന്മാംസമുത്തമം.

പണ്ണാശികളാമിവറ്റയിലിന്നുമെ
ചൂണ്ണവിഷ്ഠും കിടപ്പുണ്ടവിലീനമായ്.

ഒന്നിച്ചിരുന്നവ കണ്ടാലറിയാതെ-
യിന്നുഭിന്നിച്ചുപോയ് വൃത്തിഭേദങ്ങളാൽ;

ചെമ്മരിയാടൊന്നു; കോലാടതൊന്നെന്നു
തമ്മിൽക്കലഹവുമോട്ടവും ചാട്ടവും;

വർണ്ണഭേദങ്ങളെപ്പറ്റിപ്പറക,മി-
വ്വർണ്ണമാദ്ധ്യന്തമാത്സര്യമത്ഭുതം.

ഗീതോപദേശങ്ങൾ ചെയ്യുമജപാല-
നേതൊരു ദിക്കിൽക്കുടുങ്ങിക്കിടക്കയാം?

ദിവ്യമാമേതുമുരളീഗളൽസ്വനം
നവ്യചൈതന്യമിവറ്റയ്ക്കുനൽകിയോ?

ആ രമ്യവേണുവിൻ രന്ധ്രം മെഴുകട-
ഞ്ഞാരാവമറെറങ്ങടങ്ങിയൊതുങ്ങിയോ?

കേസരിഗർജ്ജനം കേട്ടുവ ഞെട്ടുമോ?
ശ്വാസമില്ലാതെപ്പകച്ചുവ പായുമോ?

മേഷപാലാഭാവമൂലം ഹൃദന്തര-
മീഷജ്ജ്വലിതമാകാതെ ചരിക്കുവിൻ!

കാലശക്തിക്കു വിധേയനായ് നിങ്ങടെ-
പാലകൻ പാർക്കയാം കാണാതെ നിങ്ങളെ.

ആത്മശക്തിസ്ഫുലിംഗങ്ങളെല്ലാടവു-
മാമേഷപാലൻ പാരത്തുന്ന മേട്ടാം.

കണ്ണിലിരുട്ടു കയറുന്നനേരത്തു
വിണ്ണിങ്കൽനിന്നു വിളക്കൊന്നു കാണുമേ.

ദിവ്യാനന്ദപ്രഭ നിങ്ങടെ മാർഗ്ഗങ്ങ-
ളവ്യാഹതമാക്കമാശ്വസിച്ചീടുവിൻ!

സുപ്തസിംഹങ്ങൾതാൻ തങ്ങളെന്നേകദാ
സുപ്രഭാതത്തിലുണർന്നുകാണോയ്വരും

നിങ്ങൾതാൻ ഭോഗനിരീക്ഷിച്ചിരുന്നൊരാ-
നിഷ്കാമകർമ്മാവട്ടുള്ളുവന്നാത്ഭുതം!

“കേവലം മേഷങ്ങളെന്നു ചിന്തിച്ചുവോ
കേസരിവീരരേ! നിങ്ങളെ”ന്നോർത്തുമേ.

ജാതിമാത്സര്യമനൈകമത്യാദിയും
ഛേദിച്ചു സുപ്തമാം ശക്തിയുണർത്തണം;

നേതാവുതന്നുടെ കർത്തവ്യമിത്രയും;
ഹോതാവിനേല്ലും പുകഞ്ഞീല കണ്ണുകൾ-

എന്നാത്മശക്തിയിൽ സുസ്ഥിരപ്രത്യയ?-
മന്നാദരിച്ചീശൻ താനേ തരും വരം.

---

# വീരസിംഹി.

---

സിംഹാഗമം കണ്ടു ഗുഹാമുഖത്തെ-
യകത്തു നിന്നുകൊട്ടടച്ചതാരോ?
ബന്ധിച്ചിരിക്കും മരുവാരദുർഗ്ഗ-
ദ്വാരേ 'യശോവന്ത'നുഴന്നു നില്പൂ. ൧

ആ 'നർമ്മദാ' പ്രാന്തമരുസ്ഥലത്തിൽ
പോർചെയ്തു പോന്നീടിന ശിഷ്ടസൈന്യം
വെൺതിങ്കളില്ലാത്തൊരിരുൾപ്പെട്ട വാനിൽ
ക്ഷീണിച്ചെഴും ദീപ്തിസഹസ്രമല്ലീ? ൨

---

യുദ്ധത്തിൽ സൈന്യങ്ങൾക്കു വേണ്ട ഭക്ഷണസാധനങ്ങൾ കിട്ടാതെ കഷ്ടപ്പെട്ടു സ്വരാജ്യത്തിലേയ്ക്കു മടങ്ങിവന്ന യശോവന്തസിംഹനു പ്രവേശമനുവദിക്കാതെ, അദ്ദേഹത്തിൻെറ സഹധർമ്മിണി കോട്ടവാതിലടച്ചുകളഞ്ഞുവെന്ന ചരിത്രകഥയാണു് ഇതിലെ പ്രതിപാദ്യവിഷയം.

൧. മരു ... ദ്വാരേ=മീവാറിലെ കോട്ടവാതിൽക്കൽ. യശോവന്തസിംഹനെ സിംഹമായും കോട്ടയെ ആ സിംഹത്തിൻെറ ഗുഹയായും പറഞ്ഞിരിക്കുന്നു. അലങ്കാരം രൂപകാതിശയോക്തി.

൨. നർമ്മദാ......സ്ഥലത്തിൽ=നർമ്മദയ്ക്കടുത്തുള്ള മരുഭൂമിയിൽ. ദീപ്തിസഹസ്രം=രശ്മികളുടെ കൂട്ടം. യശോവന്തസിംഹൻെറ കൂടെ യുദ്ധം ചെയ്തു മടങ്ങിപ്പോന്ന ബാക്കി സൈന്യം ഇരുട്ടിനെ ജയിച്ച ചന്ദ്രൻെറ പ്രകാശമല്ലയോ

രാജന്യതേജോ വിഭവത്തിനോളം
തേമാനമേൽക്കാതടരാടിയിട്ടും,
ദുഷ്കാല മുഷ്കാലിരവിട്ടുപോയ
വിശന്ന സിംഹത്തിനു വിശ്രമിപ്പാൻ, ൬

മാർവ്വാര നാട്ടിന്നു മണിപ്പതാക-
മായുള്ള ഹേ! മാനിനി, വീരസിംഹി,
സൗകര്യമേകാതന്നി! ധീരധീരം
ചെയ്യുന്നുവോ ഘോരനിരോധവും നീ (യുഗ്മകം) ൭

ത്വന്മന്ദഹാസങ്ങളുൾ പാൽക്കുഴമ്പാൽ
തളർന്ന ജീവേശപദത്തെ കഴലാട്ടി,
വിരിഞ്ഞ നീലോല്പല മാലചാർത്തി,
നിന്നീടുമോരം കാന്ത, നിലാവുപോലെ. ൮

വരിച്ചിടാതെജ്ജയലക്ഷ്മിയാളെ
വരൻ വരം വാർത്തയറിഞ്ഞു ചീറി,
മാനത്തെ വിററങ്ങു മടങ്ങിയെത്തും
മന്നാനു നൽകീല ഗൃഹപ്രവേശം. ൯

---

എന്നു സംശയിക്കാം. അലങ്കാരം ഉൽപ്രേക്ഷ. (നക്ഷത്രജാലമെന്നും)

൬—൭. രാജന്യ......ഭവം=ക്ഷത്രിയന്മാരുടെ ശൗര്യസമ്പത്തു്. ദുഷ്കാലമുഷ്കാൽ=ചീത്ത കാലത്തിന്റെ ശക്തി കൊണ്ടു്.

൮. നീലോല്പലമാല=നീലത്താമരകൊണ്ടുള്ള മാല (നോട്ടം)

വികാരവിദ്യുല്ലത പാഞ്ഞു; വീര
സിരാനിരാസൃക്ക് പതച്ചുപൊങ്ങി;
ബലേന ബന്ധിച്ചിതു കോട്ടവാതി-
ലതാ പ്രതാപന്റെ യശഃപതാക. ൭

സംഗ്രാമസിംഹന്റെ കുലാഭിമാനം
പതച്ചുപായുന്ന മഹാനുഭാവ!
അമ്ലാനമാം മാനധനത്തിലല്ലോ
മനം കുളുർക്കേണ്ടതു മാനിനിക്കും. ൮

“മഹാമഹീപാന്വയജാതയാം തൻ-
മാനത്തിൽ മാലിന്യമണച്ച മന്നൻ
താനെന്റെ ജാമാതൃപദത്തിനൊന്ന-
ല്ലാത്മപ്രിയത്വത്തിനുമർഹനല്ല”. ൯

ആ രാജ്ഞിയെത്തെല്ലനുരഞ്ജനം ചെ-
യ്തീടുവാൻ ചെന്ന ചരോടമന്ദം
കഥിച്ചതാമുത്തരമിത്തരത്തി-
ലല്ലോ സുധീരാ സുലഭാനുഭാവം. ൧൦

---

൭. വികാരവിദ്യുല്ലത= വികാരമാകുന്ന മിന്നൽപ്പിണർ. വീര......സൃക്ക്=വീര്യം തുളുമ്പുന്ന ഞരമ്പുകളിലെ ചോര.

൮. സംഗ്രാമസിംഹൻ=ചിത്തോരിലെ ഒരു രാജാവ്. അമ്ലാനം=വാടാത്തത്.

൯. ജാമാതൃപദം=മകളുടെ ഭർത്താവിന്റെ സ്ഥാനം.

൧൦. അനുരഞ്ജനം= സമാധാനം. സുധീരാ.......നുഭാവം=ധൈര്യമുള്ളവരിൽ ധാരാളംകാണുന്ന മാഹാത്മ്യത്തോടുകൂടി.

“ആയുസ്സുമമസ്സുതരാം സ്വധർമ്മ-
നിഷ്ഠയ്ക്കുതാൻ വാട്ടിയവൻ വരിഷ്ഠൻ
അവനു പരത്രാധിവാസയോഗ്യ,–”
മെന്നല്ലി നിൻചിന്ത നിസർഗ്ഗധീരേ! ൧൧

പ്രാണേശ്വരൻ നേടിയ ദുർയ്യശസ്സാൽ
പ്രാണപ്രണാശം വരമെന്നു നണ്ണി
ചിതാപ്രവേശത്തിനൊരുങ്ങി, ധർമ്മ-
പ്രതാപലോപത്തിലനല്പഭീരു. ൧൨

മിവാരവംശം മഹിളാമണിയ്ക്കു
പണ്ടും മഹാദർശനിദാനഭൂതം
ഇപ്പത്മിനീ പാവന സൗരഭത്തെ-
പ്പുറത്തിടുന്നു പവമാനനിന്നും. ൧൩

---

൧൧. ആയുസ്സുമം=ആയുസ്സാകുന്ന പൂവ്. വരിഷ്ഠൻ=ഏററവും യോഗ്യൻ.

൧൨. ലോപം=നാശം. അനല്പഭീരു=അധികം ഭയപ്പെട്ടവൾ.

൧൩. മഹാ......ഭൂതം=വലിയ ഉദാഹരണത്തിനു കാരണമായുള്ളു്. പത്മിനീ......ഭം=പത്മിനീദേവിയുടെ(താമരയുടെ എന്നും) പരിശുദ്ധമായ കീർത്തി. പവമാനൻ=വായു. അല്ലാവുദീന്റെ ആക്രമണത്താൽ അപമാനം ഭയന്നു പത്മിനീറാണി തീയ്യിൽ ചാടി മരിച്ചുവെന്നു ചരിത്രം.

സ്വാതന്ത്ര്യകാംക്ഷയ്ക്കു,ഭിമാനദീക്ഷ-
യ്ക്കുടൎന്നുള്ളും പൂഴ്കുവതിന്നുപോലും
കണ്ണീരടക്കി,ച്ചുട്ടവീരപ്പോത്തതി-
പ്രാണേശനെ ശുശ്രൂഷ ചെയ്വു പത്നി. ൨൪

കാന്തന്റെ കാൽത്താർ തടവാനു,മൊപ്പം
കരാളഖഡ്ഗത്തെ വഹിക്കുവാനും
കരുത്തു ചേരുന്ന കരങ്ങളേന്തും
നാരീജനങ്ങൾക്കിതു ജന്മനാടാം. ൨൫

സദ്ധൎമ്മവിത്താകിന 'സംഘമിത്ര'
ഖനാഖ്യയാം ഭാരതി, ഗാൎഗ്ഗി, മൈത്രി
പൌരാണികപ്പെണ്മണിമാരിവൎക്ക
താരയ, നിനക്കെന്തിനു താഴ്ചയുള്ളൂ? ൨൬

വീരപ്പടച്ചട്ട ധരിച്ചുധൎമ്മ-
പ്പോരാടിയാരാധിത "ഝാൻസിറാണി"

---

൨൫. കരാളഖഡ്ഗം=ഭയങ്കരമായ വാൾ. ഭൎത്താവിനെ ശുശ്രൂഷിപ്പാനും യുദ്ധത്തിന്നു പോകാനും ഇന്ത്യയിലെ സ്ത്രീകൾക്കു സാമൎത്ഥ്യമുണ്ടെന്നൎത്ഥം. സംഘമിത്ര=ബുദ്ധധൎമ്മം പ്രചരിപ്പിച്ച മഹതി.

൨൬. ഖന=ജ്യോതിശ്ശാസ്ത്രത്തിൽ നിപുണ. ഭാരതി=ഒരു കവയിത്രി. ഗാൎഗ്ഗി, മൈത്രി=തത്വജ്ഞകളായ സ്ത്രീകൾ.

ചാരിത്രരക്ഷയ്ക്കുടൽ ഭൂതിയാക്കി-
"സ്സംയുക്ത"നേടീ സുയശോവിഭൂതി. ൩൮

വിനഷ്ടവീര്യന്നചിരാൽ പ്രവേശം
നൽകീടിലും നായിക തദ്ഗിരോഷം
മാനം വെടിഞ്ഞീടിന ഭാനുമാനെ
വിരക്തയായൈന്ദ്രി കണ്ണകൊഴിച്ചു. ൩൯

പ്രക്ഷീണം രാജപുത്രപ്രഥയെ നവപരാ-
ക്രമമോടൊത്തു സിംഹൻ
രംഹസ്സാൽ വീണ്ടെടുക്കും ക്ഷണമിതിജനതാനി-
സാന്ത്വിത സ്വാന്തയായാൾ.
ഹേ ഭവ്യേ! മാതൃഭൂവേ, ഭവതിയവധിയ-
റ്റീവിധം ധർമ്മധീര-
സ്ത്രീരത്നോൽകീർണ്ണയായാൽ പുരുഷമണികളും
വീരതേജസ്സു തേടും. ൪൦

---

൩൯. വിനഷ്ടവീര്യൻ=വീര്യം നശിച്ചവൻ. മാനം =അഭിമാനം. (ആകാശം) വിരക്ത=ചുവപ്പുനിറംവിട്ടവൾ. (വെറുത്തവൾ) ഐന്ദ്രി=കിഴക്കേ ദിക്ക്.

## ഒരു കർഷകൻ.

(കേക)

ഭൂതകാരുണ്യം തെല്ലുമില്ലാതെ കൂട്ടക്കൊലയോ,
കൈതവപരിഷ്കാരം നടിയ്ക്കുന്നവക്കാരമോ,
ചേതസ്സിൻ വികാസമില്ലാത്തുള്ള ലോകർക്കായോ
പൂതമാം കഥയിതു കഥിച്ചീടുന്നതല്ല. ൧

പൂമങ്ക നൃത്തംചെയ്യും 'പുരളീപുര' ത്തിങ്കൽ
കോമളശരീരനാം 'കോമപ്പൻ' വസിക്കുന്നു
തൂമഞ്ഞുതോലും മുടിയവന്നു കിരീടവും
പ്രേമമേറീട്ടും വടി ചെങ്കോലുമത്രേ ചിത്രം! ൨

നേത്രങ്ങൾ രണ്ടും പ്രഭാപാത്രങ്ങളത്രേ; നിജ
ഗാത്രശക്തിയാൽ ഗണ്ഡമണ്ഡലം രക്തോജ്ജ്വലം!
പാടത്തു ബാലാരുണകരങ്ങളും മഞ്ഞും തട്ടി-
പ്പാടലനിറമേവം ബാല്യകാലത്തു നേടി. ൩

നിത്യവും പാടങ്ങളിൽച്ചരിച്ചും; പ്രകൃതിത-
ന്നത്യന്തരമ്യഭാവം കണ്ടുകണ്ടാനന്ദിച്ചും;
സ്തുത്യമാമതിഥിസല്ക്കാരങ്ങൾ ചെയ്തും കൃത-
കൃത്യനായ്‌വന്നു പാർത്തു 'പൂഞ്ചോലക്കര' നാട്ടിൽ. ൪

ഔദാര്യവാരാശിതൻ നിർമ്മലമതിപോലെ
കേദാരസ്ഥലി പാടേ സൽഫലശാലിയായി

വേദാന്തവേദ്യൻ തന്റെ പാദത്തെ സ്മരിച്ചയാൾ
വേദാന്തംവരുമാറു നിത്യതൃപ്തനായ്‌വാണു. ൫

തിങ്ങിടും ക്ഷേമമത്താലും കോമപ്പൻ കൃഷിക്കാര-
നിങ്ങനെ സംവത്സരം മുപ്പതു കഴിക്കവേ
മുങ്ങിപ്പോയ് കൃഷിയെല്ലാം; മങ്ങിപ്പോയ് ഭാഗ്യദീപം
പൊങ്ങിയും താണും ചലിച്ചീടുമേ കാലചക്രം! ൬

ഇരന്നാ, പണം കടംവാങ്ങിയോ കഴിയാതെ-
ത്തരമില്ലാതെയായി; കോമപ്പൻ കുഴങ്ങിനാൻ;
പരമാനന്ദംപൂണ്ടു വാണൊരാ വന്ദ്യനേവം
ദുരദൃഷ്ടത്തിൻശക്തിയാരുമേ ശങ്കിച്ചീല! ൭

അടുത്തുള്ളവരെല്ലാം വേണ്ടതു യഥാശക്തി
കൊടുത്തു; കോമപ്പനെദ്ദാരിദ്ര്യംബാധിച്ചില്ല;
പടുത്വം ചേർന്നോരയാൾ നിത്യവൃത്തിക്കുമാത്ര-
മെടുത്തു കിട്ടുംപണം; ശേഷമോ ദാനംചെയ്തു. ൮

ഈവിധം വസിക്കുമ്പോളൊരിക്കൽ ഭാവിയായ
ജീവിതം നയിക്കുവാൻ നല്ലൊരു തരംനോക്കി.
കൈവിട്ടു വാസസ്ഥലം പുരളീപുരേ പോയി
മേവിനാനവനേതും മാനസമിളകാതെ. ൯

ആകവേ നരച്ചുള്ള മുടിയും ശരീരമാ-
മേകവിത്തവുമായി കോമപ്പൻ കൃഷീവലൻ
ലോകയാത്രയിൽപ്പലേ തൊഴിലും പരീക്ഷിച്ചു
ശോകമെന്നിയേ വാണാൻ സുചിരം നഗരത്തിൽ. ൧൦

ഇത്തരം സ്ഥിതിവന്നു ചേരുകിൽ മനുഷ്യർക്കു
ചിത്തരംഗത്തിനുണ്ടാമിടിവെന്നിരിക്കിലും,
അത്തവ്വിലൊരു പത്തുവയസ്സു കുറഞ്ഞമ-
ട്ടുത്തമന്മാർ ശക്തിയുക്തരായ്ക്കാണപ്പെട്ടു. ൧൧

ഇരട്ടിച്ചിതു ചോരയോട്ടവും; മുഖത്താരോ
നരച്ച രോമത്തിനും പുതിയോരുയിർ വീണു;
തിരക്കും തേനീച്ചകൾ തേൻകൂട്ടിലെന്നപോലെ
വിരവൊടക്കളും ചൊടി പൂണ്ടിതു പാടത്തിലും. ൧൨

ചേതസ്സിൽക്കുതൂഹലമുളവാക്കുന്നതായ
നൂതനസാധനങ്ങൾ കാണുകയാലനുദിനം
ആതങ്കമുണ്ടായതി,ല്ലെന്നല്ലാ ചെറുപ്പത്തിൽ
ജാതമാമാഹ്ലാദവും കണ്ടിതു കോമപ്പനിൽ. ൧൩

ഉരുക്കും വേനലെന്തു? കൊടുങ്കാററന്മാർക്കെന്തു്?
തെരുവീഥികളേലെപ്പായുന്ന മോഹങ്ങളെ
പെരുക്കും ശ്രദ്ധയോടെ നോക്കിനില്പതു കണ്ടാൽ-
ക്കരുതും പത്തു കൊയ്ത്തുകാരന്മാർക്കൊണ്ടെന്നാരും.

വാട്ടമേല്ക്കാതെയുള്ള പൂക്കളും, താഴും ഫല-
ക്കൂട്ടവും മഴക്കാലമാഹാത്മ്യം വെളിവാക്കി
തോട്ടത്തിൽ നില്ക്കും നില കണ്ടി,തു നട്ടുണ്ടാക്കാൻ
പെട്ട പാടോർത്തു സാധു കോമപ്പൻ ചിരിച്ചീടും. ൧൫

ചന്തമേറീടും പല വാഹനങ്ങൾക്കു മദ്ധ്യേ,
ഹന്ത! മന്ദമായ്‌ച്ചരിക്കുന്നൊരു വൈദ്യുതാൽ വണ്ടി
അന്തരംഗത്തെക്കാന്തമെന്നമട്ടാകർഷിക്കും;
ചന്തരംഗങ്ങൾപോലെപ്പൂർവ്വചിന്തകൾ പൊന്തും ൫൩

ചിലപ്പോൾച്ചിന്തയിലപ്പോഴൊരുകൈ വശ്ശ്യാൽവാരി-
ച്ചുഖമായ്‌ മനമാട്ടമേറ്റു ലണ്ടപ്പിയല്ലും;
പലകാലവും കൊയ്ത്ത പൂരങ്ങളോലക്കരക്കൃഷി-
സ്ഥലവും കളവും തൻകരളിൽ സ്മരിച്ചീടും. ൬

കണ്ടുകാഴ്ചികൾ മേയും മൈതാനസ്ഥലത്തയാൾ
ചെന്നു നിന്നവയുടെ ശക്തിയും, പ്രകൃതിയും,
തന്നുടെ താല്പര്യാധികസ്ഥിതിയും ചിന്തിച്ചീടു-
മെന്നും; ജ്ഞങ്ങനെയുള്ള,ങ്ങളുടലിങ്ങുമായ്‌ വാണ്ടു. ൫൨

---

വേഴ്‌സ്‌വത്തു്‌.

# മഹാകവി ഉള്ളൂർ.

---

കോടിക്കേറീ സുദോഷാ വിടപിയിലൊരുനാ-
ളൊന്നരുമാരാത്ത ബാലൻ
പാടിക്കൊണ്ടങ്ങിരിപ്പുണ്ടൊരു പറവയതിൻ-
പാട്ടുഞാൻ കേട്ടുനിന്നു
അട! ഉൾപ്പൂവെന്നകക്കാമ്പ്, ഇമ്മുഗ്ദ്ധഖിതു-
നാളേറാളമമ്മട്ടുതാനാക്കി-
പ്പാടീടാറുണ്ടു ഞാനും-പരഭൃതി മധുരാ-
സങ്കല്പിതമിതു ചൊന്നാം?

(2)

ഇല്ലേറെസ്സാഹിതീ സേവകരിതുവിധ, മി-
ല്ലേറെ-"യുള്ളൂർ" കവീന്ദ്ര-
ക്കല്ലേ! നിസ്സ്വാർത്ഥ സംസേവനമൊട്ടുവിലട്ടു-
പ്പിക്കമേ പ്രാച്യഭൂവിൽ
മെല്ലെപ്പിന്നിട്ട കാവ്യാദ്ധ്വഗ! മരുമണലും;-
മാളശന്മാർ ഭവാന-
നില്ലേ പച്ചക്കല്ലിക്കാവുകൾ? അരൂപതില-
ങ്ങഗ്ര്യ പീഠം കരേറി.

(3)

ഉള്ളൂരിന്നില്ലവരെ പ്രണയിനി-കവിതാ-
കാമിനിത്തയ്യലാളേ-
യുള്ളൂ-കാന്താജിതൻ താൻകവി, ഹൃദയമവൾ-
ക്കർപ്പണം ചെയ്തു പണ്ടേ;

തള്ളൂ! തള്ളൂ മഹോദ്യോഗിക പദവി, യതിൽ-
ക്കാഞ്ചനം വിട്ട മററ-
ന്തുള്ളൂ? കാവ്യാംഗനാസംഗന മഹഹ! സുവ-
ർണ്ണാർത്ഥ ശയ്യാവിധാനം!

(4)

ആശാനദ്ധ്യാത്മ സാരസാന്ദ്ര ഝരിയെ മൊഴി-
കളാൽ പകൎന്നിതേറും;
വള്ളത്തോൾ വർണ്ണമാധുര്യോടനുപമ മുഖകിൽ-
ബാഹ്യചിത്രം വരച്ചൂ;
ഉള്ളൂരീയാഷഭൂവിൻ ശമമുടയ കെടാ-
ത്തീപ്പൊരികളുതി-
ക്കത്തിച്ചാചാര്യനെപ്പോലൊരു നവയുഗ സ-
ന്ദേശമിന്നേകിടുന്നൂ

(5)

അങ്ങൂർവ്വാര സദാസന്നയിന്നി മലനാട്ടി-
ന്റെ മാൺപാർന്ന പൂവേ,
പൊങ്ങലിപ്പോയ്! ചിരപ്രസതസാഹിതി മട്ടമലർമാല്യ-
ത്തിലൊന്നായ്ച്ചമഞ്ഞു!
അക്കാമ്യക്കാഴ്ച ജീവൽക്കവിവരി പുളൂതാ-
മുത്സാഹം തന്നെ ഞങ്ങൾ-
ക്കേകാവുള്ളൂം മനോഹാരിത കറയുകയി-
ല്ലങ്ങെമ്ലാനസൂനം!

# ബീജാങ്കുരം.

1

അതീതകാലങ്ങളനുസ്മരിച്ചുതാ-
നതീവ ഖേദാകുലനായനേകദാ
വിനഷ്ടമായില്ലതൊരിക്കലും വിഭോ!
ഗ്രഹിച്ചുനിശ്ശേഷ നിഗമഷ്ടവും ഭവാൻ.

2

തളർന്നു തന്ത്രീപരനായ്ക്കിടന്നു ഞാൻ
നിനച്ചിതെല്ലാപ്പണിയും നിലച്ചതായ്;
കണ്ടേനഷ്ടശ്ശാഖയിലൊരുനവൻ ഞാ-
നല്യാണമൂല്യസുമവിസ്മയാവഹം-

3

ബീജത്തെ നല്ലങ്കുരമാക്കി വളർത്തിയും;
മൊട്ടിനു സൂനപ്രഭനേല്കിയും; പ്രഭോ!
പുഷ്പങ്ങളെസ്സൽഫലജാലമാക്കിയും;
വസ്തുക്കൾ തന്നുള്ളിലൊളിച്ചു വാഴ്വു! നീ

ടാഗോർ.

# സായംകാല സപര്യ.

(മഞ്ജരി)

പ്രത്യൂഷകാലത്തു നിൻ ദേവാലയിങ്കൽ നി-
ന്നത്യുച്ചം കേൾപ്പൂ മണികിലുക്കം
പുത്തൻ മട്ടമലർ മാല്യാപഹാരങ്ങൾ
ഹസ്തങ്ങളിലേന്തി സ്ത്രീപുമാന്മാർ
വന്ദിപ്പാനങ്ങയെ മോദപ്പെട്ടോടുന്നു
വന്യതരുവൃതമാർഗ്ഗത്തൂടെ

വൃക്ഷസുച്ഛായയിൽ, താഴ്ന്ന പല്യങ്കത്തിൽ,
പക്ഷേ, ഞാൻ മാത്രം ശയിക്കയത്രേ.

ദേവാലയംപൂകി സ്ത്രീപുമാന്മാരങ്ങേ-
സ്സേവാർത്ഥം പോകുന്നപോക്കും ഞാനോരി,

തല്പാലുഷാസിഞാനായ്കിടന്നാലും
നന്നായിതെന്നുള്ളതൊന്നാനന്ദമേ.

അന്നേരമെന്നുടെ പുഷ്പങ്ങളൊക്കെയും
നന്നേ മുകുളിതമായിരുന്നു.

വാസരാന്തം തന്നിലെന്റെ കുസുമങ്ങൾ
വാസനയോടും വികാസമാർന്നു.

സായം കാലീന സപര്യയ്ക്കായിന്നു ഞാ-
നായത്തും കൊണ്ടിതാപ്പോയിടുന്നു.

ടാഗോർ

## ഭാവിഗർഭത്തിൽ.

ഹിന്ദുക്കളേ, ഹിമാലയമാമലഭിത്തിക്കു, മിന്ത്യാ
സിന്ധുക്കിടങ്ങിനും മദ്ധ്യേ—മുടി ചൂടിച്ചു!

ഒരു പെരും ദുഷ്പ്രഭുവെ—സ്വാധികാരപ്രമത്തനെ
വെറും മായാവിയെ—നിങ്ങൾ മുടി ചൂടിച്ചു!

പടിഞ്ഞാറൻ പീരങ്കിക്കും പിടികിട്ടാപ്പുകയന്നു—
കൊടിയ ജാതിക്കു—നിങ്ങൾ കരം കൊടുത്തു.

കടമിഴിയെറിയവേ, 'കപിലവാസ്തു' വിൻ യോഗി
കിടുകിടെ വിറച്ചുപോയന്നിക്കിരീടൻ

അന്നുതൊട്ടൊരായിരമാണ്ടിടർ നിന്നു; മറ്റൊരാൾക്കും
പിന്നെത്തല താഴ്ത്തിയില്ല: പിന്മാറിയില്ല.

അനിയന്ത്രിതമജ്ജാതിനിയമങ്ങൾ ഭാരഷത്തെ-
മിനി ഹനിക്കാതെ വ്യൂഹം ചമച്ചു നിൽപ്പിൻ!

'അരുവിപ്പുറ'ത്തെ യോഗീശനുളിന സനാതന-
ല്ലൊരുങ്ങളന്തിജ്ജാതിയെ നാം പോക്കു വിളിക്കാം.

ദ്യോവിൽ നിന്നൊരാശോകവരമൊപ്പമൊരു പച്ചപ്പൂവും
ഭാവികാലഗർഭത്തിങ്കലാവിർഭവിക്കാം.

# ചന്ദ്രബിംബം.

(ഒരു സംഭാഷണം.)

മാകന്ദമഞ്ജരി

അനുജൻ:—അന്തിക്കുവട്ടമൊത്തുള്ളൊരു വാനൊളി-
പ്പൂന്തിങ്കളക്കടമ്പിന്റെ കൊമ്പിൽ
അക്കൈക്കു തൂങ്ങിക്കിടക്കുമ്പോളോടിച്ചെ-
ന്നാക്കാനെ മെത്തിപ്പിടിച്ചുകൂടെ?
എന്നു പറഞ്ഞുള്ള ഞാനും; ഏട്ടന-
ന്നേരമെന്നെ ഹസിച്ചു ചൊൽവൂ:

ജ്യേഷ്ഠൻ:—നിന്നെപ്പോലത്തലയില്ലാത്ത ബാലനെ-
യിന്നോളമെങ്ങും ഞാൻ കണ്ടിട്ടില്ല.
ഏറെയകലെയാണെന്നറിയമ്പിളി-
യെങ്ങനെയാരുപിടിക്കും പിന്നെ?"

അനുജൻ:—ഏട്ടന്റെ വിഡ്ഢിത്തം! നമ്മൾ കളിക്കുമ്പോ-
ളെത്തിനോക്കിക്കിളിവാതിലൂടെ
പുഞ്ചിരിയമ്മപൊഴിക്കും പൊഴുതതെ-
ദ്ദൂരത്താണമ്മയെന്നോതാറുണ്ടോ?
എന്നതുകേട്ടപ്പോളേട്ടൻ പറഞ്ഞിതു

ജ്യേഷ്ഠൻ:—പിന്നെയും: "നീയൊരു മൂഢക്കുട്ടി!
എങ്ങുണ്ടു? ചന്ദ്രനെച്ചെന്നുപിടിപ്പാനാ-
യത്രവലുതാം വലയൊന്നുണ്ണി!"

അനുജൻ:—“നിങ്ങടെ കൈകൊണ്ടു പോയിപ്പിടിച്ചീടാം
നിശ്ചയമായെ”ന്നു ചൊല്ലിനാനനം.

ജ്യേഷ്ഠൻ:—വീണ്ടും ചിരിച്ചേട്ടൻ ചൊല്ലിനാൻ “നിന്നോളം
മണ്ണോടംകുട്ടിയെക്കണ്ടീലെങ്ങും
വന്നീടുമെങ്കിലടുത്തല്ലു കണ്ടീടാ-
മന്നേരമെത്ര വലുതാണെന്നാവു്.”

അനുജൻ:—നിങ്ങടെയെല്ലാമെഴുത്തുപള്ളിക്കുള്ളി-
ലെന്തസംബന്ധം പഠിപ്പിക്കുന്നു!
നമ്മളെയുമ്മവെച്ചീട്ടുവാനായമ്മ
തന്മുഖം താഴ്ത്തുന്ന നേരത്തു!
എന്തു? പൊന്നമ്മതൻ പുഞ്ചിരിപ്പൂമുഖ-
മേറെവലുതായിത്തോന്നാറുണ്ടോ?
ഈവാക്കുകേട്ടിട്ടു ജ്യേഷ്ഠൻ പറയുന്നു:

ജ്യേഷ്ഠൻ:—നീ വിട്ടുവിഡ്ഢിയാണല്ലോ കുട്ടി!

ടാഗോർ—തർജ്ജമ.

# പ്രാർത്ഥന.

ലോകമെങ്ങും നിറഞ്ഞുള്ള തേജസ്സേ,
ലോലമാം തിരിനാളങ്ങളീ ഞങ്ങൾ,
അങ്ങതൻ ചെറുപൈതങ്ങൾ, കൺമിഴി-
ച്ചെങ്ങുമേ തിരുരൂപമാരായുന്നു.

ബന്ധുവായ ഭഗവാനെ വാഴ്ത്തുന്നു
ഹിന്ദു ഭക്തിയാൽ 'ബ്രഹ്മ'മെന്നിങ്ങനെ;
ബൌദ്ധനോ 'മണിപത്മ'മെന്നെപ്പൊഴും
ശുദ്ധനായ ഭഗവാനെ വന്ദിപ്പൂ!

ഭാസിച്ചീടുന്ന ദിവ്യതേജോമയ!
പാർസിസോദര'നഗ്നി'യുമങ്ങല്ലോ.
'അല്ലാഹെ'ന്നു നമസ്കരിച്ചീടുന-
തില്ലയോ നിന്നെ മുസ്ലീം സഹോദരൻ?

ക്രൈസ്തവൻ മുട്ടുകുത്തി വണങ്ങുന്നു
സത്യദേവ 'തിരുഹൃദയ'ത്തിനെ.
എന്മനസ്സിലുമെല്ലാ വപുസ്സിലും
ചിന്മയ! ഭവാൻ ചിന്നിമിന്നീടവേ,

സ്നേഹദീപത്തിൽ, മോഹംകളഞ്ഞങ്ങേ-
മോഹനരൂപമൊന്നു കാണിക്കണേ!

## വണ്ട്.

---

വരികെന്നരികെ വരിവണ്ടേ
വിരിയുംപൂവിലിരിക്കണ്ടേ!
പനിനീർപ്പൂവിത നിൽക്കുന്നു!
പരിമളമുണ്ടു പരക്കുന്നു!

പലതരമിങ്ങനെ സൽക്കാരം
മലരിലെ മധുവാം പലഹാരം!
പൂങ്കുലയിങ്കലിരുന്നിടവേ,
തേങ്കുടിയിങ്ങു തുടർന്നിടവേ,

ലഹരിപിടിച്ചു കിടക്കുകയോ,
ലതയിലുറക്കം തുടങ്ങുകയോ!
ചെറുമുള്ളുണ്ടീപ്പൂച്ചെടിയിൽ
ചിറകുമുറിപ്പെട്ടു മോക്ഷത്തിൽ

കൂക്കുയിലെന്നിത തേന്മാവിൽ
കൂകുന്നു കുയിൽ പൂങ്കാവിൽ
വന്നു വസന്തം വരിവണ്ടേ
നിന്നുടെ പാട്ടും രസമുണ്ടേ!

---

• ബാലന്മാർക്കുവേണ്ടിയെഴുതിയതു്.

# വിശ്വമഹാകവി.

---

ചാരുഭാരതത്തെ ദിവ്യകോകിലകളഗീതി
ഭാരതപ്പൂങ്കാവനമാകവേ കുളുർപ്പിച്ചു

ആനന്ദകാലമായ കല്ലോലമാലയുള്ളി-
ലായല്ലോ മഹാകവി മരിക്കില്ലൊരുനാളും.

"വിശ്വമേ മഹാഗേഹം; വിശ്വപൗരന്മാർ നമ്മൾ"
ശാശ്വതമിസ്സന്ദേശം 'വിശ്വഭാരതി'വീശി

പാതിയേ ഭവാൻ ദേഹസാന്നിദ്ധ്യമുള്ളൂ, പാരിൽ
പാവനമൂർത്തേ! പൂർണ്ണാമർത്ത്യത്വം നേടീ—മൃത്യു.

ലോകസാഹിത്യ മാലയ്ക്കുള്ളൊന്നാമലരായ
ഹേ! കവേ, ഭവന്മധുരമഹിമയോർത്ത ഞങ്ങൾ.

---

# വിളംബരം.

ക്ഷേത്രപ്രവേശ വിളംബരമംബരം
മാത്രമല്ലാഴിയും മുട്ടി,
ശ്രോത്രം കുളിർപ്പിച്ചു ഭൂ സ്വർഗ്ഗഭാർഗ്ഗവ-
ക്ഷേത്രമണിഘോഷംപോലെ (ക്ഷേത്രപ്രവേശ...)

അക്കുലദമ്പതിമാരിലതോ മാര-
കാകളിപോൽ വന്നുവീണു!
ജാതിദൈത്യന്നുള്ളു കർണ്ണങ്ങളിൽ ശാർങ്ഗ-
ജാതമാം ഞാണൊലിയായി. (ക്ഷേത്രപ്രവേശ...)

ആയതസൗഭ്രാത്രമന്ത്രത്തിനോങ്കാര-
മായി സവർണ്ണർക്ക് സർവ്വം
പൂർവ്വികാചാരപ്പാഴ്ക്കൂമന്റെ മൂളലിൽ
പൂങ്കോഴിതൻ കൂകലായി.

## പൌരസ്ത്യജ്യോതിസ്സ്.

ഏതിന്റെ ചാരത്തി, ലർദ്ധപ്പാതിര പെററുണ്ടായ
ജാതിപ്പാഴന്ധകാരം ചാരമായടിഞ്ഞിതോ,

ഏതൊന്നിന്നുദയത്താൽ ചീപ്പുകൂട്ടിയ നാളിൽ
സ്വാതന്ത്ര്യസുരഭിലവായു നാം ശ്വസിച്ചിതോ?!

ഭീതിദം ഹിംസ്രജന്തുവൃന്ദത്തിന്നലർച്ചയിൽ-
ക്കാതിമ്പമേകും ധർമ്മപ്പൂങ്കോഴി കൂകിടേണ്ടൂ;

ഭാരതം കരാളമാം കാലഘട്ടത്തിലേതു-
ഭാസ്സിൽനിന്നഹിംസയാം വെളിച്ചം വിടർത്തുമോ;

പൂതമാം പുരാതന പൌരസ്ത്യസത്യസ്വയം-
ജ്യോതിസ്സേ! ചരണം ഞാൻ ശരണംഗമിക്കുന്നേൻ

ജീവകാരുണ്യമേഘനാദത്താൽ ശ്രുതിപുടം
വേവുന്ന വേനൽക്കൊടുവെയിലിൽക്കുളുർക്കട്ടെ.

## തിരുവിതാംകൂർ മഹാരാജാവു് തിരുമനസ്സിലെ

## രജതജൂബിലി.

---

ധാരാളം ദിവ്യചിന്താമണിനിരയെ മനഃ-
കന്ദരത്തിൽ ധരിപ്പോൻ,
ശ്രീരാജിയ്ക്കും പ്രതാപാഗ്നിയെ യുദ്ധവിലൊത്തു-
ക്കുന്ന ഗംഭീരഭാവൻ
വാരാശിക്കൊത്തുവാഴും വരഗുണനിധിയാം
വഞ്ചിഭൂമീമണാളൻ
സ്വാരാജ്യം തോററ ധർമ്മക്ഷിതിയുടെ ഭരമ-
ററുല്ലസിക്കുന്നുവല്ലോ! 1

നീതിപ്പൂവെണ്ണിലാവാൽ കുവലയകുതുകം-
നിത്യവും കൈവളത്തി
ശ്രീതിങ്ങും വഞ്ചിഭൂപാലകകുലകലശാം-
ഭോധിരാകാശശാങ്കൻ
ഭൂതിയ്ക്കൊക്കുന്നവണ്ണം ബുധജനവിനുതൻ
ഭൂമിപാലിച്ചിടുമ്പോൾ
ഖ്യാതിപ്പെൺതയ്യലാളിത്തിരുവടിയെ ഭജി-
യ്ക്കുന്നതാശ്ചര്യമാണോ? 2

കാരുണ്യാംഭോധിയാകും ക്ഷിതിപതികമലാ-
വല്ലഭൻതൻകടാക്ഷം
ചേരും തന്നൂഴിപാലിച്ചരുളിയൊരിരുപ-
ത്തഞ്ചുകൊല്ലത്തിനുള്ളിൽ

അരംഭാഴ്ത്തീട്ടമഭ്യുന്നതി, പുതിയ പരി-
ഷ്കാരമിത്യാദിമൂലം
ചാരുശ്രീപൂണ്ടു പൂർവ്വാധിക വിജയമൊടീ
വഞ്ചിരാജ്യം വിളങ്ങി. 3

കാമിയ്ക്കുന്നോർക്കു കല്പദ്രുമസദൃശഫലം
നൽകുമിബ്ഭൂപനിന്ത്യാ-
ഭൂമിത്തട്ടിന്നു ഭൂഷായിത, നതുലശുഭാ-
യുസ്സുഖംപൂണ്ടുവാഴ്വാൻ
സാമിഭൂവല്ലികൊണ്ടീത്രിഭുവനമവനം
ചെയ്യുപോരുംപുരാരി
സ്വാമിയ്ക്കുള്ളോരു പൂർവ്വാർജ്ജിത പുരുസുകൃത-
ക്കാമ്പിനെക്കുമ്പിടുന്നേൻ. 4

# ചക്രവർത്തിയുടെ ചരമഗതി.

---

കൊടിയപരിമളം വഹിച്ചു മന്നോർ-
മുടിയിൽ വിളങ്ങിന ചക്രവർത്തിസൂനം
കുടിലതകൂടികൊണ്ട ദുർവ്വിധിക്കാ-
റ്റടിയിലകപ്പെട്ടമെന്നാരറിഞ്ഞു? 1

കടൽമകരം കനിവാർന്ന നീതിശാസ്ത്ര-
ക്കടലിനെഴും കരകണ്ട കാശ്യപീശൻ
സ്ഫുടഹൃദയബലാഗ്നിയാൽ പ്രജാസ-
ങ്കടവിപിനം ചുട്ടുചാമ്പലാക്കിനല്ലോ 2

ദയയുടെ നിധിയായിരുന്ന 'വിക്ടോ-
റിയ'യുടെ ദിവ്യപദാനുഗാമിയായി
നയമൊടു നരപാലകൻ ഭരിയ്ക്കേ-
ഭയരഹിതം വിജയിച്ചു ഭാരതോർവ്വി. 3

ജനകനു സമനാം മഹാനുഭാവൻ
ജനപതിമാരുടെ നിത്യമൈത്രിനേടി
ദിനപതി മറയാത്തദിക്കിലെല്ലാ-
മനഘജയക്കൊടി നാട്ടിനിർത്തി നീളെ. 4

നിരവധി ഗുണമാശ്രയിച്ചു നില്ക്കും
വരമതി നമ്മുടെ പൊന്നുചക്രവൎത്തി
കരകവിയുമനന്തശോകസിന്ധു-
ത്തിരയിലഖിലാതലമിട്ടു മുക്കിയല്ലോ. 5

മതിമുഖിമണി ചക്രവൎത്തിനിയ്ക്കും
ശ്രുതിപെരുകും നിജരാജവംശജൎക്കും
ക്ഷിതിപതിയുടെ ദ്രുവിയോഗമൂലം
മതിയിലെഴും വ്യഥകൾ കൊണ്ടിടുന്നു. 6

---

# മുന്നണിയിലേക്ക്.

(കാകളി)

കാലമായ്, കാലമായ്, സുപ്തസഹോദര,
കാള്ളാന്ധകാരം പെറുന്ന പുലരിയെ;
സത്യപ്രകാശം നെടുനാൾ മറയ്ക്കുവാൻ
മർത്ത്യരെങ്ങൾക്ക ശക്തിയെന്തിങ്ങനെ?

നിങ്ങളിൽത്തന്നെ നിഴലടിക്കുന്നൊരാ-
നിർഭരചൈതന്യമൊന്നു ചുഴിയുവിൻ!
കാലൊന്നു പിന്നോട്ടു വെയ്ക്കൊലാ കണ്ണൊന്നു
കാതരമായിപ്പകച്ചു പിൻനീളൊലാ.

ധർമ്മത്താനിത്തങ്കനൂൽകൊണ്ടു നിങ്ങൾതാൻ-
നിർമ്മലജീവിതം നെയ്തെടുത്തീടുവിൻ!
ആയതിലാർ ചളിവാരിയെറിയുന്നി-
തായതമക്കൈയരിഞ്ഞെറിഞ്ഞിടുവിൻ!

മെയ്ന്നിണം വററവും, വേർപ്പുവിളയവും
മാനിപ്പതുണ്ടെങ്കിൽ, മാനുഷമ്മന്യരേ,
മോഹമന്ത്രാദി മയക്കമരുന്നിലു-
ന്മാദം പിടിച്ചിന്നു പാട്ടകിടക്കയോ?

കേരളം നമ്മുടെ; ഭാരതം നമ്മുടെ;
കേളികേട്ടുള്ളോരൃഷികളും നമ്മുടെ;
പോരുമേ പൊന്നണിത്താരേക്കാൾ, തറവാട്ടി-
ലാരുടെ സൂത്രത്തിൽ? നിങ്ങളെല്ലാം സ്വപ്നരം!

ഘോരവേദങ്ങളുള്ള നിങ്ങടെ തൻ നാഡിയിൽ
കോരിയൊഴിച്ചതാർ സ്വപ്നസിംഹങ്ങളേ!
സ്ഫാരചൈതന്യസത്താദ്രവമന്നിദ്ര-
താരമുപരി നിന്നീക്ഷിപ്പൂ! നിങ്ങളെ.

എണ്ണം പിടിയുമില്ലാതിരപ്പുതമ്മിൽ
പത്തടിവെയ്ക്കുവാൻ വയ്യാത്ത പാമരേ!
ഉത്തുംഗമാകുമുദയ ശൈലോപരി
സത്യവെളിച്ചം വിടർന്നുകാണുമോ?

കൈത്തിരിപ്പുള്ള കരുത്തരാമ് താരുണ്യ-
വിത്തരേ! സ്വാതന്ത്ര്യ ദേവതാഭക്തരേ!
മെത്തും സമതാപതാകമടിച്ചാർത്ത
സത്യധർമ്മപ്പടയൊന്നു പയററുവിൻ!

# ഒരു സാന്ത്വനം.

---

കരാംശുകം കണ്ണിണനീർക്കണത്താൽ
നനച്ചിടൊല്ലേ നതശീർഷയായ് നീ!
പടക്കളത്തിൽപ്പ്രതിപന്ഥിയോടു
ചെറുത്തു ചെഞ്ചോര ചൊരിഞ്ഞു കാന്തൻ. 1

തങ്കക്കതിർച്ചാർത്തിനു ചാരുതാര-
മായിക്കഴിഞ്ഞു തവ ജീവനാഥൻ
ഇബ്ഭാരതവ്യോമപഥത്തിലൊന്ന-
മമ്ലാനതേജസ്സൊടുജ്ജ്വലിക്കും! 2

പതച്ചു മുന്നം പ്രവഹിച്ചിരുന്ന
നിണം തണുത്തു തണെക്കപോലും!
അടിച്ചമർത്തുന്നവരെത്തൊഴാനീ-
ക്കൊഴുത്തുനീണ്ടീടിന കൈകൾ കൊള്ളാം. 3

പറന്നുവെട്ടുന്ന പഴംപയററു
മറന്നുപോയോ മലയാളനാടേ!
ചുരന്ന കൊങ്കക്കളിർപാലിലൂടെ-
ക്കുടിച്ചു നിന്മക്കൾ നിറഞ്ഞ വീര്യം. 4

ശരാവലിയുള്ളൊരടിപ്പടപ്പിൽ,
ഗംഗാതരംഗാവലി തന്നിൽ മുന്നം
ഹാ! മാറൊലിക്കൊണ്ടിതു മന്ദ്രനാദം
മഹാരഥന്മാരുടെവാളുലയ്ക്കേ. 5

ഭസ്മാവശേഷങ്ങളിലങ്ങുമിങ്ങും
മങ്ങിക്കിടപ്പുണ്ടു കെടാസ്ഫുലിംഗം;
ഒന്നാണതിൽ താവകജീവദീപ്തി
വീരാംഗനേ, മേലുണ്ട വിഷാദമേകല്ലും. 6

നിൻനെറ്റിയിൽ തീവ്രവിചാരധാരാ-
ക്രാന്തം ഹൃദന്തം നിഴലിച്ചു കാണ്മൂ!
മോഹിച്ചിടായ്കേ വരമോഹവീര്യ-
വിശിഷ്ടയാകേണ്ടൊരു സിംഹികതാൻ നീ! 7

മാടത്തിലും മേടയിലും സമാന-
മാരായ്പ്പതാമെന്നു മനഘ്രാതാ ?
അക്കാവ്യകൃത്താർപ്പു ഭടന്നു നൽകീ
ത്തുവിൽത്തുളുമ്പും സുധയാൽ സുഖാപം. 8

ഉൽഫുല്ല സുപ്രേമ സുമത്തിനങ്ങോ
തട്ടുന്നവാട്ടം തനവിട്ടുപോരും?
കുമാംഗനേ! മറ്റൊരു താരമായി-
ത്തീരും; നറുംപാൽക്കതിർ തൂകുമേ നീ. 9

വൈകാതെ നീ വീരസവിത്രിയാകും
കാണാം കുട്ടിക്കന്നച്ഛന്റെ രൂപം!
വൈധവ്യവൈധുര്യമതിന്മധുളീ-
മാധുര്യവായ്പിൽക്കുറയേറെ മങ്ങാം. 10

പുത്രപ്രസംഗം പൂക്കങ്ങളന്ത-
ർത്തിയ്ക്കു, വാട്ടം തളിർമെയ്യിൽ നട്ടു;
നിമേഷമാത്രം ചുറ്റുനീക്ഷണങ്ങ-
ളാശാപ്രവാഹത്തിലടിഞ്ഞു മാഞ്ഞു.

---

# സ്വാഭിമാനത്തിന്റെ പള്ളിവാൾ വീശൽ.

---

(മാകന്ദമഞ്ജരി)

യാതൊരാൾ തൻജന്മസ്വത്തായി വച്ചിപ്പൂ?
ചേതസ്സിനേതൊന്നു മേന്മൊഴുക്കാം?
പൂർണ്ണമാസ്സ്വാതന്ത്ര്യം തട്ടിപ്പറിക്കുവാൻ
ഭ്രാതാവേ, ധൃഷ്ടത കൈപൊക്കുമ്പോൾ,

ഉള്ളിൽ നിന്നുയർക്കൊട്ടുറഞ്ഞുചാടി സ്വയം
പള്ളിവാൾ വീശുമേ സ്വാഭിമാനം.
ജീവനിൽ ജ്ജീവനാം സ്വാഭിമാനത്തേക്കാൾ
പാവനദൈവതം പാരിലില്ല.
കേവലമാനന്ദത്തിൻ കേന്ദ്രമാമൂർത്തിയെ-
സ്സേവിപ്പോർക്കെന്തൊന്നു കൈവരില്ല?

വൈവശ്യമെന്നതോ ഭീരുഹൃദയത്തെ-
ക്കൈവശം വെച്ചോരു വസ്തുമാത്രം!
കുമ്പിടാമാർക്കു നാം, കൂപ്പിടാമാർക്കു നാം
കമ്പിതമാകയോ കൈകാലുകൾ?
തമ്പുരാനാരത്രേ സാക്ഷാലഭിമാനം
തന്നുള്ളിലുന്നമ്രം തള്ളീടുമ്പോൾ?

നീട്ടററ ജീവിതപ്പോരാട്ടം തന്നിൽക്കാൽ-
ച്ചോട്ടുന്നിച്ചോര ചൊരിയുവാനും,
പാടുകൾ വീഴപ്പെട്ട് മുദ്രകളാക്കാനും,
ചാട്ടവിൻ പോച്ചട്ടയിട്ടു മുന്നിൽ.

കേരളം ചോക്കളമാണിന്നു, നിങ്ങൾതൻ-
ഒന്നാരോ സിരയിലും സ്വാഭിമാനം
കാളം വെട്ടിടട്ടേ; കാളം വിളിച്ചാർപ്പിൻ!
നാളെയീനിങ്ങളാം നായകന്മാർ.

മാമൂലിൻ മർമ്മങ്ങൾ വെട്ടിമുറിക്കുന്ന
മാമഴു നിൻകൈയിൽ മാത്രം കാൺമൂ!
നിന്നിലഭിമാനി, സത്യസ്വാതന്ത്ര്യങ്ങൾ
മുന്നിട്ടു കണ്ടാവൂ! മുറ്റും ലോകം.

---

# കാരാഗൃഹത്തിൽ വെച്ച്. *

(കേക.)

ആരിതു? നില്ലു, നില്ലു, നിർമ്മലീമസേ!
നാരി, നിൻ വീർപ്പിൻകറ തുറുങ്കും കറുപ്പിക്കും!

കാളക്കോളം കട്ടക്കോളം നിൻകാർകൂന്തലിൽ തുളി-
ച്ചാകവെപ്പാഴാക്കിത്തീർപ്പാരിലെ നിഖിലശ്രീ.

---

* ഔറംഗസീബിന്നു മൂന്നു പത്നികളിലുംവെച്ച് അതിപ്രേമം ഗുൽനാരയിലായിരുന്നു. സൌന്ദര്യസമ്പന്നയായ ഗുൽനാരയുടെ കൈയിൽ ഒരു മരപ്പാവയായിരുന്നു ആ ചക്രവർത്തി. ജോധപുരരാജാവായ യശോവന്തസിംഹനെസ്സംഹരിച്ച്, പത്നി അരുന്ധതിയെ ബന്ധനസ്ഥയാക്കുവാൻ ആ കഠിനഹൃദയയാണ് ചക്രവർത്തിയെ പ്രേരിപ്പിച്ചത്. മുഗൾപ്പട്ടാളത്തെ രാജപുത്രസൈന്യം പരാജയപ്പെടുത്തി; അത് ഗുൽനാരയ്ക്കു സഹിച്ചില്ല. അനാഥയായ റാണി അരുന്ധതി രാജസിംഹന്റെ സഹായത്തോടുകൂടി ആരാവലിമലയുടെ അടിവാരത്തുവെച്ച് ഒരു ദളം മുഗൾസൈന്യത്തെ തോല്പിച്ചു. കൂട്ടത്തിലുണ്ടായിരുന്ന ഗുൽനാരയെ ബന്ധനസ്ഥയാക്കി സേനാപതി ദുർഗ്ഗാദാസൻ റാണിയുടെ മുമ്പാകെ കൊണ്ടുചെന്നപ്പോൾ ആ മനസ്വിനി മാപ്പുകൊടുത്ത് അവളെ ചക്രവർത്തിയുടെ അരികിലേക്കു തിരികെ അയച്ചു. ദുർഗ്ഗാദാസൻ വിപുലവിക്രമനും പ്രിയദർശനനുമായിരുന്നു. ഗുൽനാരയ്ക്ക് അദ്ദേഹത്തിന്റെ നേരെ അനുരാഗം അങ്കുരിച്ചു. തന്റെ നീചാഭിലാഷസിദ്ധിക്ക് സൌകര്യം സമ്പാദിപ്പാൻ ദുർഗ്ഗാദാസനെ ഉപായേന കാരാഗൃഹത്തിലിടുവിച്ചു.

സർവ്വസൈന്യാധിപനായ ദിലിർഖാൻ ഒരു മഹാമനസ്സനായിരുന്നു. ദുർഗ്ഗാദാസന്റെ ഗുണവിശിഷ്ടത കണ്ട്, അദ്ദേഹം മ്ലേച്ഛാധിപത്തുകളെസ്സഹിപ്പാൻ ഉറച്ച് ബന്ധനവിമോചനം നല്കുന്നു.

സാമ്രാജ്യച്ചെങ്കോലും നിൻ ചേൽ കണ്ണിൻമുനമുമ്പിൽ
സാരസത്തങ്ങളായ് നിന്റെ നിഃശ്വാസവാതോദ്ധൂതം
ഗുൽനാരേ, മനോഹരകാശ്മീരഖണ്ഡത്തിങ്കൽ- *
നിന്നല്ലീ പിറന്നു നീ കൾക്കശകാളായസി?

ഭോഗതാരാമത്തിങ്കൽ, ചന്ദനവനഭൂവിൽ
ഭാമിനി, വിഷവൃക്ഷമായല്ലോ ഭവിച്ചു നീ!
നില്ക്ക, നീയിതാ, നാശപഥത്തിൽ പതിക്കുവാൻ
നിങ്കഴൽ തിടുങ്ങുന്നു! ദുർവ്വാരദൈവോന്നീതേ!

പട്ടടയാട രത്നരാജിയാൽ വിരാജിതം—
പച്ചപ്പുൽച്ചതപ്പിട്ട പെട്ടപ്പൂഴ്ക്കിണറാം നീ.

കണ്ടിതു കാരാഗാരകന്ദരഗുപ്തൻ സുപ്ത-
കണ്ഠീരവേന്ദ്രൻ തന്നേരത്തേയാത്ത തേജസ്സോടും
ഋജ്വായതാംഗൻ സ്ഫുരന്മരീചി ച്ഛുരിതാസ്യൻ
ഉജ്ജ്വലം നിജചിത്തമല്യത്തിൽ ചിത്രീകൃതൻ.

നിദ്രാമുദ്രിതനേത്രം ശയിപ്പൂ ദുർഗ്ഗാദാസൻ;
നിർദ്ദയനിയതി തന്നുടവാൾക്കുള്ളണായിതാ!
നേത്രമുത്ഫുല്ലമായ്, തൻഗാത്രമുത്പുളകമായ്,
ക്ഷാത്രകാന്തിതൻ കണ്ണിൽ കർപ്പൂരധാരകോരി!

---

നിശ്ചയം ചക്രവർത്തിയെ രഹസ്യസമാഗമവൃത്താന്തം സവിസ്തരം അറിയിക്കുകയും, അദ്ദേഹം ദുർഗ്ഗാദാസനേയും ദിലിയാർഖാനേയും അഭിനന്ദിച്ചു മാപ്പു കൊടുക്കുകയും ചെയ്യുന്നു. രഹസ്യം പരസ്യമായി. ഗുൽനാരയുടെ ശക്തി ക്രമേണ ക്ഷയോന്മുഖമായിത്തീർന്നു; അവർ ആത്മഹത്യ ചെയ്തു.

* കാശ്മീരമാണ് ഗുൽനാരയുടെ ജന്മദേശം.

നിർന്നിമേഷയായ് നിന്നു! കമ്പിതകരത്തോടും
മുന്നിട്ടു ചെന്നു തോളിൽ തട്ടിനാൾ മുഗ്ദ്ധ മന്ദം.
സിംഹസംഹനനൻ കൺമിഴിച്ചു!—ശിരീഷാംഗി
ഹാ! ഹസന്മുഖി മുമ്പിൽ—വാരൊളി തൂകുവോൾ!

ഇന്നൊരു കിനാവിൽ, പരം മുന്നം തന്നികടത്തിൽ
ബന്ദിയായ് നിന്നോളവരോധനാഥ താൻ—ചിത്രം!
പ്രഥമം രസം നടിച്ചുതിമോഹനം മനോ-
മഥനം ചെയ്യാനവം പൂതിന്നാൾ മദാലസ.

"അങ്ങതന്നഭിമുഖദർശനദിനം തൊട്ടു
മംഗല്യാകൃതേ, മമ ധ്യാല്ലായമാനം മനം;
മാനവും മഹത്വവുമങ്ങതാൻ പരിഷ്വംഗ-
ധ്യാനനിർല്ലീന ദേഹാമിച്ചെത്തിമന്നൻ വ്യപത്രപം."

"ഉചിതമോ? സാർവ്വഭൗമി, നീചാശാപരിപ്ലുത-
ചേതസ്സോടേവം പരപൂരുഷസമാഗമം?
ഏച്ചിത്രക്ഷേത്രത്തിങ്കലുച്ചിതമെന്നിരിപ്പം
കാഞ്ചനക്കതിർ പിരിക്കാത്ത് കൊണ്ടിരിക്കവേ,

വല്ലൊരു നിഴൽപോലുമായതിൽ പ്രവേശാർഹ-
മല്ലല്ലോ; ദുസ്സാഹസലാലസേ! ശാന്തം പാപം!!
അന്യസ്ത്രീ ജനനിത്രീസോദരിമാർക്കു തുല്യം
ധന്യമിധർമ്മബോധം വളർത്തീ തപോധനർ;

അതിൽനിന്നണുപോലും വ്യതിയാനമോ? വാളി-
നലകെൻ തലയ്ക്കുമേലുലഞ്ഞാൽ തൊത്തോടുമോ?"

പുംശ്ചലി, പരാംഗനാസംഗപങ്കിലനെന്നോ
നിശ്ചയിച്ചതു ദുർഗ്ഗാദാസനെ,ദ്ദുർദ്ധർഷനെ?

ചടുലാപാംഗപാതം സ്മരചോദിതേ, ശുദ്ധ-
ചരിതച്ചട്ടപ്പുറത്തേററിതാ, പ്രതിഹതം!
ചുടുനീർക്കണങ്ങളും നെടുനിശ്ശ്വാസക്കാററും
വിട്ട നീ മൃത്പിണ്ഡമോ—ശീർണ്ണപർണ്ണമോ ധർമ്മം?

വായുവിൻ ശരീരത്തിൽ വാൾവീശുംപോലെ സ്സുദ-
ർവ്വാരമാന്മഥവൃത്തി നിഷ്ഫലം മോഘീകൃതം!
സാവിത്രീവൈദേഹിമാർക്കുത്തമസവിത്രിയാം
പാവിതക്ഷിതിയിതിൽ ശ്വസിപ്പൂ പാപിഷ്ഠേ, നീ

പാംസുലേ, മുട്ടുകുത്തി നിർവ്വികാരൻെറ മുമ്പിൽ
പാഴായ് പ്പൂങ്കവിൾക്കുമ്പിൽ ത്തൂകേണ്ട തൂമുത്തുകൾ;
തിരുവുള്ളാവിൻ നേരേ നീർത്തളിരിളംകൈകൾ
തിരിക്കി! പശ്ചാത്താപബാഷ്പോപഹാരം നൾകി.

സഹസാ നിശിതാത്മനൈരാശ്യപരശുഭേ-
നിഹതം വ്യാകുഞ്ചിതഭ്രൂലതം ഭയംകരം.
വേപഥുമതിയായി വേൽക്കണ്ണിൻകടയിൽ ചെ-
ന്തീ പറന്നിട്ടുമാറു തീക്ഷ്ണമായൊന്നു നോക്കി.

വൽഗുവാദിനിയാൾ, തൻ പ്രാർത്ഥനാവ്യാപാരങ്ങൾ
വന്യരോദനമായിക്കാണ്കവേ, പിൻവാങ്ങിനാൾ
പാവനകുടീരത്തിന്നേകവൈചിത്ര്യമേതാ-
ബ്ഭാവശുദ്ധിയെ മണിമാളിക ഭജിക്കുന്നോ?

വ്യക്തിയൊന്നൊരു രന്ധ്രമാർഗ്ഗത്തിലൂടെസ്സ്വപ്നം
വ്യക്തമായ് കണ്ടും കേട്ടും നിന്നിരുന്നിതു ഗൃദ്ധം
ആ വ്യക്തി ചാരത്തെത്തിയഭിവാദനമോതി-
യവ്യാജപ്രസന്നാസ്യപ്രഭയെച്ചൂഴും വീശി

"താവക ഗുണക്രീതദാസൻ ഞാൻ ദിലിയാർഖാൻ
ഹേ വന്ദ്യദുർഗ്ഗാദാസ"യെന്നഭിവന്ദനം ചെയ്തു.
ധീരോദാരനാ—ദുർഗ്ഗാദാസനാ—നൽകീ കാരാ-
ഗാരമോചനമോടു വാജിയും സേനാപതി.

"ഔറംഗസേബ സാഹസ്രാധിക ഹിന്ദുക്കൾതൻ-
മാറിടം പിളർന്നേകി പിതൃതർപ്പണം നിണം?
അലച്ചാലരാവല്ലിമലതന്നടിവാര-
ത്തതിദാരുണമാര്യരക്തം നീയൊഴുക്കിച്ചു.

ആര്യവീരതപത്തിൻെറ സജീവാകാരത്തെയും
നായ്യപേക്ഷയാൽ നാശോന്മുഖ! നീ ബന്ദിയാക്കി;
അഭ്യന്തരമാഷ്ട്രാചിനാചാരസത്തു ഹിമാചല-
മാകവേ പുകച്ചുപൊള്ളിച്ചതീച്ചെന്തീപ്പൊരി!

---

# മാടപ്പിറാവ്.

---

1. തത്തിക്കളിച്ചും, വരിനെല്ലു മെല്ലെ-
കൊത്തിക്കൊറിച്ചും, ചിറകിട്ടടിച്ചും
പാടത്തു കണ്ണും കരളും കവർന്ന
മാടപ്പിറാവേ, വരികെന്റെ ചാരേ.

2. വിശുദ്ധിയല്ലാതൊരു ചീത്ത ചിന്ത
വിളഞ്ഞിടാത്തുള്ളൊരു നിർമ്മനസ്സും
നനുത്ത പൂമ്പട്ടു തൊഴും വപുസ്സും
കൊതിക്കുമേ കൊച്ചുകിടാങ്ങളും ഞങ്ങളും

3. അടുത്ത മാവിൽ ചെറു കൂട്ടുകെട്ടി-
ക്കുടുംബസൌഖ്യത്തൊട്ടു പാർപ്പതില്ലേ?
കിടാങ്ങളില്ലേ? ചെറുപാഠശാല
ചെടിപ്പടപ്പോ—ഗുരുവാരുചൊൽക?

---

# മഴവില്ല്.

മാനത്തു മിന്നും മഴവില്ലു കാൺകവേ,
മനസ്സു മേലോട്ടു കുതിച്ചിടുന്നു മേ
കൌമാരകാലത്തിലുദിച്ച കൌതുകം
സമാനമിന്നെന്നുടെ യൌവനത്തിലും.

2

ജരാനരാധീന ദിനാന്തരത്തിലും,
ധരാധിവാസാവധിയായിടുമ്പൊഴും,
നിരർഗ്ഗളം നിൽക്കണമാക്കുതൂഹലം
നരന്റെ താതൻ ശിശുവാണു നിർണ്ണയം.

3.

നൈസർഗ്ഗിക പ്രേമഭരാദരങ്ങളാൽ
നൈർമ്മല്യമാളുന്ന മദീയനാളുകൾ
പരസ്പരം ചേർത്തു തൊടുത്തപോലവേ
നിരന്തരം കാണ്മതിനുണ്ടു കാംക്ഷിതം.

വേഡ്സ്വത്ത്.

## * ഒരു സുദിനം.

(കേക.)

സ്തന്യപീയൂഷമൊപ്പം നുകൎന്നു വളൎന്നുള്ള
ധന്യരാം തനയന്മാർ വൈരാഗ്നി വമിക്കവേ,

വാറാത്ത കണ്ണീരിനാൽ വീണ്ടുമാഴിയിലാണ്ടു
പെററമ്മ ഭൃഗുരാമനന്ദിനി പിടയ്ക്കുന്നു;

ആ വിഷവീൎപ്പും നീങ്ങി,പ്പനിനീർ മഴയ്ക്കല്ലീ
ശോഭിപ്പൂ സുദിനമേ, ഭാസുര സൗഭ്രാത്രമേ!

സൗരഭ്യ സാരത്തോട്ട സൗമ്മല്ലിച്ചോല്ലിപെറും
സൗകുമാര്യവുമേന്തി സ്സംഫുല്ലമാണെങ്കിലും

ഈ രണ്ടു ജാതിപ്രസൂനങ്ങളും നീണാൾ നിന്നു
കേരളാരാമഭൂവിൽ കേവലം ഭിന്നപ്രായം!

സൎവ്വചുംബിയാമൊരു ചൈതന്യസമീരണൻ
നിൎവ്വിരാമിണക്കാറായ് നിത്യ മൈത്രിയിൽ നീളെ-

സ്വാതന്ത്ര്യാനന്ദത്തേനിൻ സ്വാദറിഞ്ഞീടാൻ, പരി-
പൂതമാം വിയൎപ്പുനീരൊരുമിച്ചൊഴുക്കുവിൻ!

പടയാളികൾക്കുള്ളമക്കളേ, ചുടുചോര-
പതയ്ക്കും ധമനിയാൽ സിംഹളസഹായരേ!

---

* വൈക്കം നായരീഴവമഹായോഗത്തിൽ വായിച്ചതു്.

പാരിച്ച പരാഭവപ്പുക പോക്കുവിൻ; കേഴ്വൂ!
പാരശ്വര്യാവ്വി പാരതന്ത്ര്യത്തിൻ തല്പുററിതാ!

വണ്ണത്താൻ മുരണ്ടെത്തും; കടന്നൾക്കുത്തുംകൊള്ളും;
കണ്ടകം തറഞ്ഞീടാ-;മെങ്കിലും, പുരോയാനം

കാലിടറാതെ, കണ്ണിലിരുട്ടു കയറാതു-
ദോചിതോത്സാഹം ചെയ്വിൻ! പുലരും പുണ്യാഹവു!

സമഭാവനാസാഹോദര്യജാതമേ, വിശ്വം
വിമലീകരിക്കുന്ന സന്മൈത്രീസന്താനമേ,

അടിമപ്രകൃതിതന്നദൃശ്യകരാശ്ലേഷം
മേലുരമേററു താനേ വളരൂ നാളിൽ! നാളിൽ!

ഉച്ചിഷ്ടസ്ഥാനത്തെത്തും വരെയും വഴികാട്ടാ-
നിദ്ദിനം സഹജരേ, വെൺകതിർ വിശീടട്ടെ!

പരമിജ്ജാതിദണ്ഡധാരിയെ വിറപ്പിയ്ക്കും
പരമേശ്വരനുണ്ടു; ബന്ധിപ്പിൻ പരികരം!

വാസന്തസാന്ധ്യരാഗം വാർതിങ്കൾത്തിളക്കത്തോ-
ടാസംഗമേററാലുമില്ലിത്രയുമാഭിരാമ്യം!

# * “ഹോ”

ഭസ്മാവലിപ്തൻ ചുടലക്കളത്തിൽ
നൃത്തം ചവിട്ടും നടരാജനൊപ്പം
ഇതാ വരുന്നൂ നിജപൂണുനൂലാം
ഞാണാൽ ജഗച്ചക്രജയൈഷിയാകൻ.

ദൂരത്തുനിന്നുഗ്രഗൃദ്ധ്രദൃഷ്ടി
ലാക്കോട്ടു പായുന്നിതു നാലുപാടും
കണ്ടെത്തിയപ്പോളിരയെ,ക്കഠോര-
സത്ത്വം വിളംബിച്ചു വിഴുങ്ങുവാനോ?

വൃക്ഷത്തിലാരോ?—ചെറുമച്ചെറുക്കൻ!—
വഴിയ്ക്കു,മീ വാനിലുമു‘ണ്ടയിത്തം’!
പരത്തിലും, ജാതിയതിൻെറ ചെങ്കോൽ
ചെലുത്തുവാൻ ചെററു മടിക്കയില്ല!

“ഹോ”!യെന്നൊരത്യൂർജ്ജിതഗർജ്ജിതത്താ-
ടക്കാളമേഘം മിഴിമിന്നലെയ്തു;
തറച്ചിതക്കൊച്ചുവപുസ്സിൽ; വൃക്ഷം
വിറച്ചു, വിദ്യാനിലയം നടുങ്ങി!

ദിനേ ദിനേ ഹിന്ദുമതദ്രുമത്തിൽ
പിജ്ജാളി കാംപ്പിച്ചു മുളച്ചുപൊങ്ങി,
പറിച്ചുനീക്കാൻ പണിയുള്ളൊരിത്തി-
ക്കണ്ണിപ്പടർപ്പാ,യതു നാശഹേതു!

---

* (വിക്ടോറിയ കോളേജ് പരിസരത്തിൽ.)

പാവം പ്രകമ്പിച്ചിതു വാതധൂത-
പത്രം കണക്ക,ങ്ങു പരുങ്ങിനിന്നു;
പിടഞ്ഞു പറഞ്ഞു:—നരജീവരക്ത-
പിപാസ നീ 'ജാതി'പിശാചി, തീർക്കു!

ശാഖാമൃഗത്തിൻ നിലപോലുമില്ല,
നിനക്കു ചെറ്റും ചെറുമക്കിടാവേ,
കാരുണ്യമുണ്ടോ ഹതകർമ്മകാണ്ഡ-
ക്കാട്ടിൽ ച്ചരിക്കും കടുവയ്ക്കു കാണ്മൂ?

സഹോദരദ്രോഹമിയററിയേണ്ടു
ദേവൻെറ സേവയ്ക്കുഴറുന്ന വിപ്രൻ?
അദ്ദേവനിച്ചേഷ്ടിതമിഷ്ടമെങ്കിൽ,
ദൈതേയനാണായവനു, ദേവനല്ല!

പാരശ്വധക്ഷേത്രപതാക പാടേ
വണ്ണം പിടിപ്പിച്ചു പലേവിധത്തിൽ,
ജാതിപ്പിശാചിൻ പിടിയിൽക്കൊടുത്തു,
കൂത്താട്ടവും കണ്ടു രസിപ്പു കൂട്ടർ!

അദ്വൈതവിൺഗംഗയൊഴുക്കവേ, തൻ-
നാടിന്നു നാകപ്രഭ നല്കിയാരോ?
ആ തീർത്ഥപാദങ്ങളിലാക്കി പങ്കം,
സ്വാർത്ഥൈകമത്തൻ വിഹരിപ്പു മർത്ത്യൻ!

മഹേന്ദ്രശൈലത്തിൽ മഹാതപസ്സു
ചെയ്യും ശമീന്ദ്രൻ പ്രണിധാനശക്ത്യാ,
സ്വപുത്രിയിൽച്ചേർത്ത പരാഭവം ക-
ണ്ടെറിഞ്ഞിടാം വെണ്മഴുവാഞ്ഞുവീശി!

ആ ബ്രഹ്മവിദ്യാഗളനാളിയിങ്കൽ-
ക്കെട്ടക്കിയൂക്കോടു വലിക്ക ചാരനാ
യജ്ഞോപവീതം, പരിപൂതമാകും
ബ്രാഹ്മണ്യമേ, നിൻതല മണ്ണടിഞ്ഞതോ?

നിരങ്കുശം സാർവ്വജനീനമാർഗ്ഗ-
മധ്യത്തിലും മർത്ത്യനെ മാററിനിർത്തി,
മദിച്ചിടും ജാതിമതംഗ, നിന്നിൽ
ബ്രിട്ടാനിയാകേസരി കേഴമാനോ?

പോരും വിഷാദം പുലയച്ചെറുക്ക!
പാരി,ന്നു വിപ്രന്നു, നിനക്കു നാളെ
സഹോദരൻ സാദരമോതി, നിന്നെ-
യാലിംഗനം ചെയ്തിട്ടു,മാശ്വസിക്കു!

സൌഭ്രാത്രമന്ത്രങ്ങളുരുക്കഴിച്ചു
കോവിൽക്കവാടങ്ങൾ തുറന്നുനല്കി,
അധഃകൃതന്മാരിലലിഞ്ഞുചേർന്ന
ചേതസ്സൊടീശാർച്ചനചെയ്ക വിപ്ര!

# സേവാമോഹം.

(മഞ്ജരി.)

"ആദിത്യ! നിൻദിവ്യബിംബമെന്തൊന്നുവാ-
നാകാശത്തിന്നല്ലാതുണ്ടാ ശക്തി?

നിന്നെക്കിനാവു ഞാൻ കണ്ടെന്നതുണ്ടെങ്കിലും
നിൻസേവാമോഹമോ വ്യർത്ഥംതന്നെ.

ദൂരനോ, ദേവാനെ ഞാൻ സ്വീകരിക്കാനാളോ
ഞാനൊരു തുച്ഛപദാർത്ഥമല്ലേ?

എന്നല്ലെൻ ജീവിതം ബാഷ്പകഷായിതം"
എന്നു കരഞ്ഞോതി മഞ്ഞിൻതുള്ളി.

"നിസ്സാരനീഹാരശീകരമൊന്നിനും
നിത്യവശംവദനല്ലോ ഞാനും

തീർന്നിടാം ഞാനൊരു കാന്തിസ്ഫുലിംഗമായ്
നിന്നിൽനിറഞ്ഞു വിളങ്ങിടേക്കാം.

നിൻചെറു ജീവിതം പുഞ്ചിരിതഞ്ചുന്ന
ഗോളമാ" മെന്നംശുമാലി ചൊല്ലി.

ടാഗോർ

# അഹിംസ.

കഷ്ടമ, വനാന്ത വലയ്ക്കകം
പെട്ടുകേഴുന്ന പേടമാനൊന്നിതാ!
പേടിയില്ലാതെ പച്ചിളംപുല്ലതി-
ന്നോടിച്ചാടി നടന്ന മാനോമനയെ,

കാരിരുമ്പിനൊടൊത്ത കരളുള്ള
കാട്ടാളാ, നീ വേദന കൊള്ളിപ്പൂ!
സാധുവാമൊരു ജീവിയെ ലോകത്തി-
ലേതിലും വിലയേറിയ ജീവനെ,

കണ്ടുകൊൾക! പരിഷ്കൃത മനുഷ്യൻ
രണ്ടു നാലു നിമിഷം രസിക്കുവാൻ!
മഞ്ജുളമാം മാനിന്റെ ചാരത്തു
മത്തച്ചീവരം പൂണ്ടൊരാളെത്തുന്നു;

സ്നേഹമൂറും മിഴികൊണ്ടു മാനിന്റെ
മോഹനമേനിയാകെയുഴിയുന്നു.
ചാരുചെങ്കോൽ ധരിക്കേണ്ട തൃക്കൈയിൽ
ചട്ടിയേന്തിയ ദേവ, നമസ്കാരം!

നമ്മുടെ ജീവകാരുണ്യവാരിധി
നന്മൃഗത്തെയഴിച്ചുവിട്ടീടവേ,
ക്രൂരനാശ്രു തൊട്ടുതൊട്ടെത്തിനാൻ
ക്രൂരത മേനിപൂണ്ടൊരു കാട്ടാളൻ.

മാനിനെ വിട്ട കോപത്താലാത്തിരു-
മേനിയെ ശരലാക്കാക്കി നില്ക്കവേ,
വില്ലുമമ്പുമങ്ങുടൻ വീണു; പാട-
പല്ലവാന്തികേ താണു തലയുമേ.

വേടനാദ്ദേവ വൈഭവം കൊണ്ടു തൻ-
മൂടൽ നീങ്ങി 'യഹിംസയെ'ക്കൈക്കൊണ്ടു!
ജീവകാരുണ്യ ബീജം മുളപ്പിച്ചു
കേവലം തരിശായ തന്നുള്ളിലും.

ആടിനെക്കൊന്ന പാപക്കോട്ടമവ-
ലാരുമോഹിച്ചു പുണ്യത്തെ നേടുവാൻ?
ആ മഹീന്ദ്രന്റെ സന്നിധി തന്നിലാ-
പ്രേമകാരുണ്യമൂർത്തി താനല്ലയോ?

മുത്തുമാല കളിക്കൊണ്ട തൻകണ്ഠം
കത്തിവെപ്പാൻ കനിഞ്ഞു കാണിച്ചുള്ളും;
ആ വിധം ദയാസിന്ധുക്കളാകുവിൻ!
പാലനശീലരാകുവിൻ ബാലരേ!

ബാലന്മാർക്കെഴുതിയത്.

# പ്രാൎത്ഥന.

(പാന)

ജ്ഞാനകാരുണ്യസിന്ധോ, ജനിമൃതി-
ദീനലോകസുഖബന്ധോ, നമസ്കാരം.

കേരളക്ഷോണി, പൂൎവ്വികസംസ്കാര-
ഹാരധാരിണി, സത്യധൎമ്മാനി.

ഗ്ലാനിപൂണ്ടിന്നു ജാതിഭേദംകൊണ്ടു
കൂനിയായിതേ! കുത്സിതയായിതേ.

ജ്ഞാനകാരുണ്യ

ദുഃഖംകൊണ്ടു ഗാഢം തളോടിടീ-
ഝൽക്കടാംഗവൈരൂപ്യമകററണേ

സൎവ്വമൈത്രി സവിത്രിയായ് തീരട്ടെ
സൎവ്വദാശോകധൎമ്മഭ്രാമിനി!

ജ്ഞാനകാരുണ്യ

## ഭാരതഭൂമിക്കു ഭൂഷണങ്ങൾ.

(വടക്കൻപാട്ടുരീതി)

ലങ്കാപുരത്തിലെ മങ്കമാരോ
ശങ്കവിട്ടെങ്ങുമേ സഞ്ചരിപ്പോർ;
മേഘപ്രപുഷ്ടമാം ചോലപോലെ
മേദുരസ്വാതന്ത്ര്യ ശക്തിയുള്ളോർ;

മൂട്ടുപടത്താൽ മുഖം മറച്ചോ
ചോടുവെച്ചീടുവാൻ നാണിച്ചിട്ടോ
തണ്ടൊടിഞ്ഞോരു തണ്ടാരുപോലെ-
പ്പണ്ടുമേ ജീവിച്ചോരല്ല ഞങ്ങൾ.

പ്രേമത്തെച്ചങ്ങല വെച്ചു ഞങ്ങൾ
ഭീമം തുറുങ്കിലിടാറുമില്ല.
പൂമൊട്ടിൽനിന്നു പുറത്തുതള്ളും
ത്തുമണം ബന്ധനം ഭേദിച്ചിട്ടും.

പാരം പരിഷ്കൃതദേശങ്ങളാ-
ചാരവിചാരങ്ങൾ പാലിപ്പവർ
മാരുതി കണ്ടോരു ലങ്കാപുരീ-
മാധുരി, സോദരി! ചോദിച്ചാലും!

യന്ത്രപുരോഗതിയല്ലാതൊന്നു
മന്ത്രവുമില്ലാ, മരുന്നുമില്ലാ,

മാനുഷർ ഞങ്ങളുമാര്യമാരേ,
മായാവിനികളും മററുമല്ലാ.

മായന്ത്രഹുങ്കാര നിശ്ശേഷത്തിൻ-
മാറെററാലിയെങ്ങുമലച്ചുകേൾക്കാം.
മാനസവേഗത്തെ വെന്നു ഞങ്ങൾ
മാനത്തുപൊങ്ങിപ്പറന്നു ചെല്ലും.

കാമസഞ്ചാരിണീ മായാവിനീ-
നാമം പരിഷ്കൃതിപശ്ചാന്നാമമാ?
നാരികളെല്ലാം സ്വാതന്ത്ര്യമാരാം
നാട്ടുള്ള കേരളം കേട്ടിട്ടില്ലേ?

നാഗന്മാർ മൂപ്പുള്ള നാടാണതിൻ-
നാഗരികാഭോഗം നാകതുല്യം
കേരളമീഴമീരണ്ടുനാടും
ഭാരതഭൂമിക്കു ഭൂഷണങ്ങൾ.

## വീരരാജകുമാരി. *

പററലർക്കോട്ടയിൽ പല്ലിളിച്ചങ്ങിങ്ങും
ചുററുന്ന പാഴ്നിഴൽ ചൂഴ്ഴും ഭീതി
പീരങ്കിയുണ്ടകളെപ്പൂങ്കൊത്തായ് മാററുവാൻ
പോരുമീപ്പിഞ്ചുവാം നെഞ്ചുകപോലും

ആങ്ങളയെല്ലാത്ത പെങ്ങളിസ്സിംഹിപിൻ-
വാങ്ങമോ മുന്നിൽക്കേസ്വാഭിമാനം?
വേടൻെറ കൈയിലകപ്പെട്ടമാനല്ല ഞാൻ
കൂടലർ കോട്ടയും കൊട്ടാരമേ.

വീരശ്രീതന്നുടെ ചോരിവായ്ച്ചുംബനം
പോരാടിനേടുക പൊന്നാങ്ങളേ!
മൽ പ്രിയമാതൃഭൂ വീർപ്പുമുട്ടീടവേ
മത്പ്രാണമാത്രമർപ്പിക്കാമോ?

---

ശത്രു ബന്ധനസ്ഥയാക്കിയ രാജകുമാരി കോട്ടയെ നിരോധിച്ചു കീഴടക്കുവാനെത്തിയ സോദരനു് അയച്ച സന്ദേശം. സോദരിയെ വെടിയുണ്ടയ്ക്കു് ലാക്കാക്കത്തക്കവിധം കോട്ടയുടെ അകത്തു് നിറുത്തിയിരുന്നു. എതിർസൈന്യം ഇതുകണ്ടു് പിന്മാറുമെന്നായിരുന്നു പ്രതീക്ഷ.

# സാമ്രാജ്യഗീതം.

ജയിക്കുക! ജയിക്കുക! ബ്രിട്ടാനിയാ സാമ്രാജ്യശ്രീ
ജയിക്കുക ഭാരതത്തിൻ ഭാഗ്യപ്രദീപം!
ഏഴാഴിതൻ തിരമാലാരംഗത്തിന്മേലനമിന്നു-
മേളു സാമ്രാജ്യത്തിൻ കപ്പൽ നടമാടുന്നേ?

അമേരിക്ക, റഷ്യ, ചൈന തൊട്ടിരുപത്താറുനാട്ടി-
ന്നമേയമാം സഖ്യശക്തിയാരിൽ ചേരുന്നു?
സ്വേച്ഛാധികാരത്തിൻ ശീർഷം മുറിച്ചെറിയുവാൻ തക്ക
മൂർച്ചകൂട്ടും പടവാളിന്നേതു തൃക്കൈയിൽ?

പടഹവും പടയുമേ കടക്കാതെ യേറെക്കാലം
കടക്കണ്ണാൽ ഭാരതത്തെ കാത്തതിന്നാരോ?
ഹിട്‌ലർപന്നിത്തടിയനും, മുസ്സോലിനിക്കഴുകനും
മുറ്റും ജപ്പാൻ കുറുക്കനും കൂടിച്ചേർന്നാലും.

ബ്രിട്ടീഷ്സിംഹത്തിന്റെ സടാപടലത്തിലൊരു രോമം
തൊട്ടിടുമോ ഞെട്ടിടുമേ ഗർജ്ജനം കേട്ടാൽ.
ഉറങ്ങുന്ന സിംഹമുണർന്നിറങ്ങുമ്പോളലറുമ്പോൾ
ഉറഞ്ഞുചാടുന്ന ജപ്പാൻ കറങ്ങില്ലോകം

സ്വാതന്ത്ര്യപ്പൂങ്കോഴികൂകും; സ്വാരാജ്യച്ചെങ്കതിർ ചിന്നും;
പ്രാതഃസ്മിതം കാണാം നാളെ പ്രാചീമുഖത്തിൽ.

## "ഭാരതാരാമത്തിലെബ്ഭാസുരകുസുമമേ"

---

പാരശ്വധോർവ്വീമാതിൻ മാറണിപ്പതക്കമേ!
ഭാരതാരാമത്തിലെബ്ഭാസുരകുസുമമേ!

വിശ്രുതവിഭൂതികൾ വിളയും നാടേ! നവ്യ-
വിശ്വവിദ്യാലയത്തിൻ ബീജധാരിണി വെൽക!

നീലിമകോലുമേതുവിസ്തൃത വിഹായസ്സിൽ
നീളവേ പാറീടുന്നു രണ്ടുപൊൽപ്പതാകകൾ—

സാഹിതീസമരത്തിൻ ശാശ്വതസങ്കേതങ്ങൾ—
സാക്ഷാൽകേരളകാളിദാസപാണിനി സംജ്ഞർ.

കൈരളി കളിത്തോഴിയായതൊരു മഹീമങ്ക-
യ്ക്കാരമ്യവഞ്ചിഭൂവേ! വെല്ക നീ! സുകൃതിനി!

നിന്നൊരുചരിതത്തെ നിസ്തുതൻ കുറിച്ചിട്ടു
നിസ്തുലം തൂലിൻത്തുമ്പാൽ —അമ്മഹാകവിയുള്ളൂർ.

താവകജീവനാഥൻ ജയിപ്പൂ! താമർമകൾ
താണ്ഡവമാടുംരംഗം, രഞ്ജിതപ്രജാ പ്രാണൻ.

മൂലഭൂപാലപ്രഭോ! തിരുജന്മർക്ഷം സമു—
ജ്ജ്വലമാക്കുന്നുപോലും! ദൂരസ്ഥമസ്മച്ചിത്തം!

രാജരാജാത്മപ്രീതിയ്ക്കുറ്റഭാജനം, രാജ-
ന്യൗജസ്സിന്നവശിഷ്ടപ്രസ്ഥലിംഗാഭൻ ഭവാൻ

തിരുവുള്ളമാം തീൎത്ഥവാരിതന്നൊഴുക്കേററാൽ
മരുവും മന്ദാകിനീസൈകത തലമാകും!

സതതം ഭവന്മനോവല്ലകിതൻറതന്ത്രി
സമഭാവനാനിനാദോന്മുഖമായി നിൽപ്പൂ!

ജനതാഭിപ്രായത്തിൽ ജാഗരൂകനായങ്ങു
ജയിപ്പൂ സാഹോദൎയ്യസാരസംവിധാതാവേ!

ഭൂജാതനേ! ഭവാൻ ജൈവാതൃകനായ് ജയിപ്പാൻനി-
ൎവ്യാജമിജ്ജനം ഭൂയോ നേരുകയത്രേ ചെയ്‌വൂ.

---

# കീർത്തി.

---

മന്നായ പോർക്കളമങ്ങത്തു മതിപ്രഭാവ-
മൊന്നാകമായുധമെടുത്തു മഹാശയന്മാർ
നന്നായ് സ്വജീവിതരണം പൊരുതി സ്വരാജ്യ-
ത്തിന്നായി നാട്ടിയ ജയക്കൊടി കീർത്തിയല്ലോ.

ആ ലക്ഷ്മി നീചപുരുഷാശ്രിതയാണതീവ
ലോലസ്വഭാവവുമവൾക്കു നിസർഗ്ഗസിദ്ധം
സൽകുലപ്രഭവനിധിയായൊരു കീർത്തിയെല്ലാ-
ക്കാലത്തുമുത്തമ പതിവ്രതയായിരിയ്ക്കൂ.

പൊന്നിൻകിരീടമണിയും മണിയല്ല; കാന്തി
ചിന്നിക്കളിച്ചിടുമൊരു വലംകരവാളുമല്ല
ഉന്നിദ്രഭദ്രകരമായ യശസ്സുമാത്രം
മന്നിൽമഹാന്മാർക്കു വിഭൂഷണമായിടുന്നു.

ആരംഭശൂരതകൾകൊണ്ടു വരിഞ്ഞു പാമ-
ഭ്രൂഭംഗങ്ങളാൽ പരിഹസിച്ചു മനുഷ്യമാത്രം
ഹാ! തർക്കമറ്റു മുടിയുന്നു യശശ്ശരീര-
ശ്രീതന്നെയിജ്ജഗതി ശാശ്വതമായിരിക്കും.

ഇതിഹാസപുസ്തകമെടുത്തു നിവർത്തിവെച്ചു
മാലോകരേ! മഹിതമാനുഷകീർത്തിപാഠം
ആബാലമൗത്സുക്യമോടെ പഠിച്ചു ഭാവി-
കാലോചിതാഭ്യുദയ പദ്ധതിയിൽ ചരിപ്പിൻ.

---

# വൈദ്യപുസ്തകങ്ങൾ.

| | രൂ. | ണ. |
|---|---|---|
| ചക്രദത്തം | 5 | 0 |
| ശാർങ്ഗധരസംഹിത | 3 | 0 |
| ആയുർവ്വേദപ്രകാശിക ൧ഭാഗം | 2 | 4 |
| ,, ൨-ാംഭാഗം | 3 | 0 |
| ,, ൩-ാംഭാഗം | 2 | 4 |
| കുഷ്ഠരോഗസിദ്ധചികിത്സ | 1 | 2 |
| പ്രമേഹരഹസ്യചികിത്സ | 1 | 2 |
| ആസവാരിഷ്ടയോഗമഞ്ജരി | 0 | 12 |
| അരിഷ്ടാസവചിന്താമണി | 0 | 15 |
| വാതരോഗചികിത്സാസംഗ്രഹം | 0 | 12 |
| വൈദ്യമനോരമ | 1 | 14 |
| വീരസിംഹാവലോകനം | 2 | 4 |
| സർവ്വരോഗചികിത്സാരത്നം | 3 | 0 |
| ഭാവപ്രകാശം പ്രഥമഭാഗം | 2 | 4 |
| ,, ദ്വിതീയഭാഗം | 2 | 4 |
| ,, തൃതീയഭാഗം | 2 | 4 |
| കക്ഷ്യകബന്ധു (കന്നുകാലിരോഗചികിത്സ) | 0 | 12 |
| വിഷവൈദ്യസാരം ഭാഷ | 0 | 15 |
| സഹസ്രയോഗം | 1 | 6 |
| യോഗരത്നപ്രദീപിക | 2 | 4 |
| ആരോഗ്യകല്പദ്രുമം ബാലചികിത്സ | 5 | 4 |
| യോഗരത്നാകരം ൧-ാംഭാഗം | 2 | 4 |
| ,, ൨-ാംഭാഗം | 2 | 4 |
| ,, ൩-ാംഭാഗം | 2 | 4 |
| ,, ൪-ാംഭാഗം | 2 | 4 |
| വൈദ്യസംഗ്രഹം | 1 | 2 |

മാനേജർ, വി. വി. പ്രെസ്സ്, കൊല്ലം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

62 വയസ്സുള്ള ആരുടേയും ജാതകം അറിയുന്നതിനും ഫലങ്ങൾ നിർണ്ണയിക്കുന്നതിനും ഏററവും പററിയ കൊല്ലവർഷം 1061 മുതൽ 1122 വരെയുള്ള

## നൂറു വർഷത്തെ പഞ്ചാംഗം.

വില രൂപാ 12.

## ആരോഗ്യദീപം.

ശരീരവും ആരോഗ്യവും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ക്രൂണിസിസ്സവും, മെസ്മരിസ്വും മററും സംബന്ധിച്ചുള്ള സകല ചികിത്സകളും അടങ്ങിയതു്.

വില രൂ. 4 ണ. 8.

പരസഹായം കൂടാതെ ഇംഗ്ലീഷ് ഭാഷാഭ്യസനത്തിനു് ഏററവും പററിയ

## ഇംഗ്ലീഷ് ശബ്ദോപാദ്ധ്യായൻ.

വില രൂപാ 4.

ഭാഷയിലും സംസ്കൃതത്തിലും ഇപ്പോൾ നടപ്പിലുള്ള വാക്കുകൾ ഉൾപ്പെടുത്തി എഴുതിയിട്ടുള്ള

## വിദ്യാർത്ഥി നിഘണ്ടു.

വില രൂപാ 2. ണ. 4.

ഇ. എം. കോവൂർ അവർകളാൽ വിരചിതമായ.

## ഞാൻ കണ്ട ഈ. വി.

[illegible]ൻ ഈ. വി. കൃഷ്ണപിള്ള അവർകളുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന ഒരു ഉത്തമഗ്രന്ഥം.

വില രൂ. 1 ണ 8.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

DC Library
*00003940*
T61 P18

മഹാകവി

# പള്ളത്തിന്റെ കൃതികൾ



## 2–ാം വാല്യം

V. V. PRESS,
QUILON

Rs. 3

Indic Digital Archive Foundation
gpura.org